
സെപ്റ്റംബർ 2021

Price ₹ 25

# ജീവനും വെളിച്ചവും



# Jubilee Memorial Hospital


## Latin Archdiocese of Trivandrum

### Little Flower College of Nursing




**College Code - JBN.**

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

**ജീവനും വെളിച്ചവും**

**തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം**

2021 സെപ്റ്റംബർ
പുസ്തകം - 45 ലക്കം - 9
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**കവർ ഡിസൈൻ**
വർഗീസ് ജോർജ്

## മുഖവിചാരം

# കോവിഡാനന്തര ലോകം, വെല്ലുവിളികളും പ്രതീക്ഷകളും

അസാധാരണമായ മെയ്‌വഴക്കത്തോടെ കോവിഡാനന്തര ലോകം പുതിയ നോർമ്മലിനെ പൂർണമായും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ജീവനൊപ്പം ജീവിതവും പുതിയ താളത്തിൽ, പുതിയ സാങ്കേതിക സംവിധാനങ്ങളുടെ അകമ്പടിയോടെ, പുതിയ രീതികളവലംബിച്ചുകൊണ്ട് മുന്നോട്ട് ചലിച്ചുതുടങ്ങിയിരിക്കുന്നു. നാടും നഗരവും പള്ളിയും പള്ളിക്കൂടവുമടച്ചിട്ടുകൊണ്ട് നാം നാന്ദികുറിച്ച പോരാട്ടം മൂന്നാം തരംഗമെന്ന ഭയാനകമായ മുന്നറിയിപ്പോടെ മറ്റൊരു കാലഘട്ടത്തിലേക്ക് നീളുമെന്നുറപ്പായിരിക്കുന്നു.

ഒന്നരവർഷക്കാലമായി സ്കൂളുകളിലെത്താതെ അധ്യയനം നടത്തുന്ന 34 ലക്ഷത്തോളം വരുന്ന കേരളത്തിലെ സ്കൂൾ കുട്ടികൾ ഈ പോസ്റ്റ് കോവിഡ് കാലഘട്ടത്തിന്റെ ഏറ്റവും പ്രകടമായ ബൈപ്രോഡക്ടുകളാവും. അവരുടെ സാമൂഹിക ബന്ധങ്ങളും രീതികളും, മാനസ്സികവളർച്ചയും സാങ്കേതികവിദ്യയുടെ ഉപയോഗവും പുതിയ കാലഘട്ടത്തിന്റെ ദിശാസൂചികയാവും. കുട്ടികളിൽ നിന്നാരംഭിച്ച ഈ പരിണാമം വരും തലമുറകളിലേക്ക് പടരുമെന്നതിൽ സംശയമില്ല.

ഒന്നിനുമൊരു തീർച്ചയില്ലാത്ത, മാറിക്കൊണ്ടിരിക്കുന്ന നവലോകത്തിന്റെ ഈ സന്നിഗ്ധാവസ്ഥയിലും മനുഷ്യർക്ക് വേണ്ടത് ആധികാരികതയും സ്ഥിരതയും ക്രമവുമൊക്കെ ആണെന്നതിൽ സംശയമില്ല. ഇന്ത്യയുടെ വടക്കുപടിഞ്ഞാൻ അതിർത്തികൾക്കപ്പുറം അരക്ഷിതമായ അഫ്ഗാനിസ്ഥാനിലെ സ്ത്രീകൾക്കും കുട്ടികൾക്കുമൊക്കെ നഷ്ടപ്പെട്ടുപോകുന്നതും ജീവിതത്തിന്റെ അതേക്രമവും സമാധാനവും സ്വാതന്ത്ര്യവുമൊക്കെ തന്നെയാണ്.

മതത്തിന്റെ പേരിലോ തൊഴിലിന്റെ പേരിലോ ഭാഷയുടെ പേരിലോ സമുദായത്തിന്റെ പേരിലോ ജനത്തിന്റെ സമാധാനവും സുസ്ഥിതിയും നശിപ്പിക്കുന്നതിനെ ഒരിക്കലും നമുക്ക് ദൈവത്തിന്റെ പേരുപറഞ്ഞ് ന്യായീകരിക്കാനാവില്ല. ക്രിസ്തു പറഞ്ഞത് 'ഞാൻ നിങ്ങൾക്ക് സമാധാനം തന്നിട്ട് പോകുന്നു. എന്റെ സമാധാനം നിങ്ങൾക്ക് ഞാൻ നൽകുന്നു. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. നിങ്ങൾ ഭയപ്പെടുകയും വേണ്ട' (യോഹ. 14:27.) കാറ്റുംകോളും നിറഞ്ഞ പ്രക്ഷുപ്ധ കടലിന് മുമ്പിലും ശിഷ്യർക്ക് ആശ്വാസമായത് ക്രിസ്തുവിലുള്ള വിശ്വാസമായിരുന്നു. എല്ലാ പ്രകൃതി ശക്തികളുടെയും മേലുള്ള അവന്റെ അധികാരമായിരുന്നു. അചഞ്ചലമായ വിശ്വാസത്തോടെയും പ്രത്യാശയോടെയും അതോടൊപ്പം ആത്മവിശ്വാസത്തോടെയും പുതിയ കാലത്ത് ജീവിക്കാൻ ഒരുങ്ങാം. മറ്റുള്ളവരെ ഒരുക്കാം.

\- പത്രാധിപർ

# പ്രതികരണങ്ങൾ

## ചെറിയവനെ ഓർത്ത് തുടിക്കുന്ന വലിയ ഹൃദയത്തിന്റെ ഉടമ



■■ നേർക്കാഴ്ച

ജെ. സി.

ഫാദർ സ്റ്റാൻസ്വാമി
നീതിക്ക് വേണ്ടിയുള്ള പോരാട്ടം

'കൂട്ടിലകപ്പെട്ട പക്ഷി പറക്കില്ലായിരിക്കും എന്നാൽ അതിന് പാടാനാവും." മുംബൈയിലെ തലോജ സെൻട്രൽ ജയിലിൽ വിചാരണ തടവുകാരനായി അടയ്ക്കപ്പെട്ടതിന്റെ ആറാം നാൾ ആ എൺപത്തിനാലുകാരൻ എഴുതിയ കത്തിലെ ആകർഷകമായ ഒരു വാചകമാണ് "കൂട്ടിലടയ്ക്കപ്പെട്ട പക്ഷിക്കും പാടാനാകും." എന്നത്. ഈശോസഭ സന്യാസസമൂഹത്തിലെ അംഗമെന്ന നിലയിൽ 64 വർഷം രാജ്യത്തെ അടിച്ചമർത്തപ്പെട്ട ഏറ്റവും ദരിദ്രരായ ആദിവാസി ഗോത്രവർഗക്കാരുടെയും ദലിതരുടെയും മനുഷ്യാവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിച്ച മനുഷ്യസ്നേഹിയായ സ്റ്റാൻസ്വാമിയെ ഭീകരവാദിയും രാജ്യദ്രോഹിയുമായി മുദ്രകുത്തി രോഗാതുരമായ അവസ്ഥയിൽ മഹാമാരിയുടെ സാഹചര്യത്... റാഞ്ചിയിൽ നിന്ന് അറസ്റ്റു ചെയ്ത് മഹാരാഷ്ട്രയിലെ ജയിലിൽ കൊണ്ടു... തുമാസത്തോളം ചികിത്സയും ഇടക്കാല ജാമ്യവും നിഷേധി...

ജയിലിൽ ധീരരക്തസാക്ഷിത്വം വരിച്ച ഫാ. സ്റ്റാൻ സ്വാമിയെക്കുറിച്ചുള്ള ആഗസ്റ്റ് ലക്കത്തിലെ മുഖവിചാരവും നേർക്കാഴ്ചയും വായിച്ചു. ഏറ്റവും ചെറിയവനെ ഓർത്ത് തുടിക്കുന്ന വലിയ ഹൃദയത്തിന്റെ ഉടമയായിരുന്നു ഫാ. സ്റ്റാൻ സ്വാമി. അടിച്ചമർത്തപ്പെട്ടവർക്കുവേണ്ടിയുള്ള ഉജ്ജ്വല പ്രവർത്തനങ്ങൾ ഭരണാധികാരികളെ ചൊടിപ്പിച്ചതാണ് കള്ളക്കേസുകൾ അദ്ദേഹത്തിന്റെ മേൽ ചുമത്താൻ കാരണം.

മതങ്ങൾക്കെതിരെ ഇന്ത്യയിൽ ജനവിരുദ്ധത പെരുകുമ്പോൾ ക്രൈസ്തവർ പൊതുവിഷയങ്ങളിൽ എങ്കിലും ഒരുമിച്ചുനിൽക്കേണ്ടതുണ്ട്. സ്റ്റാൻ സ്വാമിയെ ഭരണകൂടം ചെയ്യാത്ത തെറ്റുകൾ ആരോപിച്ച് ജയിലിൽ അടയ്ക്കുമ്പോൾ സഭയുടെ ഭാഗത്തുനിന്നും വേണ്ടത്ര പ്രതികരണം ഉണ്ടാകാത്തത് ഖേദകരമാണ്. ഭാരതസഭയിലെ മെത്രാൻമാർ എല്ലാവർക്കും ഒരു ദിവസം ഉപവാസ സമരം അനുഷ്ഠിക്കാമായിരുന്നു.

നിർഭാഗ്യവശാൽ മരണത്തിനുശേഷമാണ് സഭ സ്റ്റാൻ സ്വാമി അച്ചനെ കൂടുതൽ ഓർത്തതെന്നുതോന്നുന്നു. ഭിന്നതകൾ വെടിഞ്ഞ് സഭകൾ കാലത്തിനൊത്ത് ക്രിയാത്മകമായി ആത്മാർത്ഥതയോടെ പ്രതികരിക്കുന്നതാണ് ക്രിസ്തുപക്ഷം.

– ജെറാൾഡ് മിരാൻഡ
തോന്നയ്ക്കൽ

## വായനാനുഭൂതി...!

പതിനഞ്ചുമാസങ്ങൾക്കുശേഷം ജീവനും വെളിച്ചവും മാസിക കൈയിൽ കിട്ടിയപ്പോൾ എന്തെന്നില്ലാത്ത സന്തോഷവും സംതൃപ്തിയും തോന്നി. ഇതുവരെ ഓൺലൈനിൽ ജീവനും വെളിച്ചവും വായിക്കുന്നുണ്ടായിരുന്നുവെങ്കിലും അത് അച്ചടി രൂപത്തിൽ വായിക്കാൻ കഴിയുക എന്നത് ഒരു പ്രത്യേക തരം വായനാനുഭൂതിയാണ് നൽകുന്നത്. ലേഖനങ്ങളും മറ്റും ഓൺലൈനിലൂടെ അതും മൊബൈലിൽ വായിക്കുകയെന്നത് ഏറെ ആയാസകരമാണ്. അത്തരം വായനകൾ മനസ്സിൽ അനുഭൂതിയോ ജിജ്ഞാസയോ കൊണ്ടുവരുന്നില്ല. അതിനാൽ ജീവനും വെളിച്ചവും തുടർ മാസങ്ങളിൽ അച്ചടി രൂപത്തിൽ പ്രതീക്ഷിക്കുന്നു.

പുതിയ പത്രാധിപത്യത്തിൽ തുടങ്ങിയതുകൊണ്ടാവാം ജീവനും വെളിച്ചവും ആഗസ്റ്റ് ലക്കത്തിൽ ചില മാറ്റങ്ങൾക്കുള്ള ശ്രമം നടത്തിയതയായി കാണുന്നു. എന്നാൽ ആശയപരമായ ഒരു ഉന്നതി സംഭവിച്ചുകാണുന്നില്ലയെന്നത് നിരാശാജനകമാണ്. ലേഖനങ്ങൾക്ക് ഒരു ആധികാരികതയും, കഥയ്ക്ക് ഒരു പൂർണതയും അനുഭവപ്പെട്ടില്ല. മത്സ്യവ്യാപാരത്തിലേർപ്പെട്ടിരുന്ന സ്ത്രീകൾക്കുനേരെയുണ്ടായ അതിക്രമങ്ങൾക്കെതിരെ നടന്ന പ്രതിഷേധ സമരങ്ങളെ സവിസ്തരം വാർത്തകളിൽ വരച്ചുകാട്ടാൻ 'ജീവനും വെളിച്ച'വും നടത്തിയ ശ്രമത്തെ നമിക്കുന്നു.

– നെൽസൺ, അഞ്ചുതെങ്ങ്




## സ്ത്രീധന നിരോധന നിയമം കർക്കശമാക്കണം

സ്ത്രീധനവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ വായിച്ചു. സ്ത്രീധനത്തിന്റെ പേരിൽ ക്രൂരമായ മരണങ്ങൾ നടക്കുമ്പോൾ മാത്രം ചർച്ചകളും ലേഖനങ്ങളും പ്രതിഷേധങ്ങളും പ്രകടനങ്ങളും കൊണ്ട് നമ്മുടെ സാമൂഹ്യ അന്തരീക്ഷം നിറയും.

സ്വർണക്കട പരസ്യങ്ങളിലെ സർവാഭരണ വിഭൂഷിതയായ പെൺകുട്ടിയെ കണ്ടുകൊണ്ടാണ് സ്ത്രീധന മോഹങ്ങൾ യുവാക്കളിൽ നിറഞ്ഞതെന്ന് തോന്നുന്നു. പുരുഷന്റെ ജോലിയും പദവിയും നോക്കിയാണ് സ്ത്രീധനത്തിന്റെ തൂക്കം നിശ്ചയിക്കുന്നത്.

ആണുങ്ങൾ മാത്രമല്ല, പെൺകുട്ടികൾക്കും വിവാഹത്തിന് വീട്ടിൽ നിന്നും ഉള്ളതൊക്കെ ഒപ്പിക്കാനുള്ള മിടുക്ക് വളരെ കൂടുതലാണ്. മകന് ഇഷ്ടംപോലെ സ്ത്രീധനം ചോദിക്കാൻ ആണുങ്ങളെ പ്രേരിപ്പിക്കുന്നത് പലപ്പോഴും ചെറുക്കന്റെ അമ്മയാണെന്നതും വിരോധാഭാസം തന്നെ! സ്ത്രീധന നിരോധന നിയമം കർക്കശമായി നടപ്പിലാക്കിയാൽ മതി.

വിജയമ്മ
പാളയം

# താളുകളിൽ


**ഓൺലൈൻ വിദ്യാഭ്യാസം പ്രശ്നങ്ങളും പരിഹാരങ്ങളും** 6
ബെർണാഡ് മൊറൈസ്

**കവിത: കരുതിയിരിക്കുക** 11
ഡി. അനിൽകുമാർ

**തീവ്രവാദം അമേരിക്കവഴി അഫ്ഗാനിലെത്തുമ്പോൾ** 12
അഡ്വ. എം. എ. ഫ്രാൻസിസ്

**വി. മദർ തെരേസ** 16
ഫാ. ഇമ്മാനുവേൽ

**തുടർമഴ: ഉന്മാദികൾ** 18
ഫാ. ലെനിൻ ഫെർണാണ്ടസ്

**തിരിച്ചറിവ് : പങ്കാളി** 21
ഡോ. എ.ആർ. ജോൺ

**വർത്തമാനം** 24
അഗസ്റ്റിൻ കണിപ്പിള്ളി

**വാർത്തകൾ** 26

**നീർച്ചാലുകൾ** 30

**വചനജ്വാല** 37

**സിനിമാ അവലോകനം** 39
ഫാ. സുധീഷ് എ. ദാസ്

**പുസ്തകപരിചയം** 41
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

**നേർക്കാഴ്ച** 42
ജെ.സി.










ഫീച്ചർ

ബെർണാഡ് മൊറൈസ്



# ഓൺലൈൻ വിദ്യാഭ്യാസം പ്രശ്നങ്ങളും പരിഹാരങ്ങളും

പല രാജ്യങ്ങളിലെയും പോലെ, കോവിഡ് 19 നെതിരായ പോരാട്ടം നാം തുടരുകയാണ്. സ്കൂളുകൾ അടച്ചുപൂട്ടി, പഠനം ഓൺലൈനിൽ നടക്കുന്നു. മെറ്റീരിയലിന്റെ അളവ്, ഓൺലൈൻ വിലയിരുത്തൽ, നിയുക്ത ജോലികൾക്കുള്ള ശരിയായ നിർദ്ദേശങ്ങളുടെ അഭാവം എന്നിവ ഈ പകർച്ചവ്യാധിയുടെ സമയത്ത് നമ്മൾ അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങൾ മാത്രമാണ്. പ്രീ സ്കൂൾ, പ്രാഥമിക സ്കൂൾ വിദ്യാർത്ഥികൾക്ക് വീഡിയോ പാഠങ്ങൾ, വിവിധ മെറ്റീരിയലുകൾ, ഗെയിമുകൾ എന്നിവയിലൂടെ വിദ്യാഭ്യാസം തുടരാനാകുന്നു.. കൂടാതെ, കൈറ്റ് വിക്ടേഴ്സ് ചാനലിൽ ഫസ്റ്റ് ബെൽ 2.0 എന്ന വിദ്യാഭ്യാസ പരിപാടി പ്രക്ഷേപണം ചെയ്യുന്നു. പ്രൈമറി, സെക്കൻഡറി സ്കൂളുകളും ഗുഗിൾ മീറ്റ് (Google meet ), ഗുഗിൾ ക്ലാസ് റൂം (Google class room), സൂം ക്ലൗഡ് മീറ്റിങ്ങ് (Zoom cloud Meeting), സിസ്കോ വെബെക്സ് (Cisco Webex meeting), ടീച്ച്മിന്റ് (Teachmint) മുതലായ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ ഓൺലൈൻ അധ്യാപനം ഫലപ്രദമായി നടന്നു വരുന്നു. പക്ഷേ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ ആവശ്യമായ വിഭവങ്ങൾ ഉണ്ടോ, അത്തരം സാഹചര്യങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെക്കുറിച്ച് നമുക്ക് യഥാർത്ഥത്തിൽ എന്താണ് പറയാൻ കഴിയുക? അവയെപ്പറ്റി വിശദമായി വിലയിരുത്തുന്നു.

## വിദ്യാർത്ഥികളുടെ കാഴ്ചപ്പാട്

ഓൺലൈൻ ക്ലാസുകളുടെ ദൈർഘ്യം കാരണം വീട്ടിൽ നിന്നും പുറത്തു പോകാൻ പോലും സാധിക്കുന്നില്ല. ചില വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകൾ നിരീക്ഷിക്കാൻ ഉചിതമായ ഉപകരണങ്ങൾ പോലുമില്ല, അതായത് അവർക്ക് കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, ക്യാമറകൾ, മൊബൈൽ ഫോണുകൾ, ടാബുകൾ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ ഇല്ല. വിദ്യാർത്ഥിക്ക് ഇന്റർനെറ്റ് കണക്ഷൻ നഷ്ടപ്പെട്ടേക്കാം. നിർഭാഗ്യവശാൽ, അങ്ങനെ സംഭവിക്കുകയാണെങ്കിൽ, കണക്ഷൻ നഷ്ടപ്പെടുന്നതിന് മുമ്പ് സിസ്റ്റത്തിൽ ഉണ്ടായിരുന്ന ചോദ്യങ്ങളുടെ എണ്ണമനുസരിച്ച് വിദ്യാർത്ഥിക്ക് ഗ്രേഡ് ലഭിക്കും. ഓൺലൈൻ അധ്യാപനത്തിന്റെ ഫലമായി വിദ്യാർത്ഥികൾ സ്വ

ന്തം സമയം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും അഭിമുഖീകരിക്കുന്നു.

## മാതാപിതാക്കളുടെ കാഴ്ചപ്പാട്

ഈ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ മിക്കപ്പോഴും തങ്ങളുടെ കുട്ടികളെ പ്ലാറ്റ്ഫോമുകളിൽ എത്തിക്കാനും ഗൃഹപാഠം ചെയ്യാനും അധ്യാപന സാമഗ്രികൾ വിശദീകരിക്കാനും സഹായിക്കുന്നതിൽ കൂടുതൽ സമയം ചെലവഴിക്കേണ്ടിവരും. വീട്ടിൽ നിന്ന് ജോലി ചെയ്യുന്ന മാതാപിതാക്കൾക്ക് ഇതിന് കഴിഞ്ഞേക്കും. എന്നാൽ മാതാപിതാക്കൾ ജോലിക്ക് പോകുന്ന കുട്ടികളുടെ കാര്യമോ? ഈ മാതാപിതാക്കൾ കുട്ടികളെ എങ്ങനെ സഹായിക്കും? അത്തരം ഓൺലൈൻ അധ്യാപനത്തിലൂടെ, അവർ കൂടുതൽ സമയം, ഏകാഗ്രത, ശ്രദ്ധ എന്നിവ കണ്ടെത്തേണ്ടതുണ്ട്. വിവരസാങ്കേതികവിദ്യയെക്കുറിച്ച് അറിവില്ലാത്ത മാതാപിതാക്കൾ വലിയ പ്രശ്നങ്ങൾ നേരിടുന്നു, ബന്ധുക്കൾ, സുഹൃത്തുക്കൾ, സഹ




**മേരി മെറീന റോബി**
ഹെഡ് മിസ്ട്രസ്
പള്ളിത്തുറ എച്ച്.എസ്.എസ്.


## ഓൺലൈൻ പഠനം ഒരുക്കുന്ന മികച്ച സാധ്യതകൾ

ഡിജിറ്റൽ സ്കൂളിംഗ്, സ്മാർട്ട് സ്കൂൾ തുടങ്ങിയ പദങ്ങൾ കേരളീയർക്ക് ഇന്ന് സുപരിചിതമാണ്. സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് സർക്കാർ നൽകുന്ന സാങ്കേതിക വിദ്യകൾക്കു ലഭിക്കുന്ന പൊതുജന സ്വീകാര്യത വളരെ വലുതാണ്. എങ്കിലും കേരളത്തിൽ ഏകദേശം 56 ശതമാനം ആളുകൾക്ക് മാത്രമാണ് ഇന്റർനെറ്റ് ലഭ്യതയുള്ളത്. അതുകൊണ്ടു തന്നെ സാങ്കേതിക വിദ്യ പ്രാപ്യമായവരും പ്രാപ്യമല്ലാത്തവരും തമ്മിലുള്ള അന്തരം ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം നേരിടുന്ന വലിയൊരു പ്രശ്നമാണ്.

ഇന്റർനെറ്റിന്റെ കാലമായതിനാൽ online വിദ്യാഭ്യാസത്തിലൂടെ എല്ലാപേർക്കും ഇതിൽ പ്രാവീണ്യം നേടാനായി. കുട്ടികൾക്ക് മികച്ച അവസരമാണ് ഇതിലൂടെ ഒരുക്കികൊടുത്തതെന്നു അഭിപ്രായപ്പെടുന്ന രക്ഷിതാക്കളുമുണ്ട്.

എല്ലാ വിദ്യാർത്ഥികൾക്കും ഒരു ഫോണെങ്കിലും വീട്ടിലുള്ള അവസ്ഥയാണുള്ളതെങ്കിലും വീട്ടിലെ സാമ്പത്തിക സ്ഥിതി കാരണം രണ്ടു മൂന്നു കുട്ടികളുള്ള വീടുകളിൽ ക്ലാസ് കാണാൻ പര്യാപ്തമായ ഡാറ്റ ലഭ്യമാക്കികൊടുക്കാൻ മാതാപിതാക്കൾക്ക് കഴിയാതെ വരുന്നു. ജോലിക്കു പോകുന്ന അച്ഛനും അമ്മയും ഫോൺ പലപ്പോഴും കൂടെ കൊണ്ടുപോകുന്നത് കുട്ടികൾ നേരിടുന്ന ഒരു വെല്ലുവിളിയാണ്. ഉൾപ്രദേശങ്ങളിൽ നെറ്റവർക്ക് ലഭിക്കാത്ത കുട്ടികളുമുണ്ട്.




**ശ്യാം ശ്രീനിവാസ്**
അധ്യാപകൻ,ജവഹർ നവോദയ വിദ്യാലയം
അലഹബാദ്, ഉത്തർപ്രദേശ്


## ഓൺലൈൻ പഠനം, നവോദയ വിദ്യാലയങ്ങളിൽ

ഇന്ത്യയിലെ ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പലതുകൊണ്ടും വ്യത്യസ്തമായ ഒരു വിദ്യാലയമാണ് ജവഹർ നവോദയ വിദ്യാലയം. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കീഴിലുള്ള നവോദയ വിദ്യാലയങ്ങൾ, ഇന്ത്യയിലെ ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് ഉന്നത ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിനു വേണ്ടി വിഭാവനം ചെയ്ത് രൂപീകൃതമായതാണ്. ആറാം ക്ലാസു മുതൽ പന്ത്രണ്ടാം ക്ലാസുവരെ തീർത്തും സൗജന്യമായ വിദ്യാഭ്യാസം നൽകി വരുന്ന, റസിഡൻഷ്യൽ വിദ്യാലയങ്ങൾ കൂടിയായ നവോദയ, തമിഴ്നാട്ടിൽ ഒഴികെ ഇന്ത്യയിലെ ഓരോ ജില്ലയിലും ഉണ്ട്. വിദ്യാലയത്തിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ടൈംടേബിൾ പ്രകാരം സ്ക്കൂളിൽ വെച്ചു തന്നെയാണ് ക്ലാസുകൾ എടുക്കുന്നതും. ഇതു കൂടാതെ പഠിതാവിന്റെ ബുദ്ധിമുട്ടുകൾ കുടുംബ / വ്യക്തിപരമായുള്ള പ്രശ്നങ്ങളും, സാങ്കേതിക പ്രശ്നങ്ങളും മനസിലാക്കി പഠന സമയവും സ്ഥാനവും പഠിതാക്കൾ തന്നെ തീരുമാനിച്ച് അതിനനുസരിച്ചുള്ള (Flexible Learning System) അധ്യയന സമീപനവും, ഏതു സമയവും വിദ്യാർത്ഥികൾക്ക് അധ്യാപകരെ ബന്ധപ്പെടാനുള്ള സൗകര്യവും (Open Learning System) നവോദയ വിദ്യാലയങ്ങളിലുണ്ട്. മൈക്രോസോഫ്റ്റ് ടീംസ്, ഗൂഗിൾ മീറ്റ്, സൂം എന്നീ സോഫ്റ്റ് വെയറുകളും, വാട്സാപ്പ് പോലുള്ള സാമൂഹ്യ മാധ്യമങ്ങളും ഇതിനായി പ്രയോജനപ്പെടുത്തുന്നു.

കേരളത്തിലെ സാമൂഹിക സാംസ്ക്കാരിക സാഹചര്യങ്ങളിൽ നിന്നും വളരെ വ്യത്യസ്തമാണ് ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ അവസ്ഥ. ഓൺലൈൻ വിദ്യാഭ്യാസത്തിനു അവശ്യം വേണ്ട ശക്തമായ നെറ്റ്വർക്ക് പോലും ലഭ്യമല്ലാത്ത അനേകം ഗ്രാമങ്ങളും, വീട്ടിൽ കഷ്ടി ഒരു മൊബൈൽ മാത്രമുള്ള വിദ്യാർത്ഥികളും ഇവിടെ ധാരാളമുണ്ട്. ഇത്തരം പ്രശ്നങ്ങൾ കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു. വീട്ടിലിരുന്നു കൊണ്ടുള്ള പഠനത്തിൽ ഏകാഗ്രത കൈവരിക്കാനാകുന്നില്ലെന്നും പഠനം കാര്യക്ഷമമായി മുന്നോട്ടു പോകുന്നില്ലെന്നും ചില കുട്ടികൾ ആശങ്കപ്പെടുന്നുണ്ട്.






**വർഗീസ് ജോർജ്**
ചിത്രകലാ അധ്യാപകൻ
വിദ്യാസദൻ സെൻട്രൽ സ്കൂൾ
മര്യനാട്, തിരുവനന്തപുരം


## ഓൺലൈനിൽ ചിത്രകലാവിദ്യാഭ്യാസം

കുട്ടികളുടെ മൊബൈൽ ഉപയോഗത്തെക്കുറിച്ചുള്ള വസ്തുതകൾ വളരെ പ്രധാനമാണ്. മൊബൈൽ, ടാബ്, ലാപ് ടോപ്പ്, കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങളുടെ ലൈറ്റും അവയുടെ റേഡിയേഷനും പൊതുവിൽ തലച്ചോറിനേയും അതിന്റെ ഓർമ ശക്തിയേയും കാര്യമായി ബാധിക്കും എന്നുള്ളതാണ് '

കുട്ടികൾക്ക് വിവിധ ചിത്രകലാ സങ്കേതങ്ങളും അവയുടെ ചിത്ര സാധ്യതകൾ ഉൾപ്പെടെ വിശദമായ പഠനസാധ്യത ഓൺലൈനിൽ വിശദമാക്കാൻ കഴിയുന്ന വസ്തുതയാണ് എന്നിരിക്കിലും അതിനപ്പുറത്തേക്കുള്ള കണ്ടുമനസ്സിലാക്കേണ്ടതായ പ്രായോഗിക പരിജ്ഞാനം എത്രത്തോളം കൊടുക്കൻ കഴിയുക എന്നുള്ളത് നമ്മൾ ആലോചിക്കേണ്ട വിഷയമാണ്.

ഒരു ചിത്രകലാ അധ്യാപകൻ എന്ന നിലയിൽ ഇതിൽ ഉണ്ടായേക്കാവുന്ന ഒരു വിഷയം ചിത്രകലയിൽ ഒരു വിദ്യാർത്ഥിക്ക് പെൻസിലിന്റെ, ബ്രഷിന്റെ ഉപയോഗം പ്രതലത്തിൽ പ്രയോഗിക്കേണ്ട സമ്മർദ്ദം എന്നിവ നാം പഠന വിധേയമാക്കുമ്പോൾ വിവിധ പ്രതലങ്ങളിൽ പ്രകടമാകുന്ന വ്യത്യാസങ്ങൾക്കായി എന്താണ് ചെയ്യേണ്ടത് എന്ന് നമുക്ക് ഓൺ ലൈനിലൂടെ പറഞ്ഞു കൊടുക്കുന്നതിനേക്കാളും നേരിട്ട് മനസ്സിലാക്കുന്നതാകും കൂടുതൽ ശരി.

പ്രവർത്തകർ മുതലായവരിൽ നിന്ന് സഹായം തേടേണ്ടി വരുന്നു.

## അധ്യാപകരുടെ കാഴ്ചപ്പാട്

ഈ വലിയ ചിത്രത്തിൽ, ഒരുപക്ഷേ ഏറ്റവും വലിയ ഭാരം അധ്യാപകർക്കാണ്. ശരിയായ പിന്തുണയില്ലാത്ത ഒരു സാഹചര്യത്തിലാണ് അവർ സ്വയം മാതൃകകൾ കണ്ടെത്തുന്നത്. സ്ഥാപനങ്ങൾ ചുമത്തുന്ന മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും സാഹചര്യത്തെ ഫലപ്രദമായി നേരിടാൻ പര്യാപ്തമല്ല. ടെസ്റ്റുകളും ചോദ്യാവലികളും ഉൾപ്പെടുന്ന നിലവിലുള്ള വിലയിരുത്തൽ മാനദണ്ഡങ്ങൾ ഡിജിറ്റൽ




**മാർട്ടിൻ എസ് ടി**
ഹെഡ്മാസ്റ്റർ
സെന്റ് ജോസഫ്സ് എൽ പി സ്കൂൾ
അടിമലത്തുറ


## പ്രൈമറിതല ഓൺലൈൻ പഠനം

കോവിഡ് കാലത്ത് നാം ആവിഷ്കരിച്ച വിദ്യാഭ്യാസം കുട്ടികളിൽ പഠന തുടർച്ചയ്ക്ക് വഴിയൊരുക്കുന്നുണ്ട്. വീടൊരു വിദ്യാലയമായതിലൂടെ അറിവ് സമൂഹത്തിലും നിറയുന്നു. അധ്യാപകർ നേരിട്ട് പകർന്നു നല്കുന്ന വിദ്യ കുട്ടികളിൽ എത്തിച്ചേരാൻ പുതിയ ഓൺലൈൻ സമ്പ്രദായം സഹായകമാകുന്നില്ല.

നമ്മുടെ സ്കൂളിൽ പ്രൈമറി തലത്തിലെ വിദ്യാർത്ഥികളായതിനാൽ രക്ഷാകർത്താക്കളുടെ സഹായം അവർക്ക് കൂടിയേ തീരു . എന്നാൽ രക്ഷാകർത്താക്കളാകട്ടെ അവരുടെ ഉപജീവനമാർഗം ഇതോടൊപ്പം കണ്ടെത്തേണ്ടതായിട്ടുണ്ട്.

അതിനാൽ കുട്ടികളുടെ പ്രതികരണങ്ങൾ കൃത്യസമയത്ത് ലഭിക്കാറില്ല. എന്നിരുന്നാലും പകുതിയിലേറെപ്പേർ പ്രവർത്തനങ്ങൾ ഏ

റ്റെടുത്ത് നല്ല രീതിയിൽ പ്രതികരിക്കാറുണ്ട്.

മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് ഏറ്റവും മികച്ച രീതിയിലുള്ള പ്രകടനം കാഴ്ചവയ്ക്കാൻ തങ്ങളെക്കൊണ്ട് ആകുന്ന സഹായങ്ങൾ ചെയ്യുന്നുണ്ട്.

നിരന്തരമായി കുട്ടികളിൽ കണ്ടുവരുന്ന മൊബൈൽ ഗെയിം അതുമായി ബന്ധപ്പെട്ട മറ്റ് ആക്ടിവിറ്റികൾ ഇവയൊക്കെ കുട്ടികളിൽ മാനസിക സംഘർഷം സൃഷ്ടിക്കുന്നുണ്ട്.

രീതിക്ക് അനുയോജ്യമല്ല. വിദ്യാർത്ഥികളുടെ നിയുക്ത ഗൃഹപാഠം സ്വതന്ത്രമായി എഴുതിയിട്ടുണ്ടോ എന്ന് ഒരു അദ്ധ്യാപകനും ഉറപ്പിച്ചു പറയാൻ കഴിയില്ല, കൂടാതെ ഓരോ വിദ്യാർത്ഥിക്കും പ്രത്യേക ഗൃഹപാഠം നൽകുന്നത് ഒരു അമിതഭാരവും ബുദ്ധിമുട്ടും ആണ്.

## അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

വിദ്യാഭ്യാസശാസ്ത്ര മന്ത്രാലയവും വിദ്യാഭ്യാസ വികസന ബ്യൂറോയും ചേർന്ന് ഒരു പ്രത്യേക പാഠ്യപദ്ധതിയോടുകൂടി നന്നായി രൂപകൽപ്പന ചെയ്ത ഒരു പുതിയ പ്ലാറ്റ്ഫോം (ഫലപ്രദമായ മൂല്യനിർണയത്തിനുള്ള ഉപാധിയോട് കൂടിയത്) കണ്ടെത്തുക.

നിർധനരായ കുടുംബങ്ങൾക്ക് അവരുടെ കുട്ടികളെ ഓൺലൈനിൽ പഠിക്കാൻ സഹായിക്കുന്ന ഉപകരണങ്ങളും വൈദഗ്ധ്യങ്ങളും നേടാനുള്ള മാർഗ്ഗങ്ങൾക്കായി സർക്കാർ, സന്നദ്ധ സംഘടനകൾ എന്നിവരുടെ പിന്തുണയോടുകൂടി പദ്ധതികൾ ആവിഷ്കരിക്കുക.

വിദ്യാർത്ഥികളും യുവാക്കളും കൂടിയാലോചിക്കണം. വിദ്യാഭ്യാസവിചക്ഷണർ, രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ, രക്ഷാകർത്തൃ പ്രതിനിധികൾ, മതമേലധ്യക്ഷന്മാർ എന്നിവരും കൂടിയാലോചനകളിൽ പങ്കെടുക്കണം. ഭാവി തീരുമാനങ്ങൾ കുട്ടികളുടെ വികാരങ്ങളും അവരുടെ കാഴ്ചപ്പാടുകളും അവരുടെ അവസ്ഥകളും ആവശ്യങ്ങളും കണക്കിലെടുത്തു



**അമൽ പയസ് ഡിക്രൂസ്**
ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്
ജോർജിയൻ കോളേജ്
ഒന്റാറിയോ, കാനഡ.

## ഓൺലൈൻ പഠനം അനന്ത സാധ്യതകൾ

ഒരു അന്തർദ്ദേശീയ വിദ്യാർത്ഥി എന്ന നിലയിൽ ഇപ്പോഴത്തെ സ്ഥിതി വിശേഷം ഒരു ബുദ്ധിമുട്ടായി തോന്നിയിട്ടില്ല. കാരണം കോഴ്സിന്റെ സുപ്രധാന ഘട്ടത്തിൽ ഓൺലൈൻ വഴിയായി എനിക്ക് ക്ലാസുകൾ കിട്ടി. നാട്ടിൽ ഇരുന്നു കൊണ്ടു തന്നെ.

നേരിട്ട് ക്ലാസ്സ് റൂമിലിരുന്നു കൊണ്ട് അധ്യാപകരിൽ നിന്നും നേരിട്ട് ക്ലാസുകൾ അനുഭവിക്കുക എന്നുള്ള സ്വപ്നം ഏതൊരു വിദ്യാർത്ഥിയുടെയും ആഗ്രഹമാണ്. അതിനു സാധിക്കുന്നില്ല എന്നുള്ളത് ഒരു പോരായ്മ തന്നെ.

ഓൺലൈൻ സംവിധാനമായതു കൊണ്ടും അതിന് ക്ലാസ് റൂം അനുഭവം കിട്ടുകയില്ല എന്നുള്ളതു കൊണ്ടു കൂടിയാകണം സാമാന്യം ഭേദപ്പെട്ട സ്കോർ എല്ലാവർക്കും കിട്ടുന്നുണ്ട്. പ്രത്യേകിച്ച് ക്ലാസ്സുകൾ മടുപ്പ് തോന്നിയിട്ടില്ല എന്നതാണ് സത്യം. പിന്നെ കൂടുതൽ സമയം മൊബൈലിലും ലാപ് ടോപ്പിലും ചെലവഴിക്കുന്നതിന്റെ ഒരു പ്രശ്നമുള്ളത് പറയാതെ വയ്യ.

തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കപ്പെട്ട അനുഭവമാണ് ഇവിടെ ഉണ്ടായത്. പഠനത്തിനും ഫീസടയ്ക്കാനുമൊക്കെ പണം കണ്ടെത്താൻ പാർട്ട് ടൈം ജോലി ചെയ്താലേ പറ്റൂ. ഫീസ് പോലുള്ള ചെലവുകൾക്ക് ഒരു കുറവും വരുത്തിയിട്ടില്ല എന്നുള്ളത് ശ്രദ്ധേയം.



**മില്ലറ്റ് സിമി**
ക്രെയ്ഗ് മില്ലറ്റ്, എയ്ഡൻ മില്ലറ്റ്
എസ്.എസ്.ഓർസോലൈൻ
ഡി ഗുവാഡിനോ റോമ 251.

## ഇറ്റലിയിലെ അവസ്ഥ

കോവിഡ് 19 വന്നതിനു ശേഷം മാതാപിതാക്കൾക്ക് ഏറെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പതിനാലും എഴും' വയസുള്ള രണ്ട് കുട്ടികളുടെ പിതാവ് എന്ന നിലയിൽ ഞാനും പല ബുദ്ധിമുട്ടുകളിലുടെയും കടന്നുപോയിട്ടുണ്ട്. ഒന്നാമത്തെ കാര്യം തൊഴിലുമായി ബന്ധപ്പെട്ട കാര്യങ്ങൾ തന്നെയാണ് . കുട്ടികളെ ഈ ഒരു സാഹചര്യത്തിൽ ആരെ ഏൽപിക്കും എന്നുള്ളത് ഒരു വലിയ പ്രശ്നമായിരുന്നു. അവരുടെ മുത്തശ്ശൻമാരെയും മുത്തശ്ശിമാരെയും ഏൽപ്പിക്കാൻ പാടില്ല എന്നുള്ള ഒരു അവസ്ഥയും ഇറ്റലിയിൽ നിലനിന്നിരുന്നു. കഴിഞ്ഞ സെപ്റ്റംബർ മുതൽ ഇവിടെ സ്കൂളുകൾ തുറന്നിരുന്നു. എല്ലാവർക്കും അല്ല, ഹൈസ്കൂളുകൾ പ്രവർത്തിച്ചിരുന്നത് മാസത്തിലൊരിക്കൽ അല്ലെങ്കിൽ രണ്ടു തവണ ഒക്കെയായിരുന്നു. മറ്റൊരു കാര്യം സൈക്കോളജിക്കൽ ആയി കുട്ടികൾ വളരെയേറെ ബുദ്ധിമുട്ടുന്ന ഒരു സാഹചര്യമാണ്. ചില കുട്ടികൾ തങ്ങളുടെ സുഹൃത്തുക്കളെ കാണാതായപ്പോൾ പ്രഷർ അനുഭവിച്ചിരുന്നു കൂട്ടുകാരെ കാണാനായി കുട്ടികൾ പുറപ്പെട്ടു പോയ സംഭവങ്ങൾ വരെ ഇറ്റലിയിൽ ഉണ്ടായിട്ടുണ്ട്.. മാനസികമായ പിരിമുറുക്കങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കാൻ മതാപിതാക്കൾ കളിക്കൂട്ടുകാരായി മാറുകയെന്ന മുദ്രാവാക്യങ്ങളാണ് ഇവിടെ മുഴങ്ങിക്കൊണ്ടിരിക്കുന്നത്.






**ഗീതാ നായർ**
സീനിയർ ലക്ചറർ
ഡയറ്റ്, തിരുവനന്തപുരം ജില്ല


# കോവിഡ് 19 നല്കിയ സാധ്യതകൾ

ഒട്ടേറെ പ്രതിസന്ധികളാണ് കോവിഡ് 19 നമ്മുടെ മുന്നിൽ കൊണ്ടുവന്നത് എങ്കിലും ഏതു പ്രതിസന്ധി ഘട്ടത്തിലും ഇവയൊക്കെ എങ്ങനെ തരണം ചെയ്യാം എന്ന് കൂടിയുള്ള ചില പാഠങ്ങൾ പഠിപ്പിച്ചു എന്നുള്ളതാണ് ഇതിന്റെ ഒരു പ്രത്യേകത. ഒരുപക്ഷേ പ്രശ്നങ്ങളേക്കാൾ ഏറെ സാധ്യതകൾ കണ്ടെത്താൻ ഇക്കാലം നമ്മെ ശക്തമാക്കി.

സാങ്കേതിക വിദ്യകളുടെ ഉപയോഗം ഏതു രൂപത്തിൽ സാധ്യമാക്കാം എന്ന് നമ്മൾ ചിന്തിച്ചു തുടങ്ങിയ കാലഘട്ടം കൂടിയാണിത്. നാം നവമാധ്യമങ്ങൾ, അതായത് വാട്ട്സ് ആപ് , ഫെയ്സ്ബുക്ക് തുടങ്ങിയവ ഉപയോഗിച്ചിരുന്നത് ഒരു ഉല്ലാസത്തിന് വേണ്ടിയായിരുന്നു.

അവയൊക്കെ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ നമുക്ക്കഴിഞ്ഞു എന്നുള്ളത് ഏറ്റവും വലിയ കാര്യമാണ്. നമ്മൾ സാധാരണയായി ഉപയോഗിക്കുന്ന വാട്സ്ആപ്പ് ഫേസ്ബുക്ക് പോലെയുള്ള സാമൂഹ്യ മാധ്യമങ്ങളെ വിദ്യാഭ്യാസത്തിനു പ്രയോജനപ്പെടുത്തുന്നതിൽ നമ്മൾ വിജയിക്കുകയും ചെയ്തു. പക്ഷേ കുട്ടികൾ നമ്മുടെ മുന്നിൽ വന്നാൽ മാത്രം അവർക്ക് വിദ്യാഭ്യാസം അല്ലെങ്കിൽ പഠനം സാധ്യമാകും എന്നുള്ള ഒരു അവസ്ഥയിൽനിന്ന് കുട്ടി എവിടെയാണെങ്കിലും ഏത് സാഹചര്യത്തിലും നിൽക്കുമ്പോഴും അവിടെ വിദ്യാലയ അന്തരീക്ഷം ഉണ്ടാക്കിക്കൊണ്ട് കുട്ടിക്ക് പഠനം സാധ്യമാകുമെന്ന് ഈ കാലഘട്ടം നമ്മെ ബോധ്യപ്പെടുത്തി. കുട്ടിയുടെ വീട് അന്തരീക്ഷം വിദ്യാലയ അന്തരീക്ഷം ആക്കി മാറ്റാൻ കഴിഞ്ഞു എന്നുള്ളത് വലിയ നേട്ടമായി തന്നെ കാണാം ഓരോ കുട്ടിക്കും അനുഭവവേദ്യമാകുന്ന രീതിയിൽ പാഠഭാഗങ്ങൾ പഠനനേട്ടങ്ങൾ ഒക്കെ ഉള്ള സാഹചര്യം സൃഷ്ടിക്കാൻ നമുക്ക് കഴിഞ്ഞു എന്നുള്ളത് ഇതിന്റെ ഒരു വലിയ നേട്ടമായി തന്നെ നമുക്ക് കാണാൻ കഴിയും. അല്ലെങ്കിൽ അവയൊക്കെ പ്രയോജനപ്പെടുത്താൻ നമ്മുടെ അധ്യാപക സമൂഹത്തിന് കഴിഞ്ഞു എന്നുള്ളതാണ്. കുട്ടികളും മാതാപിതാക്കളും ചേർന്ന് വീട്ടിൽ ലാബുകൾ ഒരുക്കി എന്നത് എടുത്തുപറയാവുന്ന ഒരു കാര്യമാണ്. വീട്ടിൽതന്നെ ഗണിത ലാബ് ഉപകരണങ്ങൾ രൂപപ്പെടുത്തിയെടുക്കാൻ, കൈയിലൊതുങ്ങുന്ന രീതിയിൽ മൈക്രോസ്കോപ്പ് വരെ രൂപപ്പെടുത്തി കുട്ടികൾക്ക് പഠനം അനുഭവമാക്കി മാറ്റാൻ നമ്മുടെ വിദ്യാലയങ്ങൾ മുൻകൈയെടുത്തു . സാങ്കേതികവിദ്യ നമ്മൾ അത്തരത്തിൽ പ്രയോജനപ്പെടുത്തി എന്നതും ഒരു നേട്ടമായി കാണാം.

കൊണ്ടാവണം നൂതന വിദ്യാഭ്യാസ രീതി ആവിഷ്ക്കരിക്കേണ്ടത്. വിദ്യാർത്ഥികൾക്ക് ചോദ്യങ്ങളുണ്ടാകുമ്പോൾ അല്ലെങ്കിൽ അവർക്ക് അഭിപ്രായമോ അഭ്യർത്ഥനയോ ഉണ്ടാകുമ്പോൾ അത് കേൾക്കാൻ കൂട്ടാക്കാതിരിക്കുകയോ വിവേചനപരമായോ പെരുമാറാൻ പാടില്ല. ആ രീതിയിൽ പ്രശ്നത്തിന് പരിഹാരം നിർദ്ദേശിക്കാൻ നമുക്ക് കഴിയണം.

വിദ്യാർത്ഥികളെ ഉത്തര സൂചികയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നത് ഒഴിവാക്കണം. പകരം വിവരണാത്മകമായ ശൈലിയിൽ അഭിമുഖങ്ങളിലൂടെയാവണം വിലയിരുത്തേണ്ടത്. ■



കവിത

ഡി. അനിൽകുമാർ

# കരുതിയിരിക്കുക

അടിച്ചോടിച്ചവരെവിടെ ?
ഇവിടെയുണ്ടായിരുന്നവർ
വാക്കുപോലെ പരുത്തവർ
നോക്കിലെന്നും കറുത്തവർ
ചുണ്ണാമ്പ് കറയും
അഴിഞ്ഞഴിഞ്ഞു വീഴുന്ന
ആകാശനീല
കൈലിയുമുടുത്തവർ

ലാത്തി കണ്ട് വിരണ്ടോ ?
ബൂട്ട്സൊച്ച കേട്ട് വിറച്ചോ ?
തെറിയിൽ തെറിച്ചോ ?
ഓടിപ്പോയോ ?

കൂടപ്പിറപ്പുകൾ മുന്നോർക്കൾ
മുങ്ങാങ്കുഴിയിട്ട് മൂച്ചുമുട്ടി
മുത്തും പവിഴവും അള്ളി വന്നു
ശ്രാപ്പിറകും ശംഖും
അരചന് നികുതിയായി നൽകി
പെറംകടലിൽ വെള്ളപ്പേമാരി കണ്ട്
കരവരെ നീന്തി തൂത് നൽകി
സാമൂതിരിയ്ക്കും മാർത്താണ്ഡനും
നങ്കൂരമിട്ട ദൊരമാർക്കും
അറിയാം അവർതൻ വീരം

എന്നിട്ടുമടി കൊണ്ട് നടുപൊള്ളി
പണ്ഡിറ്റ് കറുപ്പനെയും പുറന്തള്ളി

മുട്ടിപുല്ലു കുരുപ്പിച്ച
അയ്യങ്കാളി ചൊൽ കേട്ട്
വയലുഴുതവരെ
വലവീശുകാരാക്കി മാറ്റി

ഇടനാട്ടിൽ വള്ളം തുഴഞ്ഞുപോയി
മരണത്തിൽ നിന്ന് കരകയറ്റി
കേരളസൈന്യമായി

ഇപ്പോൾ
ഭരണകൂടമിടിഞ്ഞു ചാകാറുമായി

നിങ്ങൾ വിരട്ടിയോടിച്ചവരെവിടെ ?
അവർ വരുന്നുണ്ട്
രാക്കടലിൻ ചെത്തവുമായി
ഇരുട്ട് തുളച്ചേറും
പാട്ടവിളക്കിൻ വെട്ടവുമായി
ഒരു നുള്ള് ഉപ്പായി
വരുന്നുണ്ട് വരുന്നുണ്ട്..
കരുതിയിരിക്കു



*(കേരള സാഹിത്യ അക്കാദമി 'കനകശ്രീ' പുരസ്കാരം നേടിയ ഡി.അനിൽകുമാർ വിഴിഞ്ഞം സ്വദേശിയാണ്)*



ലേഖനം

അഡ്വ. എം.എ. ഫ്രാൻസിസ്



# തീവ്രവാദം അമേരിക്ക വഴി അഫ്ഗാനിലെത്തുമ്പോൾ

ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട ഏറ്റവും രക്തരൂക്ഷിതമായ ഭീകരാക്രമണങ്ങളിൽ ഒന്നായിരുന്നു ന്യൂയോർക്ക് സിറ്റിയിലെ മാൻഹട്ടനിൽ ഉള്ള വേൾഡ് ട്രേഡ് സെന്ററിന്റെ ഇരട്ട ടവറുകളിലേക്ക് അൽഖയ്ദ ഭീകരർ രണ്ട് വിമാനങ്ങൾ ഇടിച്ചുകയറ്റിയത്. ചരിത്രം '9/11 ഭീകരാക്രമണം' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന ലോകത്തെ ഞെട്ടിച്ച ഈ ആക്രമണം നടന്നിട്ട് ഇരുപത് വർഷങ്ങൾ പൂർത്തിയാവുകയാണ്.

ഇസ്ലാമിക തീവ്രവാദ സംഘടനയായ അൽഖയ്ദയിലെ 19 അംഗങ്ങൾ ചേർന്ന് 4 അമേരിക്കൻ യാത്രാ വിമാനങ്ങൾ റാഞ്ചി. ഇതിൽ രണ്ടു വിമാനങ്ങൾ വേൾഡ് ട്രേഡ് സെന്ററെന്ന അമേരിക്കയുടെ അഭിമാന സ്തംഭങ്ങളെ നിലംപരിശാക്കി. രണ്ടു ടവറുകളിലായി ഉണ്ടായിരുന്ന 2595 പേരും രണ്ടു വിമാനങ്ങളിലുണ്ടായിരുന്ന 157 പേരും ഉൾപ്പെടെ ഈ ഭീകരാക്രമണങ്ങളിൽ 2977 പേർ കൊല്ലപ്പെട്ടു.

ഇതേ സമയം തന്നെ റാഞ്ചിയെടുത്ത മൂന്നാമത്തെ വിമാനം വിർജീനിയായിലുള്ള പെന്റഗൺ

**കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ലോകരാജ്യങ്ങൾ പ്രതിരോധ മേഖലയ്ക്കുവേണ്ടി ഓരോ വർഷവും ചെലവാക്കുന്ന തുകയുടെ 50 ശതമാനം കണ്ട് വർധിപ്പിക്കുന്നു. ഏറ്റവും കൂടുതൽ തുക പ്രതിരോധ മേഖലയ്ക്ക് മാറ്റിവയ്ക്കുന്ന പത്ത് രാജ്യങ്ങളിൽ അമേരിക്ക ഒന്നാം സ്ഥാനത്തും ഇന്ത്യ എട്ടാം സ്ഥാനത്തുമാണ്.**

ആസ്ഥാനമന്ദിരത്തിലേക്ക് 9.37 ന് ഇടിച്ചിറക്കി. പ്രസിഡന്റ് ജോർജ് ബുഷിനെ സുരക്ഷിതസ്ഥലത്തേക്ക് മാറ്റി. വൈറ്റ്ഹൗസ് ഒഴിപ്പിക്കപ്പെട്ടു. നാലാമതൊരു വിമാനം കൂടി റാഞ്ചിയിരുന്നെങ്കിലും യാത്രക്കാരുടെ ചെറുത്തുനിൽപ്പിനെ തുടർന്ന് പെൻസിൽവാനിയായിലെ സോമർസെറ്റ് കൗണ്ടിയിലുള്ള ഒരു പാടശേഖരത്തിൽ തകർന്നുവീണു. ഈ വിമാനം വൈറ്റ് ഹൗസ് ലക്ഷ്യമാക്കിയാണ് നീങ്ങിയതെന്ന് കരുതപ്പെടുന്നു.

അന്ന് അമേരിക്കയുമായി ശത്രുത പുലർത്തിയിരുന്ന രാജ്യങ്ങളിൽ ഇറാഖിലെ സദ്ദാം ഹുസൈൻ ഒഴികെ മറ്റെല്ലാവരും ചാവേർ ആക്രമണത്തെ അപലപിച്ചു. ലോക ജനതയ്ക്കു നേരെ അമേരിക്ക നടത്തുന്ന അതിക്രമങ്ങളുടെ ഫലമെന്നാണ് സദ്ദാം ഹുസൈൻ ഭീകരാക്രമണത്തെ വിശേഷിപ്പിച്ചത്.

ആധുനിക യുദ്ധസാങ്കേതിക വിദ്യയും രഹസ്യാന്വേഷണ സംവിധാനവും ലോകം മുഴുവൻ നിറയുന്ന സൈനിക ശക്തിയുമൊക്കെയായി ലോകപോലീസ് എന്നറിയപ്പെട്ട രാജ്യത്തിന്റെ മർമ്മംനോക്കി പ്രഹരിച്ചപ്പോഴാണ് ഭീകരവാദത്തിന്റെ തീവ്രതയും വ്യാപ്തിയും ലോകം തിരിച്ചറിഞ്ഞത്.

ചാവേറാക്രമണത്തിന്റെ പ്രത്യാഘാതങ്ങൾ രാജ്യാന്തരതലത്തിലേക്ക് കത്തിപ്പടരാൻ അധികനാൾ വേണ്ടിവന്നില്ല. അൽഖയ്ദ ഭീകരർക്ക് അഭയം നൽകിയിരുന്ന അഫ്ഗാനിസ്ഥാനിലെ താലിബാൻ ഭരണകൂടത്തെ അമേരിക്കയുടെ നേതൃത്വത്തിലുള്ള സഖ്യസേന ആക്രമിച്ചതായിരുന്നു ഇതിൽ പ്രധാനം. ചാവേർ ആക്രമണം കഴിഞ്ഞ് ഒരു മാസമായപ്പോഴായിരുന്നു ഇത്. അൽഖയ്ദയുടെ സ്ഥാപക നേതാക്കളിൽ ഒരാളായ ഒസാമ ബിൻലാദന് രാഷ്ട്രീയ അഭയം നൽകിയിരുന്നത് അഫ്ഗാനിലെ താലിബാൻ ഭരണകൂടമായിരുന്നു. ഇദ്ദേഹമാണ് ഈ ഭീകരാക്രമണത്തിന് പിന്നിൽ എന്ന് മനസ്സിലാക്കിയ അമേരിക്ക ബിൻ ലാദനെ വധിക്കാനായി സൈനിക നടപടികൾ തുടങ്ങി. ഒടുവിൽ 2011 മേയ് 1 ന് പാകിസ്ഥാനിൽ വച്ച് ബിൻലാദൻ കൊല്ലപ്പെട്ടു. ഇതിനിടെ, ഇറാഖ് അധിനിവേശവും സംഭവിച്ചു.

ചാവേറാക്രമണം നടന്ന് ഇരുപതു വർഷങ്ങൾക്കിപ്പുറം ചരിത്രം വീണ്ടും ആവർത്തിക്കുമോ എന്ന് സംശയം ജനിപ്പിക്കുന്ന തരത്തിലാണ് സംഭവവികാസങ്ങൾ. അമേരിക്കൻ സൈനികർ അഫ്ഗാനിസ്ഥാനിൽ നിന്നും




പിൻമാറാൻ നിർബന്ധിതമാകുന്നതും പ്രതീക്ഷിച്ചതിനേക്കാൾ വേഗത്തിൽ താലിബാൻ കാബൂൾ പിടിക്കുന്നതുമാണ് നാം കണ്ടത്. പ്രസിഡന്റ് അഷറഫ് ഗനി രാജ്യം വിട്ടതിനെ തുടർന്ന് താലിബാന് എതിരെ പോരാടിയ അഫ്ഗാൻ സൈനികരും സർക്കാർ അനുകൂലികളും ജീവരക്ഷാർത്ഥം പലായനം ചെയ്യാനുള്ള തത്രപ്പാടിലാണിപ്പോൾ. കഴിഞ്ഞ 20 വർഷമായി രാജ്യത്ത് ജനാധിപത്യം സ്ഥാപിക്കാനായി നടത്തിയ ശ്രമങ്ങൾക്ക് കനത്ത തിരിച്ചടിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

1994 ൽ രൂപീകൃതമായ താലിബാൻ 1996 ൽ കാബൂൾ പിടിച്ചടക്കിയതിന് പിന്നാലെ രാജ്യത്ത് കർശന സ്ത്രീവിരുദ്ധ നിയമങ്ങളാണ് നടപ്പാക്കിയത്. സ്ത്രീകൾ തലമുതൽ കാൽവരെ മറയുന്ന വസ്ത്രം ധരിക്കണം. സ്ത്രീകൾക്ക് പഠിക്കുന്നതിനോ ജോലി ചെയ്യുന്നതിനോ അനുവാദമില്ല. അവർ ഒറ്റയ്ക്ക് യാത്ര ചെയ്യാൻ പാടില്ല, ടെലിവിഷൻ, സംഗീതം, ഇസ്ലാമിക് അല്ലാത്ത ആഘോഷങ്ങൾ പാടില്ല. ഇങ്ങനെ എല്ലാതരത്തിലുള്ള സ്വാതന്ത്ര്യങ്ങളും നിഷേധിക്കപ്പെട്ടു. താലിബാന്റെ സ്ഥാപകരിൽ മുതിർന്ന

മതപുരോഹിതനായ മൗലവി ഹൈബത്തുള്ള അഖുൻസാദയാണ് താലിബാനെ ഇപ്പോൾ നയിക്കുന്നത്. രണ്ടു പതിറ്റാണ്ടിനുശേഷം താലിബാൻ ഭരണം വീണ്ടും വരുമ്പോൾ അഫ്ഗാനിലെ സ്ത്രീകളുടെ അവകാശങ്ങൾക്ക് ഒരുവിലയും ലഭിക്കില്ലെന്നാണ് രാഷ്ട്രീയ നിരീക്ഷകർ ചൂണ്ടിക്കാട്ടുന്നത്.

ലോകത്തിന്റെ പല കോണുകളിൽ നിന്നും അസ്സമാധാനത്തിന്റെ അലയടികളാണ് നാം കേൾക്കുന്നത്. ഐ.എസ്. ഭീകരപ്രവർത്തനങ്ങളും, ഇസ്രായേൽ-പാലസ്തീൻ ഭീകരാക്രമണങ്ങളും, സിറിയൻ യുദ്ധവും ക്യൂബയ്ക്ക് മേൽ അമേരിക്ക ഏർപ്പെടുത്തിയിട്ടുള്ള ഉപരോധങ്ങളും, മ്യാൻമറിലെ മനുഷ്യാവകാശ ലംഘനങ്ങളും പശ്ചിമേഷ്യയിലെ സംഘർഷങ്ങളും ഒക്കെ തന്നെ സമാധാന ജീവിതത്തിന് ഭീഷണി ഉയർത്തുന്നു. ഒപ്പം ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക വർഷിച്ച അണുബോംബുകളേക്കാൾ നാശം വിതക്കുന്ന തരത്തിലാണ് കോവിഡ് 19 എന്ന മഹാമാരി ലോകജനതയെ കാർന്നുതിന്നുന്നത്.

അതോടൊപ്പം ലോകത്തെ വൻശക്തികളായ രാജ്യങ്ങൾ ഒക്കെ തന്നെ തങ്ങളുടെ ആയുധ ശേഖരങ്ങൾ വികസിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും മത്സരിക്കുകയാണ്. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ ലോകരാജ്യങ്ങൾ പ്രതിരോധ മേഖലയ്ക്ക് ഓരോ വർഷവും ചെലവാക്കുന്ന തുക 50 ശതമാനം കണ്ട് വർധിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഏറ്റവും കൂടുതൽ തുക പ്രതിരോധ മേഖലയ്ക്ക് മാറ്റിവയ്ക്കുന്ന പത്ത് രാജ്യങ്ങളിൽ അമേരിക്ക ഒന്നാം സ്ഥാനത്തും ഇന്ത്യ എട്ടാം സ്ഥാനത്തുമാണ്. പ്രതിരോധ മേഖലയിൽ വെറും 8 ദിവസം ചെലവാക്കുന്ന തുക കുട്ടികളുടെ വിദ്യാഭ്യാസത്തിന് വേണ്ടി ചിലവാക്കിയാൽ 12 വർഷം വരെ ലോകമെങ്ങും സൗജന്യ വിദ്യാഭ്യാസം നൽകുവാൻ സാധിക്കുമെന്ന് താലിബാൻ തീവ്രവാദികളുടെ ആക്രമണത്തിന് ഇരയായ നോബൽ സമ്മാന ജേതാവ് മലാല യൂസഫ് സായ് പറയുന്നു.



ഐക്യരാഷ്ട്രസഭയുടെ അഹ്വാന പ്രകാരം എല്ലാവർഷവും സെപ്തംബർ 21 ലോക സമാധാനദിനമായി നാം ആചരിക്കുന്നു. യുദ്ധവും അക്രമവും ഇല്ലാത്ത, സമാധാനവും ശാന്തിയും നിറഞ്ഞ ഒരു പുതുലോകത്തെക്കുറിച്ചുള്ള പ്രതീക്ഷയുടെ ദിനമാണിത്. 1981 മുതലാണ് ഐക്യരാഷ്ട്രസഭ ഈ ദിനാചരണത്തിന് തുടക്കം കുറിച്ചത്. ഈ ദിനാചരണത്തിന്റെ ഭാഗമായി ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭാ ആസ്ഥാനം സ്ഥിതിചെയ്യുന്ന പീസ്ഗാർഡനിൽ രാവിലെ 9 മുതൽ 9.30 വരെ സമാധാനത്തിന്റെ മണിമുഴക്കി മൗനാചരണം നടത്തുവാനാണ് സെക്രട്ടറി ജനറലായ ആന്റോണിയോ ഗുട്ടറസ് ആഹ്വാനം ചെയ്തിട്ടുള്ളത്. ലോകസമാധാനം നീണാൾ വാഴട്ടെ എന്ന് വശങ്ങളിൽ എഴുതിച്ചേർത്തിട്ടുള്ള ഈ മണി ലോകത്തെ ഭൂരിപക്ഷ ഭൂഖണ്ഡങ്ങളിലെയും കുട്ടികൾ സമ്മാനിച്ച നാണയത്തുട്ടുകൾകൊണ്ട് നിർമിച്ചിട്ടുള്ളതാണ്.

എല്ലാ രാജ്യങ്ങൾക്കും ജനങ്ങൾക്കുമിടയിൽ ജാതി-മത-വർഗ-വർണ വ്യത്യാസമില്ലാതെ സമാധാനത്തിന്റെ ആശയങ്ങൾ ശക്തിപ്പെടുത്തുകയാണ് ഈ ദിനാചരണം ലക്ഷ്യം വയ്ക്കുന്നത്. 'യുദ്ധം മരണമാണ്; സമാധാനമാണ് ജീവിതം' എന്ന സന്ദേശം ലോകജനതയ്ക്ക് പകർന്നു നൽകുക എന്നതും ഈ ദിനാചരണത്തിന്റെ ലക്ഷ്യമാണ്. സംഘർഷങ്ങൾക്ക് സമാധാനപരമായ പരിഹാരം കാണാനും ശത്രുതയ്ക്ക് അറുതി വരുത്താനും ഈ ദിനം ഉപയോഗിക്കണമെന്ന് ഐക്യരാഷ്ട്രസഭ ആവശ്യപ്പെടുന്നു.

ഓരോ കുടുംബത്തിൽ നിന്നുമാണ് ലോകസമാധാനം സൃഷ്ടിക്കപ്പെടുന്നത് എന്ന അഭിപ്രായം നിലനിൽക്കുമ്പോൾ സമൂഹത്തിലും രാജ്യങ്ങളിലും വർധിച്ചുവരുന്ന ഗാർഹിക പീഡനങ്ങൾ, ലൈംഗിക അതിക്രമങ്ങൾ, മറ്റ് സാമൂഹിക തിന്മകൾ, ഭീകര പ്രവർത്തനങ്ങൾ എന്നിവയൊക്കെ ലോകസമാധാനം എന്ന ഉന്നതമായ ലക്ഷ്യസാക്ഷാത്കാരത്തിന് വിഘാതം സൃഷ്ടിക്കുന്നു.

യുദ്ധരഹിത ഭീകരാക്രമണങ്ങളില്ലാത്ത പരിസ്ഥിതി സംരക്ഷിക്കുന്ന ഒരു ലോകത്തിനുവേണ്ടി നമ്മൾ ഓരോരുത്തരും പ്രവർത്തന നിരതരാകുകയും ലോകസമാധാനത്തിന്റെ ആവശ്യകത ഭാവിതലമുറയ്ക്ക് പകർന്നു നൽകുകയും വേണം. നാളത്തെ തലമുറ യുദ്ധങ്ങളും ഭീകരാക്രമണങ്ങളും അഭയാർത്ഥികളുമില്ലാത്ത നന്മനിറഞ്ഞ മനസ്സുമായി, ഈ ഭൂമിയിലെ ഹരിതാഭ ഭംഗി ആസ്വദിച്ചുകൊണ്ട് വിശ്വമാനവരായി ജീവിക്കട്ടെ. ഈ സന്ദേശമാണ് പുനഃസൃഷ്ടിക്കപ്പെട്ട വേൾഡ് ട്രേഡ് സെന്റർ നമ്മെ ഓർമ്മപ്പെടുത്തുന്നത്.

*(അഖിലേന്ത്യാ സമാധാന ഐക്യദാർഢ്യ സമിതി (AIPSO) ദേശീയ എക്സിക്യൂട്ടീവ് അംഗവും തിരുവനന്തപുരം ജില്ലാ സെക്രട്ടറിയുമാണ് ലേഖകൻ)*



കാനോൻ നിയമത്തിൽ

**ഫാ. ജോസ് ജി.**
ജുഡീഷ്യൽ വികാർ

# ഒരാൾ ലത്തീൻ കത്തോലിക്കനാകുന്നത് എങ്ങനെ?

കത്തോലിക്കാ സഭയിൽ വിവിധ ആരാധന ക്രമങ്ങളുടെ അടിസ്ഥാനത്തിൽ ലത്തീൻ സഭയും (റീത്തും) 23 സ്വയംഭരണാധികാര സഭകളുമുണ്ട്. ഇന്ത്യയിലെ കത്തോലിക്കാ സഭയിൽ 3 റീത്തുകളാണുള്ളത്. സിവിൽപരമായ പൗരത്വം എന്നതുപോലെ കത്തോലിക്കാ സഭയിലെ അംഗത്വത്തിനും നാനാമുഖങ്ങളുണ്ട്. അതനുസരിച്ച് കത്തോലിക്കാ സഭയിലെ അംഗം ഒരേസമയം ഒരു പ്രത്യേക റീത്തിലെയും/സഭയിലെയും രൂപതയിലെയും ഇടവകയിലെയും അംഗമായിരിക്കും. തന്മൂലം ലത്തീൻ കത്തോലിക്കാ സഭയിലെ ഒരാളുടെ അംഗത്വം, ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 111, 1125, 1° പ്രകാരം, സാധാരണയായി താഴെപ്പറയുന്നവയിൽ ഏതെങ്കിലും ഒരു മാർഗ്ഗത്തിലൂടെയാണ്:



1. മാതാപിതാക്കൾ രണ്ടുപേരും ലത്തീൻ സഭാംഗങ്ങളാണെങ്കിൽ അവരുടെ കുഞ്ഞും ജ്ഞാനസ്നാനത്തിലൂടെ ലത്തീൻ സഭാംഗമായിത്തീരും (C-I-C 111§ 1).
2. വ്യത്യസ്ത റീത്തുകളിൽപ്പെട്ട ദമ്പതികളിൽ ഒരാളായ ഭർത്താവ് ലത്തീൻ സഭാംഗമായി തുടരുകയാണെങ്കിൽ അവരുടെ കുഞ്ഞും ജ്ഞാനസ്നാനത്തിലൂടെ (ഏത് ക്രമമനുസരിച്ചു ജ്ഞാനസ്നാനം സ്വീകരിച്ചു എന്നത് സഭാകാര്യങ്ങൾക്ക് വിഷയമല്ല; സിവിൽപരമായ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന് തർക്കമുണ്ടാകാം) ലത്തീൻ സഭാംഗമായിത്തീരും (CIC 111§ 1).
3. വ്യത്യസ്ത റീത്തുകളിൽപ്പെട്ട ദമ്പതികളിൽ ഒരാളായ ഭാര്യ, അവരുടെ പരസ്പര ധാരണയനുസരിച്ച്, വിവാഹശേഷം ലത്തീൻ സഭാംഗമായിത്തന്നെ തുടരുകയും തങ്ങളുടെ തീരുമാനമനുസരിച്ച് കുഞ്ഞിനെ ലത്തീൻ സഭയിൽ ജ്ഞാനസ്നാനം നല്കുകയും ചെയ്താൽ ആ കുഞ്ഞ് ലത്തീൻ സഭാംഗമായിത്തീരും. (CIC 111§ 1)
4. സഭാപരമായി മിശ്രവിവാഹമോ മതാന്തര വിവാഹമോ ആഘോഷിച്ച ദമ്പതികളിൽ ഒരാൾ ലത്തീൻ സഭാംഗമാണെങ്കിൽ അവരുടെ കുഞ്ഞും ജ്ഞാനസ്നാനത്തിലൂടെ ലത്തീൻ സഭാംഗമാകും (CIC 1125 1°).
5. പതിന്നാലു വയസ്സ് പൂർത്തിയായശേഷം ലത്തീൻ സഭയിൽ ജ്ഞാനസ്നാനം സ്വീകരിക്കുന്ന വ്യക്തി ലത്തീൻ സഭാംഗമായിത്തീരും (CIC 111§).
6. അകത്തോലിക്കാ സഭയിൽ ജ്ഞാനസ്നാനം സ്വീകരിച്ച വ്യക്തി ലത്തീൻ സഭയിലൂടെ കത്തോലിക്കാ സഭയിൽ സ്വീകരിക്കപ്പെടുമ്പോൾ അയാൾ ലത്തീൻ സഭാംഗമാകും. (കത്തോലിക്കാ സഭയിൽ ചേരാൻ ആഗ്രഹിക്കുന്ന പ്രൊട്ടസ്റ്റന്റ്, ആംഗ്ലിക്കൻ, മാർത്തോമ്മ ക്രൈസ്തവ സഭകളിൽപ്പെട്ടവർ, സാധാരണയായി, ലത്തീൻ സഭയിലൂടെയാണ് അവരുടെ ആഗ്രഹങ്ങൾ നടപ്പിലാക്കേണ്ടത്). ■



ലേഖനം

ഫാ. ഇമ്മാനുവേൽ
(വിദ്യാഭ്യാസ ശുശ്രൂഷ അസി. ഡയറക്ടർ)



# വി. മദർ തെരേസ

## കണ്ണില്ലാത്തവരുടെ കാഴ്ച; കരളില്ലാത്തവരുടെ കരച്ചിൽ

**വിശക്കുന്നവരോടും ദരിദ്രരോടും കാട്ടേണ്ട കടമകളെ ഓർമ്മിപ്പിച്ചുകൊണ്ടാണ് ഓരോ ചാരിറ്റിഡേയും കടന്നുപോകുന്നത്. മതപരിവർത്തനത്തിന്റെ മന്ദാരമായിട്ടല്ല; മനുഷ്യ സ്നേഹത്തിന്റെ മാലാഖയായിട്ടാണ് വി. മദർ തെരേസ നിർവചിക്കപ്പെട്ടത്.**

ഒരിക്കൽ ഷേക്സ്പിയർ പറഞ്ഞു: ''എനിക്ക് കാലുകളിലണിയാൻ ഷൂസുകളില്ലാതിരുന്നപ്പോൾ ഞാൻ കരഞ്ഞു. എന്നാൽ എന്നാണോ രണ്ട് കാലുകളുമില്ലാത്ത ഒരാളെ ഞാൻ കണ്ടുമുട്ടിയത് അന്ന് ഞാനെന്റെ കരച്ചിൽ നിറുത്തി.'' ഒരുവനിലെ മനുഷ്യത്വം മഴപോലെ പെയ്തിറങ്ങുന്ന, അഥവാ നന്മയുടെ ഒഴുക്കിനെയാണ് 'ചാരിറ്റി ഡേ'യിൽ അനുസ്മരിക്കുക. സെപ്തംബർ 5 ചാരിറ്റി ദിനം – മദർ തെരേസ സമാധാനത്തിനുള്ള നൊബൽ സമ്മാനം സ്വീകരിച്ച ദിനമാണ് ചാരിറ്റി ഡേയായി ആചരിക്കപ്പെടുന്നത്. വിശക്കുന്നവരോടും ദരിദ്രരോടും കാട്ടേണ്ട കടമകളെ ഓർമ്മിപ്പിച്ചുകൊണ്ടാണ് ഓരോ ചാരിറ്റി ഡേയും കടന്നുപോകുന്നത്. മതപരിവർത്തനത്തിന്റെ മന്ദാരമായിട്ടല്ല; മനുഷ്യ സ്നേഹത്തിന്റെ മാലാഖയായിട്ടാണ് മദർ തെരേസ നിർവചിക്കപ്പെട്ടത്. മതാത്മകതയേക്കാൾ മാനവികതയ്ക്ക് വർണപ്പകിട്ടേകിയ മദറിന്റെ ജീവിതം സുകൃതസമ്പന്നമായിരുന്നല്ലോ.

### കാലത്തിന്റെ ക്യാൻവാസിലെ വി. മദർ തെരേസ

സമാധാനത്തിന്റെ തുടക്കം പുഞ്ചിരിയിലൂടെയാണെന്ന് പഠിപ്പിച്ച പാവങ്ങളുടെ അമ്മ...

അപരരെ വിധിക്കാൻ ഒരുമ്പെടുന്നവർക്ക് അവരെ സ്നേഹിക്കാൻ നേര

മുണ്ടാവില്ലെന്ന് പാടിയ സ്നേഹ ഗായിക...

പോകുന്നിടങ്ങളിലെല്ലാം സ്നേഹത്തിന്റെ വിത്തുവിതച്ച് ആനന്ദം കൊയ്യാൻ ഉപദേശിച്ച സായാഹ്ന ചന്ദ്രിക..

വിജയത്തിനുവേണ്ടി യാചിക്കാതെ വിശ്വസ്തരായിരിക്കാൻ പ്രാർത്ഥിക്കണമെന്നുമൊഴിഞ്ഞ ദൈവത്തിന്റെ കൈയിലെ പെൻസിൽ...

ചെയ്യുന്ന നന്മകൾ കടലിലെ ഒരു തുള്ളി വെള്ളം മാത്രമാണെന്ന് വ്യാഖ്യാനിച്ച വിനയധാത്രി...

ദാരിദ്ര്യമെന്നാൽ, സ്നേഹിക്കാനാരുമില്ലെന്ന തോന്നലും ഏകാന്തതയുമാണെന്ന് കണ്ടെത്തിയ കാരുണ്യ രശ്മി..

ലോകസമാധാനം ആഗ്രഹിക്കുന്നവർ സ്വന്തം വീട്ടിലെത്തി കുടുംബത്തിലുള്ളവരെ സ്നേഹിക്കട്ടെയെന്ന് പാടിയ രാക്കുയിൽ...

ഒറ്റയ്ക്ക് ഒരു ലോകത്തെ മാറ്റാൻ കഴിയില്ലെങ്കിലും ഒരു ചെറുകല്ലു കൊണ്ട് വെള്ളത്തിൽ അനേകം ഓളങ്ങൾ സഷ്ടിക്കാനാകുമെന്ന് വിശ്വസിച്ച സന്യാസിനി..

കുരിശിലെ ക്രിസ്തുവിന്റെ ദാഹം തീർക്കാൻ ഇറങ്ങിത്തിരിച്ച മദർ തെരേസ ഈശോയുടെ കരംപിടിച്ച് കൽക്കത്തയുടെ തെരുവിലേക്കിറങ്ങി. ആ തെരുവോരങ്ങൾക്ക് ഒരുപാട് കഥകൾ പറയാനുണ്ടായിരുന്നു – അച്ഛനാരെന്ന് അറിയാത്ത കുഞ്ഞുങ്ങളെ താലോലിച്ച കഥകൾ.. തെരുവ് വിളക്കുകൾക്ക് താഴെ വിശന്നൊട്ടിയ വയറുകൾ അത്താഴമുണ്ണാതെ ഉറങ്ങിയതിന്റെ കഥകൾ... തെരുവിലേക്ക് വലിച്ചെറിയപ്പെട്ട ജീവിതങ്ങൾ തളർന്നു വീണ ഓടച്ചാലുകളുടെ കഥകൾ... എന്നിട്ടും കൽക്കത്തയ്ക്ക് ഒരു മാലാഖയുടെ കഥകൾ പറയാനുണ്ടായിരുന്നു – ചവറുകൂനകൾക്കിടയിൽ പ്രസവിച്ചിടപ്പെട്ട അനാഥബാല്യങ്ങളെ നെഞ്ചോട് ചേർത്ത് ചൂടുനൽകിയ ഒരമ്മയുടെ കഥ... പുഴുക്കൾ വളരുന്ന വ്രണങ്ങൾ, ഉണങ്ങാത്ത മുറിവുകളിൽ സ്നേഹത്തിന്റെ വിരലുകളാൽ സൗഖ്യം പകർന്ന ഒരു കന്യാസ്ത്രീയുടെ കഥ... തെരുവിലെ നായ്ക്കളുടെ ഇടയിൽ അന്തിയുറങ്ങിയ മനുഷ്യകോലങ്ങളെ സ്നേഹത്തിന്റെ പുതപ്പുനൽകി പുണർന്ന ഒരു സ്ത്രീരത്നത്തിന്റെ കഥ...

## കൊറോണക്കാലത്ത് അവതരിച്ച മാലാഖമാർ

"ഏതോ ഒരു കാട്ടുജീവിയുടെ ആമാശയത്തിൽ സമാധിയായിരുന്ന കൊറോണ വൈറസിനെ വലിച്ചുപുറത്തേക്കിട്ട മനുഷ്യർ, സ്വന്തം വീട്ടിലേക്ക് ഓടിക്കയറിയിരിക്കുന്നു" എന്ന് ഒരു സിനി ആർട്ടിസ്റ്റ് പറയുകയുണ്ടായി. ഒരു തലോടലിനായ് കൊതിച്ചവരെയും ഒരു വാക്കിനായ് കാതോർത്തവരെയും കൊറോണ അകറ്റിനിർത്തിയപ്പോൾ സ്വന്തം ജീവനും ജീവിതവും ഗൗനിക്കാതെ അപരരുടെ വാഴ്‌വിലേക്കിറങ്ങിവന്ന ഒരുകൂട്ടം മാലാഖമാരാണ് ഡോക്ടർമാരും നേഴ്സുമാരും അതുരസേവകരും മറ്റും. തോളോടു തോൾ ചേർന്നിരുന്നവരെ ആറടി അകലത്തിലാക്കിയപ്പോഴും ഈ മാലാഖമാർക്ക് വിശ്രമമില്ലായിരുന്നു. ദൈവത്തിന്റെ പൂന്തോട്ടത്തിലെ പുഷ്പങ്ങൾ ആരും ഇറുത്തെടുക്കാതിരിക്കാൻ രാത്രിയുടെ യാമങ്ങളിലും അവർ ചിറകടിച്ചു പറന്നു. കിഴക്കേ ചക്രവാളത്തിൽ സൂര്യൻ അസ്തമിക്കുംപോലെ ഓരോ ഉയിരും പൊലിഞ്ഞു പോകുമ്പോൾ നെഞ്ച് പൊട്ടിയ പ്രാർത്ഥനയോടെ നിന്നു.

സ്നേഹം വറ്റിയ ജീവിതങ്ങൾക്ക് സ്നേഹത്തിന്റെ നീരുറവ തീർക്കുവാൻ... കണ്ണീരണിഞ്ഞ ജീവിതങ്ങൾക്ക് ആശ്വാസത്തിന്റെ തൈലമാകുവാൻ.. പാതിവഴിയിൽ ജീവിതം മുറിഞ്ഞവർക്ക് സാന്ത്വനത്തിന്റെ കരസ്പർശമാകുവാൻ... അവതരിച്ച കൊറോണക്കാലത്തെ മാലാഖമാരുടെ ആതുരസേവനങ്ങൾക്കുമുമ്പിൽ കൈകൾ കൂപ്പുകയേ വേണ്ടൂ. അദൃശ്യനായ ഒരു ശത്രു മനുഷ്യവംശത്തോട് യുദ്ധം പ്രഖ്യാപിച്ചപ്പോൾ സ്വന്തം സുരക്ഷിതസങ്കേതങ്ങളിൽ ഒളിക്കാതെ, ആ വെല്ലുവിളി നേരിട്ട ഇവർക്ക് ഒരു ബിഗ് സല്യൂട്ട്. ക്രിസ്തുവിന്റെ കുരിശിനെ മാത്രം നോക്കി യാത്ര ചെയ്തിരുന്ന സ്നേഹത്തിന്റെ മാതൃരൂപമായ വി. മദർ തെരേസയുടെ ജീവിതം ഇവർക്ക് കാരുണ്യത്തിന്റെ കണ്ണും കരളുമാണെന്ന് പറയാതെ വയ്യ.

## മനുഷ്യർ അധികം; മാലാഖമാരോ ചുരുക്കം

വിശക്കുന്നവന് അപ്പം കൊടുത്താൽ അത് സിമ്പതി എന്നാൽ, കാരുണ്യം, വിളമ്പിയാലോ, അതാണ് എമ്പതി. മനുഷ്യർ അധികമുള്ള ഭൂമിയിൽ മാലാഖമാർ വിരളമാകുന്നതെപ്പോഴാണെന്നറിയാമോ? ഒരു കടമ മാത്രമായും, ഒരു നേർച്ചക്കടം മാത്രമായും ശുശ്രൂഷയും ആതുര സേവനങ്ങളും മാറുമ്പോഴാണ്... പ്രശസ്തിക്കും പരസ്യങ്ങൾക്കുംവേണ്ടി കർമ്മപരിപാടികൾ ഏറുമ്പോഴാണ്... 'ഒരു മുടന്തന്റെ സുവിശേഷം' എന്ന കവിതയിൽ കവി കൽപ്പറ്റ നാരായണൻ പാടിയതോർക്കുന്നു:

"തിരിഞ്ഞു നോക്കിയാൽ
മാത്രം കാണുന്ന എന്നെ
മുന്നോട്ടു മാത്രം പോയിക്കൊണ്ടിരുന്നവർ
കണ്ടില്ല." – ജീവിത വ്യഗ്രതകളിൽ മുഴുകി മുന്നോട്ടു പായുമ്പോഴും, ജീവിതം മുടന്തിപോയ മനുഷ്യരെ കണ്ടില്ലായെന്ന് നടിക്കുന്നതാണ് ചാരിറ്റിക്ക് ഏല്ക്കുന്ന ആദ്യ പരിക്ക്. സാന്ത്വനം കാത്തുകിടക്കുന്നവർക്ക് സമ്പത്തുകൊടുത്തുപോകുന്നത് അഭിമാനമാണെന്ന് ധരിക്കുന്നവർക്കു മുന്നിലാണ് കൽക്കത്തയിലെ തെരുവിൽ കെടാവിളക്കായി വി. മദർ തെരേസ കത്തിജ്വലിച്ചത് എന്നോർക്കാം.

മാലാഖയാകാനെളുപ്പമാണ്; ഹൃദയമുള്ള മനുഷ്യനായാൽ മതി. എന്നാണ് ചാരിറ്റി ഡേ പഠിപ്പിക്കുക. കൂരിരുട്ടിൽ ഒരു ശരറാന്തൽ വിളക്കിന്റെ ദൗത്യമെങ്കിലും ചെയ്യാൻ... ഉഷ്ണക്കാറ്റിൽ ഒരു ചെറു തുള്ളിയുടെ നനവെങ്കിലുമേകാൻ... എനിക്കും നിങ്ങൾക്കും ഇനി ഹൃദയം കൂടിയേ തീരൂ. പൂക്കളുടെ വാസനയേക്കാൾ മുറിവുകളുടെ വസന്തം പെരുകുന്ന ഈ ലോകത്തിന് ഹൃദയമുള്ള മനുഷ്യരെയാണാവശ്യം. ഒരു നോട്ടം കൊണ്ട് പത്രോസിനെ ഹൃദയമുള്ള മനുഷ്യനാക്കിയ നസ്രായന്റെ കൈയും പിടിച്ച് കൽക്കത്തയിലെ തെരുവോരങ്ങളെ കാരുണ്യക്കടലാക്കി മാറ്റിയ വി. മദർ തെരേസയുടെ ജീവിതം മറിച്ചുകളയാനാകാത്ത ഒരു പുസ്തകത്തിന്റെ താളുകളാണ്. ചാരിറ്റി ദിനം ആഘോഷിക്കുമ്പോൾ കണ്ണില്ലാത്ത മനുഷ്യരുടെ കാഴ്ചയും; കരളില്ലാത്ത മനുഷ്യരുടെ കരച്ചിലുമായവരെ സ്നേഹത്തോടെ ഓർക്കാം. ■



തുടർമഴ ........................ 20

ഫാ. ലെനിൻ ഫെർണാണ്ടസ്



# ഉന്മാദികൾ

വാർധക്യത്തിന്റെ നരബാധിച്ച് 'തിമേവൂസ്' ഒറ്റ ഇരുപ്പാണ്. ജറീക്കോ മലനിരകളേയും തുറിച്ചുനോക്കി ഒറ്റ ഇരുപ്പ്. വീരപരാക്രമികളായ പൂർവീകരുടെ കഥകൾ പലപ്പോഴും ഓർമ്മയിൽ വരും. പടുവൃദ്ധനായെങ്കിലും ഇപ്പോഴും തീമേവുസിന് യുദ്ധം ഒരു ഹരം തന്നെ. ഹേറോദേസിന്റെ പടയാളികളിലൊരുവനായി പടവെട്ടിയും ചോരവീഴ്ത്തിയും മുന്നേറിയ തന്റെ പ്രതാപകാലം അയാൾ ഓർത്തു. അന്നും ഇന്നും പൂർവ്വ പിതാവായ ജോഷ്വോ പടനയിച്ചു മുന്നേറിയ ജറീക്കോവാസിയാണ് താനെന്നു പറയാൻ അയാൾ ഏറെ ഇഷ്ടപ്പെട്ടിരുന്നു.

ഒടുവിൽ എന്തുനേടി? എന്ന ചോദ്യം ഇപ്പോൾ പലവുരു ഉള്ളിൽ നിന്നും തികട്ടി വരാറുണ്ട്... ലഭിച്ച പ്രശസ്തിപത്രങ്ങളൊക്കെ ഉണ്ടെങ്കിലും അതൊന്നും അടുപ്പിലെ അരിയാകില്ലല്ലോ. വിധി എനിക്കായി കാത്തുവച്ച അന്ധനായ മകൻ ബർത്തിമേവുസിനേയും കാത്തുകാത്തുള്ള ഈ ഇരുപ്പാണ് ഇന്നത്തെ അവസ്ഥ... ഇത് ദുരവസ്ഥ തന്നെ. അവൻ വരാൻ നേരമായി. അന്ധനാണെങ്കിലും അപ്പനെ സംരക്ഷിക്കാൻ മാത്രമാണ് അവൻ ഭിക്ഷാടനത്തിന് പോകുന്നത്. പലരും പിറുപിറുക്കുന്നത് കേട്ടിട്ടുണ്ട്; അപ്പന്റെ നീചത്വ പാപങ്ങൾ കാരണമാണ് മകന് ഈ അവസ്ഥ യഹോവ വരുത്തിയത് എന്ന്. അത് മാത്രമാണ് തിമേവൂസിന് അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ള കാര്യം. ഞാൻ പടവാളേന്തിയത് രാജ്യത്തിനും രാജാവിനും വേണ്ടിയാണ്. എന്റേത് പാപകർമങ്ങളാണെങ്കിൽ ഞാൻ പ്രഭോ എന്നും ധന്യരെന്നും വിളിക്കുന്ന തന്റെ ഭരണാധികാരികളായ രാജാക്കന്മാരെക്കൊണ്ട് എന്തിന് ഇത്തരം പാപകർമ്മങ്ങൾ ദൈവം ചെയ്യിച്ചു?

മൂന്നുമണിയോടെയെങ്കിലും ബർത്തിമേവൂസ് തിരിച്ചുവരാറാണ് പതിവ്. അവൻ വന്നശേഷമാണ് ഒരുനേരത്തെ ഭക്ഷണം കഴിക്കേണ്ടത്. അവനു താങ്ങ് ഞാനും എനിക്ക് അവനും. എന്റെ കാലശേഷം എന്റെ പൊന്നുമോൻ ബർത്തിമേവുസിന്റെ അവസ്ഥ എന്താകും. ഒരന്ധനെ ആരെങ്കിലും വിവാഹം കഴിക്കുമോ? എന്തുപറ്റി എന്റെ മകന്. നേരം ഏറെയായി. ഇനി എന്തെങ്കിലും അപകടം. ഏറ്റവും പേടി റോമൻ ഭടന്മാരെയാണ്. അവർക്കെല്ലാം വിനോദം തന്നെ. അന്ധരെ ചവിട്ടി താഴെയിടുക, കുഷ്ഠരോഗികളെ വെറുതെ കല്ലെറിഞ്ഞ് പൊട്ടിച്ചിരിക്കുക, വൃദ്ധരുടെ മേൽമുണ്ട് വലിച്ചുപറിക്കുക. വെറും അധമൻമാർ അല്ലാതെന്തു പറയാൻ. സീസറിന്റെ പേരുകളയുന്ന നീച പരിശകൾ.

എന്നാൽ ഏതപകടത്തേയും തരണം ചെയ്ത് കൈവടി ഊന്നി അവൻ ഇവിടെ എത്താറുണ്ട്. കാരണം അവന്റെ മൊഴികേട്ടാലേ ഞാൻ ഇരുന്നിടത്തു നിന്നെഴുന്നേൽക്കൂ എന്നവനറിയാം. ചക്രവാളം ഇരുണ്ടുതുടങ്ങുന്നല്ലോ ദൈവമേ! ഞാനെവിടെ പോയി അന്വേഷിക്കും എന്റെയീ അന്ധപുത്രനെ? ഉരുണ്ടുകൂടിയ കണ്ണീർക്കണങ്ങൾ കാരണം കാഴ്ച കൂടുതൽ മങ്ങിയതുപോലെ അയാൾക്കനുഭവപ്പെട്ടു; വരും അവൻ എവിടെ പോകാനാ, അയാൾ സ്വയം ആശ്വസിച്ചു.

പെട്ടെന്ന് തന്റെ ഭവനത്തിനടുത്തേക്ക് കുറേ മനുഷ്യർ ഒരുമിച്ച് നടന്നുവരുന്നത് അവൻ കണ്ടു. അതൊരു ഘോഷയാത്രയായിരുന്നു. അല്ല ഘോഷയാത്രപോലെ ഉന്മേഷവാൻമാരായ കുറേ പേരുടെ ഒരുമിച്ചുള്ള യാത്ര. ആടിയും പാടിയും അവരെന്തിന് ഈ ഇടനാഴിയിലൂടെ എന്റെ വീട്ടിലേക്ക്. അവന്റെ സംശയമിരട്ടിച്ചു, സത്യമായും ബർത്തിമേവുസിന് എന്തെങ്കിലും അപകടം സംഭവിച്ചുകാണും. ആ വൃദ്ധന്റെ ഹൃദയം വല്ലാണ്ടിടിച്ചു.

ദൈവമേ ഒന്നും വരുത്തരുതേ എന്റെ പൊന്നോമനയ്ക്ക്. അവൻ ജീവിച്ചു തുടങ്ങിയതല്ലേ ഉള്ളൂ, വേണമെങ്കിൽ ഒന്നിനും കൊള്ളാത്ത ഈ വൃദ്ധന്റെ ഉയിരെടുത്തുകൊള്ളൂ. ആലിലപോലെ തണുത്തുപോയ ശരീരവുമായി അയാൾ എഴുന്നേറ്റു.

ഊന്നുവടിയുടെ സഹായത്തോടെ അയാൾ പുറത്തേക്ക് വന്നു. തന്റെ കണ്ണുകളെ അതിശയിപ്പിച്ചുകൊണ്ട് വലിയൊരു ജനക്കൂട്ടത്തോടൊപ്പം എന്റെ ബർത്തിമേവുസ് മേൽമുട്ട് എടുത്തുകറക്കി അവൻ ആർത്തുചിരിച്ച് നിലവിളിച്ച് നൃത്തം ചെയ്യുന്നു. അവന്റെ സന്തോഷം കണ്ട് മറ്റുള്ളവരും ആർത്തുചിരിക്കുന്നുണ്ട്. താടിരോമങ്ങൾ നരച്ചു തുടങ്ങിയ തണ്ടും തടിയുമുള്ള ഒരു മനുഷ്യൻ മുന്നിലേക്കുവന്ന് തീമേവൂസിന്റെ കരങ്ങൾ ഗ്രഹിച്ചുകൊണ്ട് പറഞ്ഞു,

“നിങ്ങൾ എന്തിനാണ് അന്തംവിട്ടു നോക്കുന്നത്, ഇത് നിങ്ങളുടെ അന്ധനായ പുത്രൻ തന്നെയാണ്. അവനിപ്പോൾ ഒരുന്മാദിയാണ് ഞങ്ങളെപ്പോലെ.”

എന്നിട്ടവൻ ഒരുവനെ ചൂണ്ടികാണിച്ചു തന്നു, എന്നിട്ട് പറഞ്ഞു, “അവനാണ് ഞങ്ങളുടെ ഉന്മാദത്തിന് കാരണം. ദാവീദിന്റെ പുത്രൻ, നമ്മെ അടിമത്വത്തിൽ നിന്നും മോചിപ്പിക്കാനെത്തിയ നസ്രായേൻ യേശു. കേട്ടിട്ടില്ലേ, ഇവനാണ് അഞ്ചപ്പം കൊണ്ട് അയ്യായിരം പേർക്ക് വിരുന്നൊരുക്കിയവൻ. ഇവനാണ് ഗലീലിയായിലെ ജായ്റോസിന്റെ മകളെ മരണത്തിൽ നിന്നുപോലും ജീവനിലേക്ക് കൈപിടിച്ചുയർത്തിയത്, പത്തു കുഷ്ഠരോഗികളെ ശുദ്ധരാക്കി സൗഖ്യം നൽകിയവൻ. ഞങ്ങൾ വരുന്ന വഴിയിൽ വച്ച് ഒരു സ്ത്രീ വിശ്വാസത്തോടെ അവന്റെ വസ്ത്രവിളുമ്പിൽ സ്പർശിച്ചു. അവൾക്കുപോലും സൗഖ്യം കിട്ടി. അവനു കരുണയുണ്ടായി കരം നീട്ടി നിന്റെ മകനേയും പാപങ്ങളിൽ നിന്ന് മോചിപ്പിച്ച് സൗഖ്യം നൽകിയിരിക്കുന്നു. നിന്റെ മകൻ ബർത്തിമേവുസ് ഇനി അന്ധനല്ല. അവൻ ഞങ്ങളുടെ സംഘത്തിന്റെ ഭാഗമാവുകയാണ്”...



അപ്പാ... എന്ന വിളിയോടെ ബർത്തിമേവുസ് അവന്റെ അപ്പനെ കെട്ടിപ്പുണർന്നു. അവൻ പറഞ്ഞു,

“എനിക്കെന്റെയപ്പനെ കാണാം. എനിക്കെല്ലാം കാണാം. എന്റെ പ്രിയരെ, എനിക്കെല്ലാം കാണാൻ സാധിക്കുന്നുവല്ലോ...”

ആ വൃദ്ധനു ഒന്നും വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരുനാൾ മിശിഹാ വരുമെന്നും ഇസ്രായേലിനെ അടിമത്വത്തിൽ നിന്നും മോചിപ്പിക്കുമെന്നുള്ള തന്റെ പൂർവികരുടെ വിശ്വാസം കാണാനും അനുഭവിക്കാനും എനിക്ക് ഭാഗ്യമുണ്ടായല്ലോ എന്നവൻ ഓർത്തു. ദൈവത്തിന്റെ കരവേലയെ വാഴ്ത്തിപ്പുകഴ്ത്താനേ അയാൾക്ക് സാധിച്ചുള്ളൂ.

അൽപ്പം മാറിനിന്ന് വിളഞ്ഞുകിടക്കുന്ന വയലേലകളെ ചൂണ്ടി എന്തൊക്കെയോ ചുറ്റും നിൽക്കുന്നവരോട് സംസാരിച്ചുകൊണ്ടുനിൽക്കുന്ന യേശുവിനെ ചൂണ്ടി കാണിച്ചുകൊണ്ട് തന്റെ അപ്പനേയും ചേർത്തുപിടിച്ച് ബർത്തിമേവുസ് യേശുവിന്റെ അടുക്കലേക്ക് നടന്നു. അവന്റെ അടുത്തേക്ക് ചെല്ലുന്തോറും എന്തെന്നില്ലാത്ത ഹൃദയാനന്ദം ആ വൃദ്ധൻ അനുഭവിച്ചു. നറുനിലാവിന്റെ ശോഭയുള്ള ആ പുഞ്ചിരിയും ജോർദാൻ നദിയുടെ ആഴമുള്ള കണ്ണുകളും മേഘമടക്കുകൾ പോലെ ചുരുണ്ടുകിടക്കുന്ന അവന്റെ മുടികളും ദിവ്യത്വം തുളുമ്പുന്ന അവന്റെ നോട്ടവും ആ വൃദ്ധനെ എന്തന്നില്ലാതെ അവനിലേക്കാകർഷിച്ചു. അയാൾക്ക് തന്റെ ജീവിതാഭിലാഷം പൂവണിഞ്ഞതുപോലെ തോന്നി. ഇസ്രായേലിന്റെ മഹത്വം സമീപഭാവിയിൽ പൂർണമാകും തീർച്ച. ഇവനാണ് രക്ഷകൻ, വരാനിരുന്ന ദാവീദിന്റെ പുത്രൻ, അയാൾ കണ്ണുകളിറുക്കിപ്പിടിച്ച് പ്രാർത്ഥിച്ചു, ദൈവമേ ഈ ദാസനെ സമാധാനത്തിൽ വിട്ടയക്കണമേ. തിമേവൂസ് എന്ന ധീരനായ പോരാളി കരങ്ങൾ കൂപ്പി യേശുവിന്റെ മുഖത്തുനോക്കി നിന്നു. നന്ദിയും ഭക്തിയും നിറഞ്ഞ അവന്റെ മിഴികളെ നോക്കി യേശു പറഞ്ഞു, “നീ ഭാഗ്യവാനാണ്, നിന്റെയീ മകൻ എന്റെ ശിഷ്യനായി തീർന്നിരിക്കുന്നു. അവനെ എന്നോടൊപ്പം വിട്ടയ്ക്കുക. ഇവനിലൂടെ ഈ ദേശവും നീയും അറിയപ്പെടും.”

അവർ ജറുസലേം ലക്ഷ്യമാക്കി നടന്നുനീങ്ങുമ്പോഴും മേൽമുണ്ടുമുറുക്കി ബർത്തിമേവുസ് ഉന്മേഷവാനായിരുന്നു. അവൻ തിരിഞ്ഞുനോക്കി അപ്പനുനേരെ കൈവീശി, ആനന്ദനൃത്തം നിലയ്ക്കാതെ അവൻ ചവിട്ടി. അവൻ മാത്രമല്ല അവനോടൊപ്പം നടന്നുനീങ്ങുന്ന മുഴുവൻ പേരും ഉന്മത്തരായിരുന്നു. തിമേവുസ് ചിന്തിച്ചു, അതെ എന്റെ സിരയും ത്രസിക്കുന്നില്ലേ. അവന്റെ സാമീപ്യം തന്നെ ഒരുന്മാദമല്ലേ? ■



തിരിച്ചറിവ്

ഡോ. ഫാ. എ. ആർ. ജോൺ

# പങ്കാളി

അപരന്റെ കണ്ണിലെ പ്രകാശരശ്മി എന്റെ കണ്ണിലെ പ്രകാശത്തെ ജ്വലിപ്പിക്കുന്നെങ്കിൽ അവരുടെ മദ്ധ്യേ ഒരു പങ്കാളി ജനിക്കുന്നു. തദവസരത്തിൽ ഹൃദയം അനുഭവിക്കുന്ന ഒരു ചൂട്, തീവ്രത അതാണ് ആത്മമിത്രത്തെ കണ്ടെത്തുന്നതിന്റെ പാത തെളിക്കുന്നത്. 'അരിസ്റ്റോട്ടിൻ സൗഹൃദം' എന്നാൽ രണ്ട് ആത്മാക്കൾ ഒരു ശരീരത്തിൽ വസിക്കുന്ന അവസ്ഥ (Two souls inhabiting one body) എന്നാണ്. ഓരോരുത്തരും ആത്മമിത്രത്തെ കണ്ടെത്തുക വഴി അല്ലെങ്കിൽ പങ്കാളിയെ അതിന്റെ തീവ്രതയിൽ സ്നേഹിക്കുകവഴി രണ്ട് സ്വത്വങ്ങൾ ഒന്നാകുന്നതായും ആത്മമിത്രത്തിന്റെ സ്വത്വത്തിലൂടെ സ്വന്തം സ്വത്വം അതിന്റെ പൂർണതയും വിശാലതയും നവമായ ഭാവങ്ങളും കൈവരിക്കുന്നതായും മനസ്സിലാകും.

യഥാർത്ഥ പങ്കാളിത്തത്തിന് രണ്ട് വിരുദ്ധമാനങ്ങളുണ്ട്. എങ്കിലും ആയിരിക്കുന്നിടങ്ങളിൽ നിന്നും ആകേണ്ട മാനങ്ങളിലേക്ക് അവർ യാത്രയാകുന്നു. അപ്പോൾ ഇരുവരും കൂടുതൽ അടുക്കുകയും സമാനതകളുടെ തലങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. അതേസമയം കൂടുതൽ അനന്യമാകുകയും ചെയ്യുന്നു. സ്നേഹിക്കുന്നവരുടെ, പങ്കാളികളുടെ ശുദ്ധസ്നേഹത്തിനടിസ്ഥാനം ഒന്നായിരിക്കുവാനുള്ള സിദ്ധിയാണ്.

ആത്മമിത്രത്തിന്റെ മഹനീയത ആരംഭിക്കുന്നത് ഇരുവരും ആനന്ദത്തോടും അഭിമാനത്തോടും പരസ്പരം അറിയാനും ശ്രവിക്കാനും തുടങ്ങുമ്പോഴാണ്. സ്നേഹത്തിന്റെ ആഴം മനസ്സിലാകുന്നത് സ്നേഹം അതിന്റെ നവമായഭാവങ്ങളോടെ പ്രകടിപ്പിക്കുന്നതിലൂടെയാണ്, സൗഹൃദത്തിന്റെ ആഴം മനസ്സിലാകുന്നത് മനസ്സിൽ മിത്രത്തിന് പ്രഥമമായ ഇടം നൽകുന്നതിലൂടെയാണ്. ജീവിതം വസന്തമാകുന്നത് പങ്കുവയ്ക്കലിൽ നിന്ന് ലഭിക്കുന്ന ആസ്വാദനത്തിന്റെ നൈർമല്യം കൊണ്ടാണ്. മിത്രം ജീവിത പങ്കാളിയാകുന്നത് അവരുടെ മദ്ധ്യേ ദൈവാംശം കണ്ടെത്തുമ്പോഴാണ്.

അഹം പ്രണയത്തിന്റെ ശത്രുവാണ്. പരസ്പരം നന്മ കാണാൻ ആത്മാർത്ഥമായി ആഗ്രഹിക്കുമ്പോൾ പങ്കാളിയുടെ ആനന്ദം പ്രാധാന്യമുള്ളതാകുമ്പോൾ അഹത്തിനും സ്വാർത്ഥതയ്ക്കും അവിടെ സ്ഥാനമില്ല. വിശ്വസ്ഥതയിലും സ്നേഹത്തിലുമാണ് പങ്കാളികൾ തങ്ങളുടെ കൃപയുടെയും ഹൃദ്യതയുടെയും ശുദ്ധത കണ്ടെത്തുന്നത്.

ഭയവും സുരക്ഷിതത്വബോധത്തിന്റെ അഭാവവും ഉറപ്പില്ലാത്ത വിശ്വാസവുമാണ് പങ്കാളിത്തത്തിന്റെ അടിവേര് അറക്കുന്നത്. അവർ നല്ലമിത്രങ്ങളാകാൻ ശ്രമിച്ചുകൊണ്ടിരിക്കും. എന്നാൽ എല്ലാം പരാജയത്തിൽ കലാശിക്കും. അവർ വീണ്ടും ഒന്നായി തുടരാൻ പരിശ്രമിക്കും. എങ്കിലും വിള്ളലുകൾ വലുതായിക്കൊണ്ടിരിക്കും, അവർ വീണ്ടും പ്രണയിക്കാൻ തത്രപ്പെടും എങ്കിലും പരാജയപ്പെടും. കാരണം ബന്ധങ്ങളുടെ കെട്ടുറപ്പ് പരസ്പര വിശ്വാസത്തിലും അതിനെക്കാളുപരിയുള്ള ദൈവികശക്തിയിലുമാണ് ബലപ്പെടുന്നത്.

ദാമ്പത്യം ഓരോ നിമിഷത്തിലുമുള്ള സ്നേഹത്തിന്റെ പൂവിടലാണ്. അത് നൈസർഗികമായി സംഭവിക്കുന്ന ഒന്നാണ്. ആത്മാർത്ഥമായി സ്നേഹിക്കുന്നവരുടെ മദ്ധ്യേ, പരസ്പരം നന്മ കാംക്ഷിക്കുന്നവരുടെ ഇടയിൽ സ്നേഹത്തിന്റെ സൗരഭ്യം താനേ പരക്കും. അതിനായി പങ്കാളികൾ ഒന്നും ചെയ്യേണ്ടതില്ല. പൂവ് പൂവായി ഇതൾ വിരിക്കാൻ പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. തേൻ മധുരമാകാൻ പ്രത്യേകിച്ച് ഒന്നും ചെയ്യേണ്ടതില്ല. കാരണം പൂവ് വിടരുന്നതും പരിമളം പടർത്തുന്നതും തേൻ മധുരം നൽകുന്നതും അതിന്റെ തന്നെ സ്വഭാവമാണ്. ആത്മസ്നേഹമുള്ള ബന്ധങ്ങളിൽ നന്മ വിടരാൻ ഒരു സമ്മർദ്ദത്തിന്റെയും ആവശ്യമില്ല. നന്മ നൽകുക എന്നത് നന്മയുള്ളവരുടെ സ്വഭാവമാണ്.

സ്വപ്നങ്ങളും പ്രതീക്ഷകളും സ്വാർത്ഥതയും നല്ല ബന്ധങ്ങളെ തച്ചുടയ്ക്കും. എന്റെ സ്വപ്നങ്ങളുടെയും പ്രതീക്ഷകളുടെയും അച്ചിൽ വാർത്തെടുക്കേണ്ടവളാണ് എന്റെ ജീവിതപങ്കാളി എന്ന ചിന്ത, പങ്കാളിയെ വലിയ സമ്മർദ്ദത്തിലും ശ്വാസംമുട്ടലിലും പിരിമുറുക്കത്തിലും കൊണ്ടെത്തിക്കും. ആയിരിക്കുന്ന രീതിയിൽ ആകാനോ സ്നേഹിക്കുന്ന



തനത് ശൈലിയിൽ സ്നേഹിക്കാനോ കഴിയാതെ വരും. റുപർട്ട് ബ്രൂക്കിന്റെ വീട് എന്ന കവിത, സ്വപ്നത്തിൽ കണ്ട സുന്ദരിയെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. നിഴലും വെളിച്ചവും സൗന്ദര്യ സങ്കല്പങ്ങളും ആഗ്രഹസാക്ഷാൽക്കാരവും കൊണ്ട് മെനഞ്ഞെടുക്കുന്ന സ്വപ്നമായിരുന്നെങ്കിലും അത് ഒരു രാത്രിയുടെ സുഖനിദ്രയെ നഷ്ടപ്പെടുത്തി. ആഗ്രഹങ്ങൾക്കും സ്വപ്നങ്ങൾക്കും കടിഞ്ഞാണിടണം. നിങ്ങളുടെ പ്രതീക്ഷയ്ക്ക് ഒത്ത് ഒരു പങ്കാളിയും ഉയരാൻ പോകുന്നില്ല. നമ്മുടെ മനോവിചാരങ്ങൾക്ക് മൂക്കുകയർ ആവശ്യമാണ്, ഒപ്പം സ്വാർത്ഥ സ്നേഹം അന്വേഷിക്കാത്ത മനസ്സും. സ്വാർത്ഥത സ്നേഹബന്ധത്തിൽ പാഷാണമാണ്. എനിക്ക് എപ്പോഴും ലഭിക്കണമെന്ന ഇച്ഛ പങ്കാളിത്തത്തിന് വിപരീതഭാവമേ നൽകൂ.

അടുക്കുമ്പോഴും വിവാഹത്തിൽ ഒന്നാകുമ്പോഴും പരസ്പരം സ്വാധീനിക്കപ്പെടാനും ശ്രവിക്കപ്പെടാനും അനുവദിക്കണം. മധുരഭാഷണമാണ് അതിനുള്ള നല്ല വഴി. മുറിവുണ്ടാക്കുന്ന ഭാഷണശൈലിയിൽ നിന്നും ഉത്തേജിപ്പിക്കുന്ന, ഉണർത്തുന്ന, സ്നേഹവും സൗഹൃദവും ഉറപ്പിക്കുന്ന മൃദുവും സത്യസന്ധവുമായ സംഭാഷണ ശൈലിയിൽ എത്തിച്ചേരണം. ഒരാൾ ഒരാളിൽ വിലയം പ്രാപിക്കുമ്പോഴും വ്യക്തി സ്വാതന്ത്ര്യത്തിന്റെ മഹത്വം മാനിക്കണം. ഓരോരുത്തരും നവസൃഷ്ടി ആയിക്കൊണ്ടിരിക്കുന്ന യാത്രയിലാണ്. അതിനുള്ള ഇടം പങ്കാളിയിലും ഉണ്ടാകേണ്ടതുണ്ട്.

എല്ലാ ബന്ധങ്ങളും സൃഷ്ടിക്കുമ്പോൾ ദാമ്പത്യബന്ധം, അത് പ്രണയബന്ധമായാലും മാതാപിതാക്കൾ കണ്ടെത്തി നൽകിയ ബന്ധമായാലും ശരി, പരസ്പരം കണുന്നതിനും കണ്ടെത്തി നൽകുന്നതിനും മുൻപ് ദൈവം നിങ്ങളെ കണ്ടെത്തി എന്നതാണ് പങ്കാളിത്തത്തിന്റെ സൗന്ദര്യം. അവിടെയാണ് ദാമ്പത്യത്തിന്റെ ആഴവും ദൈവത്തിന്റെ കൈയൊപ്പും അടങ്ങിയിരിക്കുന്നത്. ഞാൻ നീ എന്നതിൽ നിന്നും നമ്മളിലേക്കുയരുമ്പോഴും നമ്മൾ തമ്മിലുള്ളബന്ധത്തിൽ നിന്നും ദൈവം സമ്മാനിച്ച ബന്ധം എന്ന അറിവിലേക്ക് ഉയരുമ്പോഴും ആ പങ്കാളിത്തത്തിന് ഒരു കൃപയുടെ ഭാവം ഉണ്ടാകും. അതിനാലല്ലെ എല്ലാ ബന്ധങ്ങളും പലയിടങ്ങളിലായി ജന്മം എടുക്കുമ്പോൾ ദാമ്പത്യബന്ധം അൾത്താരയുടെ മുൻപിൽ, ബലിയുടെ മദ്ധ്യേ ജന്മമെടുക്കുന്നത്. പങ്കാളിയെന്ന ആത്മബന്ധത്തെ സൗന്ദര്യമുള്ളതാക്കുന്നത് അതിനുള്ളിലെ ദൈവാംശമാണ്. ■

# ഭാരതത്തിലെ വിശുദ്ധർ

**സാധാരണ മനുഷ്യരായി ജനിച്ച് സാധാരണമായ ജീവിത സാഹചര്യങ്ങളിലൂടെ മുന്നേറി അസാധാരണമായ വിശുദ്ധിയിലേക്ക് എത്തിച്ചേർന്ന വ്യക്തിത്വങ്ങളെ സഭ നമ്മുടെ മാതൃകയ്ക്കും അനുകരണത്തിനുമായി ഉയർത്തികാണിക്കുന്നു. ഇവരെയാണ് വിശുദ്ധർ എന്ന് വിളിക്കുന്നത്.**



| | |
|---|---|
| വി. ഫ്രാൻസിസ്സ് സേവ്യർ | ഗോവ |
| വി. ഗോൺസാലോ ഗാർസിയ | വാസായി, മുംബൈ |
| വി. ജോൺ ഡി ബ്രിട്ടോ | മധുര, തമിഴ്നാട് |
| വി. ജോസഫ് വാസ് | ഗോവ |
| വി. കുര്യാക്കോസ് ഏലിയാസ് ചാവറ | കൂനമ്മാവ്, കേരളം |
| വി. മറിയം ബവാർഡി | മംഗലാപുരം, കർണ്ണാടക |
| വി. മറിയം ത്രേസ്യ ചിറമേൽ മങ്കിടയൻ | ഇരിഞ്ഞാലക്കുട, കേരളം |
| വി. അൽഫോൺസാമ്മ | പാല, കേരളം |
| വി. ഏവുപ്രാസ്യ എലുവത്തിങ്കൽ | തൃശ്ശൂർ, കേരളം |
| വി. മദർ തെരേസ്സ | കൽക്കട്ട, പശ്ചിമ ബംഗാൾ |

## സെപ്ത. 5

# ലോക ഉപവി ദിനം

**അഗതികളുടെ അമ്മയായ വിശുദ്ധ മദർ തെരേസയുടെ ചരമദിനവും തിരുന്നാൾ ദിനവുമായ സെപ്റ്റംബർ 5ന് ഐക്യരാഷ്ട്രസഭ "ഉപവി ദിനം" ആചരിക്കുന്നു.**



**ജനനം** | 1910 ഓഗസ്റ്റ് 26, അൽബേനിയായിൽ
**പേര്** | ആഗ്നസ് ഗോംക് ബൊഹാഖിയൊ
**സഭാ വസ്ത്ര സ്വീകരണം** | 1931 മെയ് 24
**മിഷണറീസ് ഓഫ് ചാരിറ്റിയുടെ സ്ഥാപനം** | 1950 ഒക്ടോബർ 7
**പത്മശ്രീ പുരസ്കാരം** | 1961
**ഭാരത രത്ന പുരസ്കാരം** | 1971
**സമാധാനത്തിനുള്ള നോബൽ സമ്മാനം** | 1979
**മരണം** | 1999 സെപ്തംബർ 5
**വാഴ്ത്തപ്പെട്ട പദവി** | 2003 ഒക്ടോബർ 19
**വിശുദ്ധിയിലേക്ക് ഉയർത്തപ്പെട്ടത്** | 2016 സെപ്തംബർ 4



■■ വർത്തമാനം

അഗസ്റ്റിൻ കണിപ്പിള്ളി









# ഇവരോട് എന്തിന് ഈ ക്രൂരത

കുടുംബം പോറ്റാൻ വേണ്ടി മത്സ്യവിപണനം തൊഴിലായി സ്വീകരിച്ച മീൻ കച്ചവടക്കാരായ സ്ത്രീജനങ്ങൾക്കു നേരെ അടുത്തിടെ വർധിച്ചുവരുന്ന ഉദ്യോഗസ്ഥതല അതിക്രമങ്ങളും കൈയേറ്റങ്ങളും സാമാന്യ നീതിയുടെ പരിധി ലംഘിക്കുന്നവയാണ്. തൊഴിൽ ചെയ്തുജീവിക്കാനുള്ള ഇവരുടെ മൗലിക അവകാശമാണ് ഇവിടെ നിഷേധിക്കപ്പെട്ടിരിക്കുന്നത്. പാരിപ്പള്ളിയിൽ കുരിശുമേരിക്കും ആറ്റിങ്ങൽ അവനവഞ്ചേരിയിൽ അൽഫോൻസിയായ്ക്കും കരമനയിൽ മരിയപുഷ്പത്തിനും നേരിടേണ്ടിവന്ന ക്രൂരതയും അപമാനവും സാമ്പത്തിക നഷ്ടവും ഒട്ടും ചെറുതല്ല. മത്സ്യക്കച്ചവടക്കാരായ ഈ സ്ത്രീജനങ്ങൾക്കുനേരെ പോലീസും നഗരസഭാ ഉദ്യോഗസ്ഥരും നടത്തിയ ക്രൂരത സാക്ഷരകേരളം കൈയുംകെട്ടി നോക്കിനിൽക്കുമെന്ന് ആരും കരുതേണ്ട. അത് ഇതിനോടകം തന്നെ തെളിയിക്കപ്പെട്ടിട്ടുമുണ്ട്. മാത്രമല്ല, അധികാരത്തിന്റെയും പദവിയുടെയും ധാർഷ്ട്യം തലയ്ക്കുപിടിച്ച നിയമപാലകരും നഗരസഭാ അധികാരികളും പാർശ്വവൽക്കരിക്കപ്പെട്ടവരും സാധുക്കളുമായ മത്സ്യത്തൊഴിലാളികളോട് കാണിക്കുന്ന മനുഷ്യത്വരഹിതമായ സമീപനം തിരുത്തിയില്ലെങ്കിൽ അതിന് കനത്ത വിലനൽകേണ്ടിവരുമെന്ന മുന്നറിയിപ്പും കഴിഞ്ഞ ദിവസങ്ങളിൽ പ്രബുദ്ധകേരളം കണ്ടു. മത്സ്യവിപണനത്തിലേർപ്പെട്ടിരിക്കുന്ന ഒട്ടുമിക്കവാറും സ്ത്രീകൾ ലത്തീൻ സമുദായത്തിൽപ്പെട്ടവരാണ്. അതുകൊണ്ട് തീരദേശവാസികളായ മത്സ്യത്തൊഴിലാളികൾ ഒരു സംഘടിത ശക്തിയല്ലെന്ന തോന്നലിൽ നിന്നുമാണ് ഈ ഉദ്യോഗസ്ഥ ദാർഷ്ട്യം മുളപൊട്ടുന്നതെങ്കിൽ ആ ധാരണയും തിരുത്താൻ കാലമായിരിക്കുന്നു. ഓഖി ദുരന്തകാലത്ത് മത്സ്യത്തൊഴിലാളികളുടെ സംഘടിത പ്രതിഷേധത്തിൽ ഔദ്യോഗികവാഹനം ഉപേക്ഷിച്ച് ഓടിരക്ഷപ്പെടേണ്ടിവന്ന കേരള മുഖ്യമന്ത്രിയുടെ അനുഭവം ഇതിനുള്ള തെളിവുകളിൽ ചിലതുമാത്രമാണ്.

മത്സ്യത്തൊഴിലാളി സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങളുടെ പേരിൽ തുറമുടക്കി, തീരദേശപാത ഉപരോധിച്ചും അഞ്ചുതെങ്ങ് താഴംപള്ളിമുതൽ കായിക്കര നെടുങ്കണ്ട വരെ മനുഷ്യച്ചങ്ങല തീർത്തും നഗരസഭാ ആസ്ഥാനത്തും സെക്രട്ടേറിയറ്റ് പടിക്കലും

**മത്സ്യവിപണനസ്ത്രീ തൊഴിലാളികൾ മുന്നോട്ടുവച്ചിട്ടുള്ള ആവശ്യങ്ങൾ അംഗീകരിച്ച് താമസംവിന നടപ്പാക്കുക, മേലിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് ആർജ്ജവമുള്ള ഒരു സർക്കാരിന് കരണീയമായിട്ടുള്ളത്.**

ധർണകളും പ്രകടനങ്ങളും സംഘടിപ്പിച്ചും മത്സ്യത്തൊഴിലാളികൾ പ്രതിഷേധിച്ചത് തങ്ങളുടെ സംഘടിതശക്തി പ്രകടിപ്പിക്കാൻ മാത്രമല്ല, തൊഴിൽ ചെയ്ത് ജീവിക്കാനുള്ള അവകാശത്തിനുവേണ്ടിക്കൂടിയാണ്.

അഞ്ചുതെങ്ങ് ഫെറോനാ ആക്ഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രതിഷേധിച്ച മത്സ്യത്തൊഴിലാളികളുടെ സംഘടിതശക്തി ബോധ്യമായ രാഷ്ട്രീയ നേതൃത്വങ്ങൾ അക്രമത്തിന് ഇരയായവർക്ക് ആശ്വാസ വാക്കുകളും പിന്തുണയുമായി എത്തിയത് ഇവിടെ ആരും കാണാതെപോകുന്നില്ല. മത്സ്യത്തൊഴിലാളി മേഖലയുടെ നീറുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരമല്ല, വോട്ടുബാങ്കാണ് ഈ രാഷ്ട്രീയ മേലാളന്മാരുടെ സന്ദർശക ലക്ഷ്യമെന്ന് മത്സ്യാഹാരം കഴിച്ചിട്ടുള്ള ഏതൊരു വ്യക്തിക്കും മനസിലാകും. അൽഫോൻസിയായെ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും പ്രതിപക്ഷനേതാവ് വി.ഡി. സതീശനും മന്ത്രി വി. ശിവൻകുട്ടിയും വീട്ടിലും ആശുപത്രിയിലും എത്തി ആശ്വസിപ്പിക്കുകയുണ്ടായി. പിന്തുണയും പ്രഖ്യാപിച്ചു. അതോടൊപ്പം ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ രാഷ്ട്രീയവും അല്ലാത്തതുമായ ഒട്ടേറെ സംഘടനകളും പ്രസ്ഥാനങ്ങളും മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പിന്തുണയും പോലീസ്-ഉദ്യോഗസ്ഥ അതിക്രമങ്ങൾക്കെതിരെ പ്രതിഷേധങ്ങളും സംഘടിപ്പിച്ച് രംഗത്തുവന്നു. ഇതെല്ലാം സൂചിപ്പിക്കുന്നത് നിയമപാലകരും നഗരസഭാ ജീവനക്കാരും മത്സ്യക്കച്ചവട സ്ത്രീകൾക്കെതിരെ സ്വീകരിച്ച നടപടി അധാർമ്മികമായിരുന്നു എന്നാണ്.

കോവിഡ് മാനദണ്ഡപാലനത്തിന്റെ പേരിലാണ് മത്സ്യക്കച്ചവടക്കാരായ സ്ത്രീകൾക്കുനേരെയുണ്ടായ അതിക്രമത്തെ ഭരണാധികാരികൾ ഉൾപ്പെടെയുള്ള ചിലർ ന്യായീകരിക്കുന്നതെങ്കിൽ തന്റെയും കുടുംബത്തിന്റെയും ജീവൻ നിലനിർത്താനുള്ള അത്യാർത്തിയാണ് ഈ സാധു സ്ത്രീകളെ മീൻചരുവം ചുമക്കാൻ നിർബന്ധിക്കുന്നതെന്നവർ അറിയണം. കോവിഡ് ലോക്-ഡൗണിന്റെ പേരിൽ വീട്ടിലിരുന്നാൽ ഇവരുടെ വയറ്റിലെ കാളൽ അവസാനിക്കില്ല. കാരണം ഇവർ മാസശമ്പളക്കാരല്ല. കോവിഡിന്റെ പേരിൽ കിട്ടുന്ന സർക്കാർ കിറ്റുകൾക്ക് മാസം മുഴുവൻ ഇവരെ ഊട്ടാനുള്ള പാങ്ങുമില്ല. ഓർമവച്ചതുമുതൽ തലയിലേറ്റിയ ഈ മീൻചരുവം തന്നെയാണ് വാർധക്യത്തിലും ഇവരുടെ ജീവസന്ധാരണമാർഗം. വഴിവക്കുകളിലും ഇടറോഡുകളിലും വീടിന്റെ പിന്നാമ്പുറങ്ങളിലും മീനുമായി എത്തുന്ന ഈ സാധു ജീവിതങ്ങൾ ഒരു ദിവസം ഉണർന്നില്ലെങ്കിൽ ഒട്ടേറെ യജമാനന്മാരുടെ തീൻമേശകൾ സജീവമല്ലാതായി തീരും. മഞ്ഞും മഴയും നോക്കാതെ കടൽക്കരയിൽ ഉറക്കമിളച്ചിരുന്ന് വള്ളക്കാരോടും ദല്ലാളന്മാരോടും കെഞ്ചിയും വഴക്കിട്ടും ചരുവം നിറയെ മീൻ സംഘടിപ്പിച്ച് തലയിൽ ചുമന്ന് മീനിന്റെ ഉളുമ്പുമണവും പേറിവരുന്ന ഈ സ്ത്രീജനങ്ങളെ സാധാരണക്കാർക്കെന്നല്ല പോലീസിനുപോലും മറക്കാനാകില്ല.

അതുകൊണ്ടുതന്നെയാണ് ആറ്റിങ്ങൽ അവനവഞ്ചേരിയിൽ കഴിഞ്ഞ 30 വർഷമായി ഒരേ സ്ഥലത്തുതന്നെയിരുന്ന് മീൻ വിറ്റിരുന്ന അൽഫോൻസിയായ്ക്കും റോഡുവക്കിലിരുന്ന് മീൻ വിറ്റ കുരിശുമേരിക്കും മരിയാപുഷ്പത്തിനും നേരെയുണ്ടായ പോലീസ്-നഗരസഭാ കൈയേറ്റങ്ങളെ നിസാരമായി കാണാൻ കഴിയാത്തത്. ആറ്റിങ്ങലിൽ നടന്നത് മനുഷ്യാവകാശ ലംഘനമാണെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മിഷനും ഈ സംഭവങ്ങൾ ദൗർഭാഗ്യകരവും കേരളത്തിന് അപമാനവുമാണെന്ന് കേരള നിയമസഭയിൽ പ്രതിപക്ഷവും പറഞ്ഞത്.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആരും എതിരല്ല. പക്ഷേ, അതോടൊപ്പം എല്ലാവർക്കും ജീവിക്കാനുള്ള അവകാശവും അവസരവും അതിനുള്ള സംവിധാനങ്ങളും ഉണ്ടാകണം. പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്കും. തൊഴിൽ ചെയ്ത് ജീവിക്കാനുള്ള അവസരവും സൗകര്യവും ഒരുക്കികൊടുത്തിട്ടുവേണമായിരുന്നു നിയമവും ചട്ടവും നടപ്പിലാക്കേണ്ടിയിരുന്നത്. സംസ്ഥാനത്ത് നിലനിൽക്കുന്ന വഴിയോരക്കച്ചവട ഉപജീവന സംരക്ഷണ നിയമമനുസരിച്ച് മത്സ്യക്കച്ചവടക്കാരായ സ്ത്രീജനങ്ങൾക്ക് ലൈസൻസും കച്ചവടം ചെയ്യാനുള്ള സ്ഥലവും ഒരുക്കിക്കൊടുക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുണ്ട്. അതുനിറവേറ്റാതെ മറ്റാരുടെയോ താല്പര്യ സംരക്ഷണത്തിനുവേണ്ടി മത്സ്യക്കച്ചവട സ്ത്രീകളുടെ മീനുകൾ വലിച്ചെറിഞ്ഞും തട്ടിത്തെറിപ്പിച്ചും മാലിന്യവണ്ടിയിൽ കയറ്റിക്കൊണ്ടുപോയും നിയമം നടപ്പാക്കാമെന്നുള്ള ധാർഷ്ട്യം പരിഷ്കൃത കേരളത്തിന് ചേർന്നതല്ല. മാത്രവുമല്ല, നിയമലംഘനം നടത്തിയെന്ന പേരിൽ കേസെടുത്ത് ഇരയെ വേട്ടയാടുന്ന പോലീസ് നടപടി അംഗീകരിക്കാനും കഴിയില്ല. ഇവിടെയാണ്, മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് നേരെ അതിക്രമം നടത്തിയ മുഴുവൻ പേരെയും സസ്പെൻഡ് ചെയ്യുകയും സംഭവങ്ങളെക്കുറിച്ച് സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കുകയും നഗരസഭ ഉദ്യോഗസ്ഥ അതിക്രമത്തിനിരയായ അൽഫോൻസിയായ്ക്ക് എതിരെയുള്ള കേസ് പിൻവലിക്കുകയും അതിക്രമങ്ങൾക്കിരയായവർക്ക് മതിയായ നഷ്ടപരിഹാരം നൽകുകയും ചെയ്യണമെന്നുള്ള തിരുവനന്തപുരം അതിരൂപതാ നേതൃത്വത്തിന്റെയും അതിരൂപതാ ഫിഷറീസ് മിനിസ്ട്രിയുടെയും അഞ്ചുതെങ്ങ് ഫെറോന ആക്ഷൻ കൗൺസിലിന്റെയും ആവശ്യങ്ങൾക്ക് പ്രസക്തിയേറുന്നത്. അതിനാൽ മത്സ്യവിപണനസ്ത്രീ തൊഴിലാളികൾ മുന്നോട്ടുവച്ചിട്ടുള്ള ആവശ്യങ്ങൾ അംഗീകരിച്ച് താമസംവിന നടപ്പാക്കുകയും മേലിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് ആർജ്ജവമുള്ള ഒരു സർക്കാരിന് കരണീയമായിട്ടുള്ളത്. ■

## ആൽഡോ. എ. ക്ലമന്റിന് ഏഷ്യ ബുക്ക് ഓഫ് റെക്കോഡ്സ് അവാർഡ്



ഓഖി പശ്ചാത്തലത്തിൽ പൂന്തുറ തീരദേശത്തുവച്ച് പൂർണമായി ചിത്രീകരിച്ച ആ. കാ. മ ( ആ കാറ്റും മഴയും) എന്ന ഹ്രസ്വചിത്രത്തിന് സെൻറ് ജോസഫ്സ് സ്കൂൾ വിദ്യാർത്ഥിയായിരുന്ന ആൽഡോ.എ.ക്ലമൻറ് ഏഷ്യ ബുക്ക് ഓഫ് റെക്കോഡ്സിൻറെയും, ഇന്ത്യ ബുക്ക് ഓഫ് റെക്കോഡ്സിൻറെയും ഗ്രാൻറ് മാസ്റ്റർ സർട്ടിഫിക്കേഷൻ യംഗസ്റ്റ് ആൻറ് ഫസ്റ്റ് ഡയറക്ടർ (ഓഖി പശ്ചാത്തലം) അവാർഡ് കരസ്ഥമാക്കി.

ഓഖി പശ്ചാത്തലത്തിൽ ഷോർട്ട്ഫിലിം തയ്യാറാക്കുന്നതിനും, തീരദേശ തനതുഭാഷയെ പുറം ലോകത്ത് എത്തിക്കുന്നതിനും ആൽഡോ എന്ന യുവാവ് കാണിച്ച ധീരതയെ അംഗീകരിച്ചുകൊണ്ടാണ് ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡ്സും ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സും ആൽഡോയെ അവാർഡിനായി പരിഗണിച്ചത്.

+2 പരീക്ഷ ഇടവേളയിൽ കോവിഡ് ലോക്ഡൌൺ സമയത്ത് സഹപാഠികളുമൊത്ത് ടീം ഐ ക്രൂവിന്റെ ബാനറിൽ തയ്യാറാക്കിയ ഈ ഹ്രസ്വചിത്രത്തിനുമുമ്പ്, കഴിഞ്ഞ വർഷം സൈബർ കെണിയെ പശ്ചാത്തലമാക്കി ഈ ടീം തയ്യാറാക്കിയ 'എന്നിൽ നിന്ന് അകലേക്ക്' എന്ന ഹ്രസ്വചിത്രത്തിന് കേരള സംസ്ഥാന ഗവൺമെൻറിൻറെ (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷൻ ടെക്നോളജി ) ബെസ്റ്റ് സ്ക്രിപ്റ്റ് റൈറ്റർ ഓഫ് കേരള ഉൾപ്പെടെ നാല് അവാർഡുകൾ ലഭിക്കുകയുണ്ടായി.

നവീൻ.ബി.രാജ്, ആകാശ്.ജെ.എസ് (ക്യാമറ) ആകാശ് ഷാനവാസ് (എഡിറ്റിംഗ്)അജുമൽ ജലീൽ (സംഗീതം) ഡബിംഗ് തുടങ്ങിയ എല്ലാ മേഖലകളിലും പ്രവർത്തിച്ചത് സെൻറ് ജോസഫ്സ് സ്കൂളിലെ വിദ്യാർത്ഥികളായിരുന്നു. വിദ്യാരംഗം കലാസാഹിത്യവേദിയുടെ കൺവീനറായ ആൻറണി ക്ലമൻറിൻറെയും മറ്റ് അധ്യാപകരുടെയും പിന്തുണ ഇവർക്ക് പ്രചോദനമായി.

# തൊഴിലാളി സംഗമവും തൊഴിലാളികളെ ആദരിക്കലും

തിരുവനന്തപുരം: പാളയം ഫെറോന കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ വെള്ളയമ്പലം റ്റിഎസ്എസ്എസ് ഹാളിൽ വച്ച് തൊഴിലാളി സംഗമം സംഘടിപ്പിച്ചു. സമ്മേളനത്തിന് മുന്നോടിയായി ആരോഗ്യ ഇൻഷുറൻസ് പദ്ധതികളെക്കുറിച്ച് സ്റ്റാർ ഹെൽത്ത് ഏജന്റ് ജോൺ ജോർജ് ക്ലാസെടുത്തു. പൊതു സമ്മേളനത്തിൽ റ്റിഎസ്എസ്എസ് ഫെറോന കോ-ഓർഡിനേറ്റർ ഫാ. ഡോ. ഗ്ലാഡിൻ അലക്സ് അധ്യക്ഷത വഹിച്ചു. കെഎൽഎം എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺഡാൾ തൊഴിലാളി ഫോറങ്ങൾ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് അവബോധം നൽകി സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ.എൽഎം കോർഡിനേറ്റർ അന്നറീറ്റ, ഫെറോന വൈസ് പ്രസിഡന്റ് മോഹനകുമാർ എന്നിവർ പ്രസംഗിച്ചു തുടർന്ന് കെഎൽഎം യൂണിറ്റുള്ള 11 ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഓരോ തൊഴിലാളികളെ മൊമന്റോ നൽകി ആദരിച്ചു. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് തൃക്കണ്ണാപുരം ഇടവകയിലെ ഒരു കാൻസർ രോഗിക്കും കുടപ്പനക്കുന്ന് ഇടവകയിലെ ഒരു നിർധനകുടുംബത്തിനും സാമ്പത്തിക സഹായവും നൽകി. ഫെറോനാ സെക്രട്ടറി ഡേവിഡ്സൺ സ്വാഗതവും ഫെറോന റീജിണൽ ആനിമേറ്റർ റീന ആന്റണി കൃതജ്ഞതയും പറഞ്ഞു.



*തൊഴിലാളി സംഗമ സമ്മേളനത്തിൽവച്ച് ആദരവേറ്റുവാങ്ങിയവർ ഫാ. ഗ്ലാഡിൻ അലക്സ്, ഫാ. ജോൺ ഡാൾ എന്നിവരോടൊപ്പം*




*മത്സ്യവിപണന സ്ത്രീകൾക്കെതിരെ വർധിച്ചുവരുന്ന അതിക്രമത്തിൽ പ്രതിഷേധിച്ച് അതിരൂപത ഫിഷറീസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ പാളയം രക്തസാക്ഷിമണ്ഡപത്തിന് മുന്നിൽ നടന്ന ധർണ മോൺ. ജെയിംസ് കുലാസ് ഉദ്ഘാടനം ചെയ്യുന്നു*



*പ്രോലൈഫ് സമിതി പ്രവർത്തകരുടെ കൂടിവരവിൽ പങ്കെടുത്തവർ അതിരൂപത കുടുംബശുശ്രൂഷ ഡയറക്ടർ ഫാ. എ ആർ ജോൺ വെള്ളയമ്പലം ഇടവക വികാരി ജോസ് ജി എന്നിവരോടൊപ്പം*

# അതിരൂപതയിൽ ജീവന്റെ സംരക്ഷണ ദിനം ആചരിച്ചു

തിരുവനന്തപുരം: ഭാരതത്തിൽ ഗർഭഛിദ്രം നിയമവിധേയമാക്കിയിട്ട് 50 വർഷം പൂർത്തിയായ ആഗസ്റ്റ് 10 ന് കെസിബിസി പ്രോലൈഫ് സമിതി ആഹ്വാനം ചെയ്ത ജീവന്റെ സംരക്ഷണ ദിനം തിരുവനന്തപുരം അതിരൂപതയിൽ കുടുംബപ്രേഷിത ശുശ്രൂഷ, പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വിവിധ പരിപാടികളോടെ ആചരിച്ചു. ചെറുവെട്ടുകാട് സെന്റ്. സെബാസ്റ്റ്യൻ ദൈവാലയത്തിൽ വച്ച് നടന്ന പ്രോലൈഫ് സമിതി പ്രവർത്തകരുടെ കൂടിവരവിലാണ് ദിനാചരണം നടന്നത്.

അതിരൂപത കുടുംബശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജെനിസ്റ്റൻ അംഗങ്ങളെ സ്വാഗതം ചെയ്തു. തുടർന്ന് ആധുനിക കാലഘട്ടത്തിൽ ജീവനെതിരേ നടക്കുന്ന തിന്മകളെ കുറിച്ചും ജീവന്റെ സുവിശേഷം പ്രഘോഷിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും ഫാ. ഷൈനിസ് ബോസ്കോയുടെ നേതൃത്വത്തിൽ ക്ളാസ്സ് നടന്നു. ഭാരതത്തിൽ ദിനംപ്രതി അൻപതിനായിരത്തിലധികം കുരുന്നുകൾ അമ്മയുടെ ഉദരത്തിൽ വച്ച് തന്നെ കൊല്ലപ്പെടുന്ന ഒരു മരണസംസ്ക്കാരം രാജ്യത്ത് വളർന്നു വരുന്നുവെന്നും അതിന് ബദലായി ജീവന്റെ സംസ്ക്കാരം വളർത്തികൊണ്ട് വരാൻ നാം ബോധപൂർവ്വം പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് ഏഴ് മക്കളുടെ പിതാവായ ബിനോജ് തന്റെ അനുഭവസാക്ഷ്യം പങ്കുവച്ചു. ഉദരഫലം ദൈവത്തിന്റെ സമ്മാനം എന്ന വചനമാണ് കൂടുതൽ മക്കൾക്ക് ജന്മം നല്കാൻ തന്നെ പ്രചോദിപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു. ഓരോ കുഞ്ഞും ദൈവത്തിന്റെ സമ്മാനമാണ്. സമൂഹത്തിന്റെ വിവിധ കോണുകളിൽ നിന്ന് ഉയർന്ന പരിഹാസങ്ങൾ തന്നെ തളർത്തിയില്ലന്നും പകരം വലിയ കുടുംബ രൂപീകരണത്തിലൂടെ ദൈവത്തിന്റെ സ്നേഹവും പരിപാലനവും കൂടുതൽ ആഴത്തിൽ അനുഭവിക്കാൻ സാധിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് അതിരൂപതയുടെ ആദരവും ബിനോജ് ഏറ്റുവാങ്ങി. അതിരൂപത കുടുംബശുശ്രൂഷ ഡയറക്ടർ ഫാ. എ ആർ ജോൺ വെള്ളയമ്പലം ഇടവക വികാരി ജോസ് ജി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## പുല്ലുവിള ഫെറോന റ്റിഎസ്എസ്എസ് ഓഫീസ് ഉദ്ഘാടനം ചെയ്തു

പുല്ലുവിള ഫെറോനയിൽ സ്ത്രീ ശാക്തീകരണ പ്രോജക്റ്റിന്റെ ഭാഗമായി 'TSSS Skill Training for Women in Building' എന്ന പരിശീലനപ്രക്രിയയിൽ പങ്കാളികളായ സ്ത്രീകളുടെകൂടെ ശ്രമഫലമായി നവീകരിച്ചു പൂർത്തിയാക്കിയ പുല്ലുവിള ഫെറോന TSSS ഓഫീസ്, പുല്ലുവിള ഫെറോന വികാരി ഫാദർ സിൽവസ്റ്റർ കുരിശ്, ഇടവക വികാരി ഫാദർ ക്രിസ്റ്റൽ റൊസാരിയോയുടെയും മറ്റു വൈദികരുടെയും സാനിധ്യത്തിൽ ആശീർവദിച്ചു ഉത്ഘാടനം ചെയ്തു.



*പുല്ലുവിള ഫെറോന റ്റിഎസ്എസ്എസ് ഓഫീസിന്റെ ആശീർവാദം പുല്ലുവിള ഫെറോനാ വികാരി ഫാ. സിൽവസ്റ്റർ കുരിശ് നിർവഹിക്കുന്നു. റ്റിഎസ്എസ്എസ് ഡയറക്ടർ ഫാ. സാബാസ് ഇഗ്നേഷ്യസ് സമീപം*

# വിദ്യാഭ്യാസ ശുശ്രൂഷ സമിതി അതിരൂപത ഭാരവാഹികളെ തെരഞ്ഞെടുത്തു



*ആന്റണി (വൈസ് പ്രസിഡന്റ്), റാണി (സെക്രട്ടറി), സിസ്റ്റർ വലന്റീനാ (സിസ്റ്റർ റെപ്രസെന്റേറ്റീവ്), എഡ്യൂക്കേഷൻ എക്സ്പർട്ടുമാരായ എലിസബസത്ത്, ഫാത്തിമ, ജോയി, ജൂബി ബീന (സ്കൂൾ ഡവലപ്മെന്റ്), ആന്റണി ക്ലമന്റ് (സ്റ്റുഡൻസ് ഫോറം), ഔദ (ഹയർ എഡ്യൂക്കേഷൻ)*

വെള്ളയമ്പലം: അതിരപൂത വിദ്യാഭ്യാസ ശുശ്രൂഷയുടെ നേതൃത്വത്തിൽ ഫെറോന വിദ്യാഭ്യാസ ഭാരവാഹികൾക്ക് 'വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ പുരോഗതി' എന്ന വിഷയത്തെ ആസ്പദമാക്കി പഠനക്ലാസ് സംഘടിപ്പിച്ചു. വിദ്യാഭ്യാസ ശുശ്രൂഷ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ഇമ്മാനുവൽ ക്ലാസ് നയിച്ചു. ശരിയായ വിദ്യാഭ്യാസത്തിലൂടെയേ നമ്മുടെ വിദ്യാർഥികളുടെ ധാർമിക-സാംസ്കാരിക വളർച്ച സാധ്യമാക്കാൻ സാധിക്കുകയുള്ളൂവെന്ന് ഫാ. ഇമ്മാനുവൽ അഭിപ്രായപ്പെട്ടു. ഓരോ ഇടവകയിലുമുള്ള എല്ലാ വിദ്യാർഥികൾക്കും നല്ല വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാഭ്യാസ ശുശ്രൂഷ സമിതി അംഗങ്ങൾ ഉറപ്പുവരുത്തണമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് നടന്ന അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ആന്റണി വൈസ് പ്രസിഡന്റായും, റാണി സെക്രട്ടറിയായും ആന്റണി ക്ലമന്റ് സ്റ്റുഡൻസ് ഫോറം കൺവീനറായും സിസ്റ്റർ വലന്റീനാ സിസ്റ്റർ പ്രതിനിധിയായും ജൂലി ബീന സ്കൂൾ വികസന കൺവീനറായും ജോയി, എലിസബത്ത്, ഫാത്തിമ എന്നിവരെ എക്സിക്യൂട്ടീവ് അംഗങ്ങളായും തെരഞ്ഞെടുത്തു.

# പുത്തൻ നേതൃത്വവുമായി കെ.സി.എസ്.എൽ




*കെസിഎസ്എലിന്റെ പുതിയ ആനിമേറ്റേഴ്സ് ഡയറക്ടർ ഫാ. നിജു അജിത്തിനോടൊപ്പം*

തിരുവനന്തപുരം: അതിരൂപതയുടെ കെ.സി.എസ്.എൽ. 2021–22 അധ്യയന വർഷത്തിലെ ആനിമേറ്റേഴ്സിന്റെ യോഗം എല്ലാവിധ കോവിഡ് മാനദണ്ഡങ്ങളോടും കൂടെ അതിരൂപത സാമൂഹിക ശുശ്രുഷ സമതി മന്ദിരത്തിൽ വച്ച് നടത്തി. അതിരൂപത സഹായ മെത്രാൻ ഡോ ക്രിസ്തുദാസ് ആർ ഉൽഘാടനം ചെയ്തു. അദ്ധ്യാപനത്തോടൊപ്പം വിദ്യാർഥികളുടെ ആത്മീയതലങ്ങളുടെ ഉത്തരവാദിത്വവും അധ്യാപകർക്കുണ്ട് എന്ന് ബിഷപ്പ് ഉദ്ബോധിപ്പിച്ചു. അതിരൂപത കുടുംബ ശുശ്രൂഷാ ഡയറക്ടർ ഫാ. എ.ആർ. ജോൺ ഓൺലൈൻ വിദ്യാഭ്യാസാന്തരീക്ഷത്തിലെ വെല്ലുവിളികളും സാധ്യതകളും എന്ന വിഷയത്തെ സംബന്ധിച്ച് ആനിമേറ്റേഴ്സിന് ക്ലാസ് എടുത്തു.

2021–23 വർഷങ്ങളിലേക്ക് പുതിയ ആനിമേറ്റേഴ്സിനെ തെരഞ്ഞെടുക്കുത്തു. പുതിയ നേതൃത്വം നിലവിൽ വന്നു. ആ.കാ.മ. എന്ന ഷോർട്ട് ഫിലിമിലൂടെ ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സും ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇടം നേടിയ കെ.സി.എസ്.എൽ പൂർവ്വ വിദ്യാർത്ഥിയായ ആൽഡോ എ ക്ലമന്റിനെ യോഗം അനുമോദിച്ചു. അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ.മെൽക്കൺ അധ്യക്ഷത വഹിച്ചു KCSL ഡയറക്ടർ ഫാ.നിജു അജിത് പ്രസംഗിച്ചു.

# മരിയൻ ക്രാഫ്റ്റ് & ആർട്സ് സെന്ററിൽ കോഴ്സ് പൂർത്തിയാക്കിയ മുഴുവൻ പേർക്കും തൊഴിൽ ലഭിച്ചു

തിരുവനന്തപുരം: ആദ്യവർഷത്തിൽ തന്നെ, പഠിച്ച് SWISSMEM NSDC സർട്ടിഫിക്കറ്റുമായി പുറത്തിറങ്ങിയ എല്ലാവർക്കും ജോലി നൽകി, ഈ കൊറോണക്കാലത്തും അത്ഭുതമായി മാറുകയാണ് മരിയൻ ക്രാഫ്റ്റ് & ആർട്സ് സെന്റർ ഓഫ് എക്സലൻസ്. പത്തൊമ്പത് പേർ പഠിക്കാനെത്തിയ ആദ്യബാച്ചിലെ കോഴ്സ് പൂർത്തിയാക്കിയ പതിനാലുപേരേയും ഫലം വന്നയുടനെ കോയമ്പത്തൂരിലെ ഏസ് ടെക്ക് ഗ്രൂപ്പ് ഓഫ് കമ്പനീസാണ് പരീക്ഷയും അഭിമുഖവും നടത്തി റിക്രൂട്ട് ചെയ്തത്. പ്രാരംഭശമ്പളമായി പതിനയ്യായിരം രൂപയാണ് നൽകുന്നതെന്നും കമ്പനി അറിയിച്ചു. വർഷങ്ങളായി തിരുവനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലാണ് മരിയൻ ക്രാഫ്റ്റ് & ആർട്സ് സെന്റർ ഓഫ് എക്സലൻസ് പ്രവർത്തിച്ചുവരുന്നത്. ആദ്യ ബാച്ച് ഇക്കഴിഞ്ഞ ജൂലൈ മാസത്തിലാണ് വിജയകരമായി കോഴ്സ് പൂർത്തിയാക്കിയത്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന SKILLSONICS എന്ന സ്ഥാപനമാണ് കോഴ്സുകൾ നടത്തിയതും SWISSMEM NSDC സർട്ടിഫിക്കറ്റു നൽകിയതും. ഒരു വർഷ ദൈർഘ്യമുള്ള രണ്ടു കോഴ്സ്കൾ (പ്രൊഡക്ഷൻ ടെക്നീഷ്യൻ ഇലക്ട്രിക്കൽ കോഴ്സും പ്രൊഡക്ഷൻ ടെക്നിക്കൽ വെൽഡിംഗ് & ഫാബ്രിക്കേഷൻ കോഴ്സും) ഇവിടെ നടന്നു വരുന്നത്. സ്വിസ്സ് അംഗീകാരമുള്ള കോഴ്സുകളാണിവ.



*മരിയൻ ക്രാഫ്റ്റ് ആൻഡ് ആർട്സ് സെന്ററിൽ നിന്ന് കോഴ്സ് പൂർത്തിയാക്കി തൊഴിൽ നേടിയവർ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, മോൺ. ഇ. വിൽഫ്രഡ്, ഫാ. സാബാസ് ഇഗ്നേഷ്യസ് തുടങ്ങിയവരോടൊപ്പം*

# അനുഗ്രഹഭവന്റെ 'മഴവില്ല്' ഇ-മാഗസിൻ പ്രകാശനം ചെയ്തു

തിരുവനന്തപുരം: അതിരൂപതയുടെ ധ്യാനകേന്ദ്രമായ അനുഗ്രഹ ഭവൻ 'മഴവില്ല്' എന്ന പേരിൽ ഇ-മാഗസിൻ പ്രസിദ്ധികരിച്ചു. അതിരൂപത അധ്യക്ഷൻ ഡോ. സൂസ പാക്യം മാഗസിൻ പ്രകാശനം ചെയ്തതു. കോവിഡ് മഹാമാരിയുടെ ഈ അവസരത്തിൽ കൂട്ടായ പ്രാത്ഥനകൾക്കോ, സമൂഹ ദിവ്യബലികൾക്കോ അനുമതി ലഭിക്കുന്നത് വരെയും വാഴ്ത്തപ്പെട്ട കാർലോ അക്വിസ്റ്റസിന്റെ മാതൃക പിന്തുടർന്ന് ഓൺലൈൻ സാമൂഹിക മാധ്യമങ്ങളിലൂടെ സുവിശേഷവത്കരണമാണ് ഇ- മാഗസീനിലൂടെ ഉദ്ദേശിക്കുന്നത് എന്ന് ഫാ. നിഷാൻ നിക്കോളാസ് പറഞ്ഞു. നവമാധ്യമങ്ങൾ ആത്മീയ കാര്യങ്ങൾക്ക് കൂടി ഉപയോഗപ്രദമാകുവാൻ ഉതകുന്നവയാണെന്നും അനുഗ്രഹ ഭവൻ ഡയറക്ടർ മോൺ. ജോർജ് പോൾ പറഞ്ഞു.

ഇതോടൊപ്പം ധ്യാനകേന്ദ്രത്തിൽ ആഴ്ചതോറും ഓൺലൈനായി 'അഗാപ്പെ' പ്രാർത്ഥന കൂട്ടായ്മയും, മറ്റു ഓൺലൈൻ പ്രാർഥനാ ശുശ്രുഷകളുമായി നടന്നുവരുന്നു. കോവിഡ് കാലഘട്ടത്തിന്റെ ആരംഭത്തിൽ ദിവ്യബലിയും മറ്റു പ്രാർത്ഥന കൂട്ടായ്മകളും സാധിക്കാതെ വന്നപ്പോൾ വിശ്വാസികളുടെ ആവശ്യപ്രകാരമാണ്കഴിഞ്ഞ മാർച്ച് മാസം മുതൽ 'അഗാപ്പെ' ഓൺലൈൻ പ്രാർത്ഥന കൂട്ടായിമ എന്ന ആശയം ഉടലെടുത്തത്. കേരളത്തിനകത്തും പുറത്തുമുള്ള വൈദികരെയും സന്യസ്തരേയും സംയോജിപ്പിച്ചുകൊണ്ടുള്ള പ്രെയർ മീറ്റിങ്ങുകൾ എല്ലാ ഞായറാഴ്ചകളിലുമാണ് ഓൺലൈനായി സംഘടിപ്പിക്കുന്നത്. ഇതര മതസ്ഥരും ഞായറാഴ്ചകളിലെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുക്കുന്നുണ്ട്. കരുണക്കൊന്ത, ജപമാല എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന വാട്സപ്പ് ഗ്രൂപ്പുകളും ഈ കൂട്ടായ്മയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.



ശനിയാഴ്ചകളിൽ പ്രാർത്ഥന നിയോഗങ്ങളോടെ പ്രത്യേക പ്രാർത്ഥന കൂട്ടായ്മയും നടത്തി വരുന്നു. അനുഗ്രഹ ഭവൻ ഡയറക്ടർ മോൺ. ജോർജ് പോൾ ആണ് പ്രാർത്ഥന കൂട്ടായ്മയുടെ ആത്മീയനിയന്താവ്. ഫാ. നിഷാൻ നിക്കോളസാണ് പ്രാർത്ഥന കൂട്ടായ്മ നയിക്കുന്നത്. ബ്ര. റൂബിൻ റൂസ്സോയാണ് ഓൺലൈൻ മീറ്റിംഗിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ചെയ്യുന്നത്. എല്ലാ ദിവസവും പ്രഭാത ആരാധനയും, ദിവ്യബലിയും അനുഗ്രഹഭവൻ യൂട്യൂബ് ചാനലിലൂടെ തത്സമയ സംപ്രേക്ഷണവും ചെയ്യുന്നു. കൂടാതെ എല്ലാ മാസവും ഇമാഗസിൻ പുറത്തിറക്കാൻ ഉള്ള തയാറെടുപ്പിലാണെന്നും അധികാരികൾ അറിയിച്ചു.



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 23-ാം ഞായർ (സെപ്തം. 05)

**നീർച്ചാലുകൾ**

ഫാ. ഡൈസൻ

# എഫ്ഫാത്ത

ഏശ. 35: 4-7 | യാക്കോ. 2: 1-5 | മാർക്കോ. 7: 31-37

മിശിഹാ വരുമ്പോൾ ബധിരന്റെ ചെവി തുറക്കപ്പെടുകയും മൂകന്റെ നാവ് സന്തോഷഗാനം ഉതിർക്കുകയും ചെയ്യുമെന്ന ഏശയ്യായുടെ പ്രവചനം (ഏശ 35: 5-6) യേശുവിൽ പൂർത്തീകരിക്കപ്പെടുന്ന സുവിശേഷ ഭാഗമാണ് (മർക്കോ 9:31-37) നമ്മുടെ ചിന്തക്ക് വിഷയമാകുന്നത്. യേശുവാണ് യഥാർത്ഥ മിശിഹയെന്നും ദൈവപുത്രനെന്നും തിരിച്ചറിഞ്ഞ ജനങ്ങൾ യേശുവിനെക്കുറിച്ച് ഇപ്രകാരം പറയുന്നു: 'അവൻ എല്ലാ കാര്യങ്ങളും നന്നായി ചെയ്യുന്നു.' എല്ലാം നന്നായി ചെയ്യാൻ ദൈവത്തിനു മാത്രമെ സാധിക്കുകയുള്ളുവെന്ന് ഉല്പത്തി പുസ്തകം ആദ്യ അധ്യായം വെളിപ്പെടുത്തുന്നു. താൻ സൃഷ്ടിച്ചതെല്ലാം വളരെ നന്നായിരിക്കുന്നുവെന്നു ദൈവം കണ്ടു (ഉല്പ 1:31). ദൈവം എല്ലാം നന്നായി ചെയ്യുന്നത് മനുഷ്യന്റെ നന്മയ്ക്കായിട്ടാണ് (റോമ 8:28). യേശുവിന്റെ കരസ്പർശത്തിലൂടെ ബധിരനും മൂകനുമായ മനുഷ്യന്റെ കാതുകൾ തുറന്നതും നാവിന്റെ കെട്ടുകൾ അഴിഞ്ഞതും ആ മനുഷ്യന്റെ നല്ലതിനുവേണ്ടിയായിരുന്നു. അവന്റെ നന്മക്കുവേണ്ടിയായിരുന്നു. ഈ സുവിശേഷഭാഗം മൂന്നു ചിന്തകളാണ് നൽകുന്നത്.


### 1. യേശുവിന്റെ സവിധേ കൊണ്ടുവരാം

ഒരു മനുഷ്യന്റെ ജീവിതത്തിൽ ഏറ്റവും വലിയ ദാരിദ്ര്യവും ദുരന്തവും ക്രിസ്തുവിനെ നഷ്ടപ്പെടുത്തുന്നതോ, അവന്റെ അടുക്കൽ എത്താതിരിക്കുന്നതോ ആണ്. ക്രിസ്തുവിനെ നഷ്ടപ്പെടുത്തുകയും, അവന്റെ സവിധേ എത്താതിരിക്കുകയും ചെയ്ത യൂദാസിന്റെ അന്ത്യം അതിദാരുണമായിരുന്നു (മത്താ 27: 3-5). പഴയകാല ജീവിതത്തിലെ തിന്മകൾക്ക് വിട പറഞ്ഞുകൊണ്ട് യേശുവിന്റെ സന്നിധിയിലെത്തിയ സക്കേവൂസ് രക്ഷ പ്രാപിക്കുന്നു. എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട് മരണം മുന്നിൽ കണ്ട് ജീവിച്ച രക്തസ്രാവക്കാരിയായ സ്ത്രീ യേശുവിന്റെ പക്കൽ വരുന്നതോടെ 12 വർഷകാലത്തെ ദുരിതപൂർണ്ണമായ അസുഖത്തിൽ നിന്ന് മോചനം പ്രാപിക്കുന്നു.

നിത്യസൗഖ്യവും, നിത്യസന്തോഷവും, നിത്യരക്ഷയുമുള്ള യേശുവിന്റെ പക്കൽ നന്മയുള്ള നാല് സുഹൃത്തുക്കളാൽ കിടക്കയോടു കൂടി ചുമന്നു കൊണ്ടുവരപ്പെട്ട തളർവാതരോഗിക്ക് പരിപൂർണ്ണസൗഖ്യം ലഭിക്കുന്നു (ലൂക്കാ 5:18-25) . ഏകാന്തതയിൽ, ഒറ്റപ്പെടലിൽ, ബന്ധങ്ങളിൽ വിള്ളലുണ്ടാകുമ്പോൾ, എല്ലാ പ്രതീക്ഷകളും നഷ്ടപ്പെടുമ്പോൾ യേശുവിന്റെ പക്കൽ നമ്മൾ സ്വയം വരുകയോ, മറ്റുള്ളവർ നമ്മെ കൊണ്ടുവരുകയോ ചെയ്യണം. യേശുവിന്റെ പക്കൽ ജനങ്ങളാൽ കൊണ്ടുവരപ്പെട്ട ബധിരനും മൂകനുമായ മനുഷ്യന് പരിപൂർണ്ണ സൗഖ്യം ലഭിക്കുന്നു. യേശുവിന്റെ അടുത്ത് അമ്മമാരാൽ കൊണ്ടുവരപ്പെട്ട കുഞ്ഞുങ്ങൾക്ക് അനുഗ്രഹം ലഭിക്കുന്നു. അന്ത്ര



ജീവിതത്തിൽ നന്മയുടെ വസന്തം വിരിഞ്ഞ് കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മൾ ചെല്ലേണ്ടത് യേശുവിന്റെ അടുക്കലേക്കാണ്. കാരണം അവന്റെ സന്നിധിയിൽ ബലഹീനത ശക്തിയായി മാറുന്നു. ശാപങ്ങൾ അനുഗ്രഹങ്ങളായി മാറുന്നു. തപിച്ച മണലാരണ്യം ജലാശയമായി മാറുന്നു.



യോസാൽ യേശുവിന്റെ പക്കൽ കൊണ്ടു വന്ന ശിമോൻ പത്രോസിന് നിത്യരക്ഷയും അപ്പസ്തോല സംഘത്തിലെ പ്രഥമസ്ഥാനവും ലഭിക്കുന്നു. യേശുവിന്റെ സവിധെ സമറിയാക്കാരിയായ സ്ത്രീ ഒരു ഗ്രാമത്തെ മുഴുവൻ കൊണ്ടു വരുന്നതിലൂടെ ആ ഗ്രാമത്തിന് നിത്യരക്ഷ ലഭിക്കുന്നു. ബധിരനും മൂകനുമായ മനുഷ്യനെ ആൾക്കാർ യേശുവിന്റെ പക്കൽ കൊണ്ടു പോയതുപോലെ ആർത്തരെയും, ആലംബഹീനരെയും യേശുവിന്റെ പക്കൽ കൊണ്ടു ചെന്ന വി. മദർ തെരേസയെ നമ്മൾ മാതൃകയാക്കേണ്ടിരിക്കുന്നു. നമ്മുടെ വീട്ടിലും, സുഹൃത്ത് വലയത്തിലും, സമൂഹത്തിലും യേശുവിന്റെ സഹായം ആവശ്യമുള്ള എല്ലാവരെയും അവന്റെ അടുക്കൽ കൊണ്ടുവരുന്നതാവണം നമ്മുടെ ദൗത്യവും, ധർമ്മവും.

ജീവിതത്തിൽ നന്മയുടെ വസന്തം വിരിഞ്ഞ് കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ നമ്മൾ ചെല്ലേണ്ടത് യേശുവിന്റെ അടുക്കലേക്കാണ്. കാരണം അവന്റെ സന്നിധിയിൽ ബലഹീനത ശക്തിയായി മാറുന്നു. ശാപങ്ങൾ അനുഗ്രഹങ്ങളായി മാറുന്നു. തപിച്ച മണലാരണ്യം ജലാശയമായി മാറുന്നു. ദുഃഖം സന്തോഷമായും രോഗം സൗഖ്യമായും നിരാശ പ്രത്യാശയായും മാറുന്നു. കാരണം അവൻ ദൈവമാണ്! നമ്മെ സുഖപ്പെടുത്തുന്ന അനുഗ്രഹിക്കുന്ന കർത്താവായ ദൈവം!

## 2. കരുതലുള്ളവരാകാം

ക്ഷയവും ക്യാൻസറുമല്ല ഏറ്റവും ഭയാനകമായ രോഗങ്ങൾ. ആർക്കും വേണ്ടാത്തവരായിരിക്കുകയും സ്നേഹിക്കപ്പെടാതിരിക്കുകയും ചെയ്യുന്നതാണ് കൂടുതൽ മാരകമായ രോഗങ്ങളെന്നും വി. മദർ തെരേസായുടെ നിരീക്ഷണം അന്നും ഇന്നും പ്രസക്തമാണ്. ആശയവിനിമയ ലോകത്ത് ബധിരനും മൂകനുമായ മനുഷ്യൻ ഒറ്റപ്പെട്ട ദ്വീപുപോലെ ഏകാന്തതയിൽ ജീവിക്കുകയായിരുന്നു. അവന്റെ ദുർഗതിയിൽ മനസ്സലിഞ്ഞ് ജനക്കൂട്ടം അവനെ യേശുവിന്റെ അടുക്കൽ കൊണ്ടു വന്നു. ഈ ലോകത്ത് ആർക്കും വേണ്ടാത്തവൻ ഒന്നിനും കൊള്ളാത്തവൻ മറ്റുള്ളവർക്ക് ഭാരമായി മാറുന്നവൻ എന്നുള്ള ചിന്ത മാറ്റാനും, അവൻ ദൈവത്തിന് പ്രിയപ്പെട്ടവനാണെന്ന ബോധ്യം നല്കാനും യേശു അവനെ ജനക്കൂട്ടത്തിൽ നിന്നും മാറ്റി നിറുത്തി അവന്റെ ചെവികളിൽ വിരലിടുകയും, പൗരസ്ത്യവിശ്വാസമനുസരിച്ച് രോഗനിവാരണ ശക്തിയുള്ള തുപ്പൽ കൊണ്ട് നാവ് സ്പർശിക്കുകയും ചെയ്തപ്പോൾ അവൻ പൂർണ്ണ സൗഖ്യമുള്ള വ്യക്തിയായി മാറി. വ്യക്തിപരമായി നമ്മെ കരുതുന്ന ദൈവത്തിന്റെ ചിത്രമാണ് ഈ അത്ഭുതത്തിൽ തെളിയുന്നത്.

ജനക്കൂട്ടത്തിൽ നിന്ന് മാറി ദൈവത്തിന്റെ സന്നിധിയിൽ മാത്രമായിരിക്കുമ്പോൾ മഹാത്ഭുതങ്ങൾ സംഭവിക്കുന്നു. ജനക്കൂട്ടത്തിൽ നിന്ന് മാറി താബോറിലായിരുന്ന ശിഷ്യഗണം യേശുവിന്റെ യഥാർത്ഥ രൂപം ദർശിക്കുന്നു (മത്താ 17:2). ജനക്കൂട്ടത്തിൽ നിന്ന് മാറി സീനായ് മലയിൽ ആയിരുന്ന മോശയുടെ മുഖം തേജോമയമായി മാറി (പുറ 34:29). ജനക്കൂട്ടത്തിൽ നിന്ന് മാറിയപ്പോഴാണ് ജെയ്റസിന്റെ മകൾ സുഖം പ്രാപിക്കുന്നത്. ജനക്കൂട്ടത്തിൽ നിന്ന് മാറ്റപ്പെട്ട ബധിരനും മൂകനുമായ മനുഷ്യൻ സൗഖ്യം പ്രാപിക്കുന്നത് യേശുവിന്റെ വ്യക്തിപരമായ കരുതലിലൂടെയാണ്.

ഈ അത്ഭുതം ജ്ഞാനസ്നാനമെന്ന കൂദാശയെ ഓർമ്മപ്പെടുത്തുന്നു. പുരോഹിതൻ ജ്ഞാനസ്നാനർത്ഥിയുടെ ചെവിയിലും അധരങ്ങളിലും പെരുവിരൽ കൊണ്ട് കുരിശടയാളം വരച്ച് ഇങ്ങനെ പ്രാർത്ഥിക്കുന്നു. ദൈവവചനം കേൾക്കുന്നതിന് നിന്റെ ചെവികളെയും പിതാവായ ദൈവത്തിന്റെ സ്തുതിക്കും മഹിമയ്ക്കുമായി വിശ്വാസം പ്രഖ്യാപിക്കുന്നതിനും നിന്റെ അധരങ്ങളെയും അവിടന്ന് സ്പർശിക്കുമാറാകട്ടെ. ആദിമ ക്രിസ്ത്യാനികൾ ജ്ഞാനസ്നാനമെന്ന കൂദാശയിൽ ചെവികളെയും അധരങ്ങളെയും സ്പർശിക്കുന്ന കർമ്മത്തെ ഉൾച്ചേർത്തതിലൂടെ ഈ കർമ്മം കൗദാശിക സ്വഭാവം വെളിപ്പെടുത്തുന്ന അടയാളങ്ങളായി മാറി.

## 3. എഫ്ഫാത്ത അനുഭവത്തിലേക്ക് കടന്നുവരാം

ബധിരനും മൂകനുമായ മനുഷ്യന്റെ കാര്യത്തിൽ സ്വർഗ്ഗത്തെ നോക്കിയുള്ള യേശുവിന്റെ നെടുവീർപ്പ് ഫലം കാണുന്നു. എന്നാൽ നമ്മെ നോക്കിയുള്ള യേശുവിന്റെ നെടുവീർപ്പിന് ഫലം കാണണമെങ്കിൽ എഫ്ഫാത്ത അനുഭവത്തിലൂടെ നമ്മൾ കടന്നുപോകണം! 'എഫ്ഫാത്ത' എന്ന അരമായ പദത്തിന്റെ അർത്ഥം 'തുറക്കപ്പെടട്ടെ' എന്നാണ്. ബന്ധനങ്ങൾ അഴിയുന്ന, കെട്ടുകൾ പൊട്ടുന്ന, അടഞ്ഞു പോയവ തുറക്കപ്പെടുന്ന ആത്മരക്ഷയുടെ അനുഭവമാണ് എഫ്ഫാത്ത്! എമ്മാവൂസിലെ ശിഷ്യർ നിരാശയുടെ നീർക്കയത്തിൽ നിന്നും പ്രത്യാശയുടെയും രക്ഷയുടെയും ലോകത്ത് കടന്നു വരുന്നത് വചനപ്രഘോഷണത്തിലൂടെയും അപ്പം മുറിക്കൽ ശുശ്രൂഷയിലൂടെയും അടഞ്ഞുപോയ അവരുടെ മനസ്സും, ഹൃദയവും, ആത്മാവും തുറക്കപ്പെട്ടതു കൊണ്ടാണ്.

പാപിനിയായ സ്ത്രീ പാപത്തിന്റെ പാശത്താൽ അവളുടെ ജീവിതത്തെ തിന്മയുടെ ലോകത്ത് തളച്ചിട്ടു. എന്നാൽ യേശുവിന്റെ പക്കൽ വന്ന അവൾ മേലിൽ പാപം ചെയ്യരുതെന്ന യേശു വചനം കേട്ടപ്പോൾ പാപത്തിന്റെ കയറുകൾ പൊട്ടുകയും, അടഞ്ഞുപോയ അവളുടെ ജീവിതവാതിലുകൾ സ്വർഗ്ഗത്തെ നോക്കി തുറക്കപ്പെടുകയും ചെയ്യുന്നു. തിന്മയുടെയും മുൻവിധികളുടെയും ചെതുമ്പലുകൾ സാവൂളിന്റെ കണ്ണിൽ നിന്ന്, ദൈവത്തെകൊണ്ട് നിറഞ്ഞ അനനിയാസിന്റെ കൈവയ്പ്പു ശുശ്രൂഷയിലൂടെ അടർന്നു വീണപ്പോഴാണ് അടഞ്ഞുപോയ അവന്റെ കണ്ണുകൾ തുറക്കുകയും കാഴ്ച തിരിച്ചു ലഭിക്കുകയും ചെയ്യുന്നത് (അപ്പ 9:17-18).

അസ്സീസിയിലെ ഫ്രാൻസീസ് പക്ഷികളോട് സംസാരിക്കുകയും ശൃംഗരിക്കുകയും ചെയ്തുകൊണ്ടു നില്കുമ്പോൾ സംഗീത സാമ്രാട്ടായ ഗൂലേൽമൂസ് റോമിലെ കാപ്പിറ്റോളിൽ വച്ച് സംഗീത ചക്രവർത്തിയായി കീരിടം അണിഞ്ഞ് ആ വഴിയെ വരികയായിരുന്നു. ഫ്രാൻസിസിന്റെ സംഭാഷണം കേട്ട് അയാൾ വിതുമ്പി കരഞ്ഞുകൊണ്ട്, അവന്റെ മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് പറഞ്ഞു: ഇത്രയുംനാൾ ഞാൻ അന്ധനായിരുന്നു. എനിക്കിപ്പോൾ കാഴ്ച കിട്ടി. ഞാൻ മരിച്ചവനായിരുന്നു എനിക്ക് ജീവൻ കിട്ടി. എന്നെ സ്വീകരിക്കൂ. വീണ്ടും അദ്ദേഹം പറഞ്ഞു. ഇക്കാലമത്രയും ഞാൻ പാടിയിരുന്നത് സ്ത്രീകളുടെയും, വീഞ്ഞിന്റെയും ലഹരിയെ കുറിച്ചാണ്. ഇനി ഞാൻ ദൈവസ്തുതി ആലപിക്കട്ടെ. അയാൾ തലയിലെ പുഷ്പകീരിടമെടുത്ത് ദൂരെയെറിഞ്ഞു. ഫ്രാൻസീസ് അയാളുടെ നെറുകയിൽ ചുംബിച്ചു സ്വീകരിച്ചു. എഫ്ഫാത്ത അനുഭവത്തിലൂടെ കടന്നുപോകുന്നവർ യേശു പ്രഘോഷകരാകും.

രോഗികളെയും അംഗപരിമിതരെയും സ്പർശിച്ചാൽ അശുദ്ധമാകുന്ന ആ കാലത്ത് യേശു അവരെ തൊട്ടതിലൂടെ മനുഷ്യകുലവുമായി താദാത്മ്യം പ്രാപിക്കുകയും, മനുഷ്യ സ്നേഹിയായി മാറുകയും ചെയ്യുന്നു. മനുഷ്യ സ്നേഹിയായ യേശു നമ്മളുമായി വൈയക്തിമായ ബന്ധം സ്ഥാപിക്കാൻ ഒരു എഫ്ഫാത്ത അനുഭവത്തിനായി ക്ഷണിക്കുന്നു. അതിലേക്കായി അവന്റെ അടുത്തു വരികയും, മറ്റുള്ളവരെ കൊണ്ടുവരികയും ചെയ്യാം. കാരണം യേശു എല്ലാം നന്നായി ചെയ്യുന്ന ദൈവമാണ്. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ആണ്ടുവട്ടം 24-ാം ഞായർ (സെപ്തം. 12)

# ഈശോയെ കണ്ടെത്തിയോ?

ഏശ. 50: 5-9 | യാക്കോ. 2: 14-18 | മാർക്കോ. 8: 27-35



ഞാൻ ആരാണെന്നാണ് നിങ്ങൾ പറയുക? ശിഷ്യരോടാണ് കർത്താവിന്റെ ചോദ്യം. പുസ്തകങ്ങളിലൂടെയോ വിശ്വാസ പരിശീലന ക്ലാസുകളിലൂടെയോ കിട്ടിയ ഉത്തരമല്ല ഈശോ അന്വേഷിക്കുക. സ്വന്തം രക്തത്തിലും മജ്ജയിലും ശ്വാസത്തിലും ആത്മാവിലും അലിഞ്ഞുചേർന്നിട്ടുള്ള ക്രിസ്താനുഭൂതി നിനക്കുണ്ടോ എന്നാണ് ചോദ്യം.

തല ചായ്ക്കാൻ ഇടമില്ലാത്തവൻ, നികുതി കൊടുക്കാൻ പണമില്ലാത്തവൻ, ഭ്രാന്തനും പിശാചുബാധിതനെന്ന് ആക്ഷേപിക്കപ്പെട്ടവൻ... സാക്ഷാൽ ദൈവപുത്രനാണെന്ന് ഏറ്റുപറയാൻ പത്രോസിന് കഴിഞ്ഞത് നിസാരകാര്യമല്ല.

അത്യന്തം വിനീതമായ പരിവേഷങ്ങളുടെ മദ്ധ്യേതന്നെ കണ്ടെത്തുന്നവരിലാണ് കർത്താവ് പ്രസാദിക്കുക. ഒരാൾ അണിഞ്ഞിരിക്കുന്ന വസ്ത്രത്തെ പ്രതിയോ ആഭരണങ്ങളെ പ്രതിയോ അയാളെ ബഹുമാനിച്ചാൽ നെയ്ത്തുകാരനും തയ്യൽക്കാരനും തട്ടാനുമാണല്ലോ ആ ബഹുമതിക്കവകാശം.

നഗ്നനായി, അപമാനിതനും പീഡിതനും പരിത്യക്തനുമായി പെരുംകള്ളനെപ്പോലെ കുരിശിൽ തൂങ്ങുന്ന നേരത്ത് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹ ആകുന്നുവെന്ന് ആർത്തുവിളിക്കാനാണ് കർത്താവ് നമ്മെ ക്ഷണിക്കുക. മാലാഖമാരുടെ മദ്ധ്യേ പ്രതാപവാനായി വരുന്ന യേശുവിനെ ഏറ്റുപറയാൻ, അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന മിശിഹായെ പ്രഘോഷിക്കാൻ അനേകരുണ്ടാകാം. ചെറിയവരിലും സമൂഹം തിരസ്കരിക്കുന്ന മനുഷ്യരിലും ജീവനുള്ള ദൈവത്തിന്റെ പുത്രനെ കണ്ടെത്താനും ഏറ്റുപറയാനും നമുക്ക് കഴിയണം.

ഈശോ, ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണെന്ന വെളിപ്പെടുത്തൽ എന്തുകൊണ്ട് പത്രോസിന് മാത്രം? ബാക്കി ശിഷ്യന്മാർ എവിടെ പോയി. ഇത് പത്രോസിനോടുള്ള ദൈവത്തിന്റെ പക്ഷഭേദമൊന്നുമല്ല. വിതക്കാരന്റെ ഉപമ ശ്രദ്ധിക്കൂ. ഉഴുതുമറിച്ച് സജ്ജമാക്കിയ വയലിൽ വീണ വിത്താണ് നൂറുമേനി നൽകുന്നത്. സ്വർഗീയ വെളിപ്പെടുത്തലുകളും പ്രചോദനങ്ങളും സ്വീകരിക്കുവാൻ അർഹത നേടിയിരിക്കണമെന്നത് ഇവിടെ സ്പഷ്ടമാണ്.

പത്രോസിന്റെ അർഹതയെന്തായിരുന്നു! മറ്റുള്ളവരേക്കാൾ കൂടുതൽ പിതാവിന്റെ സ്വരം പത്രോസിന്റെ ആത്മാവിന്റെ ആഴങ്ങളിൽ മാത്രം ചലനം സൃഷ്ടിച്ചതിന്റെ രഹസ്യമെന്ത്? ഇന്നത്തെ വചനഭാഗത്തിന് മുൻപ് മത്തായി 14: 22-32 ലേക്ക് ഒന്നു നോക്കുക. വെള്ളത്തിന്റെ മുകളിലൂടെ ഈശോ നടക്കുന്നു. ഭയപ്പെട്ട ശിമയോൻ അത് ഈശോ ആണെന്ന് അറിയുന്നു. ഉടൻ പത്രോസ് തന്റെ ആഗ്രഹം വെളിപ്പെടുത്തി, വെള്ളത്തിനുമീതെ നടന്നുചെല്ലാൻ.

വെള്ളത്തിന്റെ മുകളിലൂടെ യേശുവിന്റെ അടുത്തേക്ക് നടക്കാൻ മാത്രം വിശ്വാസവും സ്നേഹവുമുണ്ടെന്ന് പത്രോസ് തെളിയിച്ചല്ലോ. മധ്യവയസനായ ഒരു മുക്കുവന് നന്നായി അറിയാം ആർക്കും വെള്ളത്തിന്റെ മുകളിലൂടെ നടക്കാൻ സാധ്യമല്ലെന്ന്. പക്ഷേ, ബുദ്ധിയെ മാറ്റിനിർത്തി സ്നേഹം കൊണ്ടുമാത്രം നയിക്കപ്പെട്ട് ഈശോയുടെ അടുക്കലേക്ക് പോകാൻ കാണിച്ച വമ്പിച്ച മണ്ടത്തരം പത്രോസിന് പിതാവിന്റെ വെളിപ്പെടുത്തൽ സ്വീകരിക്കാനുള്ള അർഹത നേടിക്കൊടുത്തു. അതുവരെ പഠിച്ചതും അറിഞ്ഞതുമായ പ്രകൃതിതത്വങ്ങൾ മാറ്റിവച്ച് (ഈഗോ ഇറക്കിവച്ച്) ദൃഷ്ടി കർത്താവിൽ പതിപ്പിച്ച് (ജീവിതം കർത്താവിൽ അർപ്പിച്ച്) ധീരമായ ഒരു കാൽവയ്പ് - വള്ളത്തിൽ നിന്ന് വെള്ളത്തിലേക്ക്. മറ്റുള്ളവർ പത്രോസിന്റെ വിഡ്ഢിത്തം കണ്ട് പകച്ചുനിന്നപ്പോൾ പത്രോസ് ഉള്ളിൽ കർത്താവിൽ ഉറച്ചുനിന്നു.

തീർച്ചയായും സ്വല്പം നടന്നുകഴിഞ്ഞപ്പോഴേക്കും, സംശയങ്ങളുടെ വൻതിരകൾ ചുറ്റും ഉയർന്നപ്പോൾ ശ്രദ്ധ കർത്താവിൽ നിന്നും മാറിയതും വെള്ളത്തിൽ മുങ്ങിയതും മനുഷ്യമനസ്സിന്റെ ബലഹീനാവസ്ഥയെ കാണിക്കുന്നു. തിരകൾ കണ്ട് പത്രോസിന്റെ മനസ് ചാഞ്ചാടിയെങ്കിലും വീണാലും വീണ്ടും രക്ഷ യേശുതന്നെയാണെന്ന് ഒരു ജീവൻ മരണപോരാട്ടത്തിലൂടെ ഉറപ്പിക്കാൻ അവസരം കിട്ടിയവനാണ് പത്രോസ്. അതുതന്നെയാണ് വിശ്വാസ പ്രഖ്യാപനം പത്രോസിന്റെ സ്വരത്തിലൂടെയാകാൻ കാരണമായത്. ■

നീർച്ചാലുകൾ

ഫാ. ലോറൻസ്കുലാസ്

ആണ്ടുവട്ടം 25-ാം ഞായർ (സെപ്തം. 19)

# കുരിശിലേക്കുള്ള ക്ഷണം

ജ്ഞാനം.2 12: 17-20 | യാക്കോ. 3:16, 4:3 | മാർക്കോ. 9:30-37

ഒരു യാത്രയുടെ ചട്ടക്കൂടാണ് 8:27-10:52 മർക്കോസ് രൂപപ്പെടുത്തിയിരിക്കുന്നത്. യാത്രയുടെ ആരംഭത്തിൽ പത്രോസിന്റെ വിശ്വാസപ്രഖ്യാപനം കാണാം (8:27-30). അതിന് ശേഷം യേശു തന്റെ ജെറുസലേം യാത്ര തുടരുന്നു. മർക്കോസിനെ സംബന്ധിച്ചിടത്തോളം ജെറുസലേം കുരിശ് കേന്ദ്രീകൃതമായ യാത്രയുടെ പരിസമാപ്തിയാണ്. യാത്ര മധ്യേ യേശു തന്റെ പീഢാനുഭവത്തിന്റെ ആദ്യപ്രവചനം നടത്തി (8:31-35). ജെറുസലേം യാത്ര പുരോഗമിക്കുമ്പോൾ വീണ്ടും ശിഷ്യരോട് പീഡാനുഭവത്തെക്കുറിച്ച് പ്രവചിക്കുന്നു (9:30-37). പീഡാനുഭവത്തെക്കുറിച്ചുള്ള ആദ്യ പ്രവചന ശൈലി തന്നെയാണ് രണ്ടാമത്തേതിലും യേശു അവലംബിക്കുന്നത്: പീഢാനുഭവവിവരണം (9:31); ശിഷ്യരുടെ അനുഗ്രഹിത (9:32); ഉദ്ബോധനം (9:33-37). എന്തായിരുന്നാലും പീഡാനുഭവത്തെ കുറിക്കുന്ന ആദ്യ പ്രവചനത്തിൽനിന്നും വ്യത്യസ്തമായ ഒരു ഹ്രസ്വവിവരണ രീതിയാണ് രണ്ടാമത്തെതിൽ കാണുന്നത്. സംക്ഷിപ്തമായ ഈ വിവരണത്തിൽ മനുഷ്യപുത്രന്റെ അന്ത്യഘട്ടത്തെക്കുറിച്ചുള്ള സുപ്രധാനമായ മൂന്ന് ഘടകങ്ങൾ കാണാം: ഒന്ന്, ശത്രുക്കളുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു; രണ്ട്, ദാരുണമായ അന്ത്യം; മൂന്ന്, ഉത്ഥാനം. മേൽ സൂചനകളിൽ ഒന്നാമത്തെത് കൂടുതൽ വിശകലനത്തിന് വിധേയമാക്കാവുന്നതാണ്. "മനുഷ്യപുത്രൻ, മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടും" (9:31) എന്ന വാക്യത്തിലെ 'മനുഷ്യപു

ത്രൻ,' 'മനുഷ്യർ' എന്ന പദപ്രയോഗങ്ങളിൽ അടങ്ങിയിരിക്കുന്ന വൈരുദ്ധ്യത ശ്രദ്ധിക്കപ്പെടേണ്ടതാണ്. മനുഷ്യപുത്രന്റെ പീഡാനുഭവം ദൈവം ഒരുക്കിയ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിന്റെ ഭാഗമാണ്. അപ്രകാരമെങ്കിൽ 'മനുഷ്യർ' എന്ന വിഭാഗത്തിന് ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണത്തിൽ പ്രസക്തമായ പങ്കില്ല. മനുഷ്യർ ദൈവീക പദ്ധതിയുടെ പൂർത്തീകരണത്തിന്റെ ഉപകരണങ്ങൾ മാത്രമാണ്. അതുകൊണ്ട്, ദൈവീക രക്ഷാകര പദ്ധതിയുടെ വെളിച്ചത്തിൽ മാത്രമേ മനുഷ്യപുത്രന്റെ പീഡാനുഭവം, മരണം എന്നീ ചരിത്രസംഭവങ്ങൾ പൂർണ്ണമായി മനസിലാക്കുവാൻ നമുക്ക് സാധിക്കുകയുള്ളൂ.

പീഡാനുഭവത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനം ശിഷ്യരെ സംബന്ധിച്ചിടത്തോളം ഇപ്പോഴും ദുർഗ്രാഹ്യമായി നിലനില്ക്കുന്നു (9:32a). ഈ പ്രവചനത്തെക്കുറിച്ച് കൂടുതൽ വ്യക്തത ലഭിക്കുവാൻ വേണ്ടി യേശുവിനോട് ആരായുവാൻ അവർക്ക് ഭയമായിരുന്നു (9:32b). യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ച് വെളിപ്പെടുത്തുന്ന അവസരങ്ങളിലും ഭയമെന്ന വികാരമാണ് ശിഷ്യരെ നയിച്ചിരുന്നത് (ഉദാ: മർക്കോ 40:40–41; 6:50–51; 10:32). യേശുവിന്റെ വ്യക്തിത്വത്തോടും അതിലടങ്ങിയിരിക്കുന്ന ക്രിസ്തുത്വത്തോടുമുള്ള ഭയഭക്തി ബഹുമാനമായിരിക്കാം പീഡാനുഭവപ്രവചനഘട്ടത്തിൽ ശിഷ്യരെ നയിച്ചിരുന്നത്. തുടർന്ന് ശിഷ്യർക്കിടയിൽ അരങ്ങേറിയ സ്ഥാനമാനങ്ങൾക്കുവേണ്ടിയുള്ള തർക്കത്തിലും യേശുവിന്റെ പീഡാനുഭവപ്രവചനത്തോടുള്ള അവരുടെ അജ്ഞത നിഴലിക്കുന്നു (9:33–34). ജറുസലേമിലേയ്ക്കുള്ള വഴിയിൽ - പീഡനത്തിന്റെയും കുരിശിന്റെയും വഴിയിൽ - ശിഷ്യർ യേശുവിനോടൊപ്പം ആയിരിക്കേണ്ടവരാണ്. എന്നാൽ അവർ തങ്ങളുടെ സ്ഥാനമാനങ്ങളെക്കുറിച്ചാണ് വ്യഗ്രത കാട്ടുന്നത്. ഈ അവസരത്തിൽ യഥാർത്ഥ മഹത്വത്തിന്റെ അർത്ഥമെന്തെന്ന് യേശു ശിഷ്യരെ അസാധാരണമായ രീതിയിൽ പഠിപ്പിക്കുന്നു (9:35–37). ഗുരുവെന്ന നിലയിൽ ഉയർന്ന ഒരു പീഠത്തിൽ ഇരുന്നശേഷം (യഹൂദ റബിമാരുടെ ആചാരപ്രകാരം) തന്റെ ശിഷ്യരെയെല്ലാം അടുത്തുവിളിച്ച് യേശു തുടരുന്നു: "ഒന്നാമനാകാൻ ആഗ്രഹിക്കുന്നവർ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം" (9:35). യേശുവിന്റെ ഈ പ്രബോധനത്തിൽ വ്യക്തമാകുന്നത് ലൗകീകമായ അധികാരമോ സ്ഥാനമാനങ്ങളോ അല്ല; വിനയാന്വിതമായ സേവനത്തിലാണ് – ശുശ്രൂഷയിലാണ് – യേശുശിഷ്യരുടെ യഥാർത്ഥമഹത്വം കൈവരുന്നത്.

യഥാർത്ഥ മഹത്വത്തെക്കുറിച്ചുള്ള തന്റെ പ്രബോധനം വിശദീകരിക്കാൻ യേശു അവരുടെ മധ്യത്തിലേയ്ക്ക് ഒരു ശിശുവിനെകൊണ്ടുവരുന്നു (9:36). യേശുവിന്റെ കാലത്തെ ചുറ്റുപാട് ശിശുക്കൾക്ക് പ്രത്യേക സ്ഥാനമോ പ്രാധാന്യമോ, കൊടുത്തിരുന്നില്ല. അധികാരവും പദവിയും ആഗ്രഹിക്കാത്തവരാണ് ശിശുക്കൾ. യേശു വിഭാവനചെയ്യുന്ന മഹത്വത്തിന്റെ ഉദാത്തോദാഹരണമാണ് ശിശു. അരമായ ഭാഷയിൽ ശിശു എന്ന പദത്തിന് "സേവകൻ" എന്നും അർത്ഥമുണ്ട്. ഈ അർത്ഥത്തിൽ യേശു ഇതിന് മുമ്പ് നല്കിയ ശുശ്രൂഷയുടെ പ്രബോധനം ഉൾക്കൊള്ളാൻ കഴിയും: "ഒന്നാമനാകാൻ ആഗ്രഹിക്കുന്നവർ അവസാനത്തവനും എല്ലാവരുടെയും ശുശ്രൂഷകനുമാകണം'' (9:35). യഥാർത്ഥ ശിഷ്യർ അവരുടെ മഹത്വം കണ്ടെത്തേണ്ടത് സ്ഥാനമാനങ്ങളൊന്നും ആഗ്രഹിക്കാതെ, ശിശുസഹജമായ ഹൃദയത്തോടെ എല്ലാവർക്കും സേവനം ചെയ്യുന്നതിലൂടെയാണ്. ഇതാണ് 'ശിശു' എന്നതുകൊണ്ട് സൂചകമാകുന്നത്. എവിടെയും അധികാരവും അംഗീകാരവും മാത്രം അന്വേഷിക്കുന്നവർക്ക് ഒട്ടും ദഹിക്കാത്ത സേവനൗത്സുക്യമാണ് ശിഷ്യത്വത്തിന്റെ മാനദണ്ഡം. മറ്റുവാക്കുകളിൽ, യേശു ശിഷ്യർ ശിശുവിനെപ്പോലെ പരിത്യാഗികളാകണം; ശിശുവിന്റെ മാനസികാവസ്ഥയുള്ളവരാകണം. അത്തരം ശിഷ്യരാണ് യേശുവിന്റെ പ്രതിപുരുഷർ, അവർ അവിടുത്തേയ്ക്ക് സ്വന്തമാണ്. ഈ ശിഷ്യരെ – ശിശുക്കളെ– സ്വീകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നവർ യേശുവിനെ സ്വീകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു (9:37).

യേശുവിനോടു അകാരണമായി തിന്മ പ്രതികാരം ചെയ്യുന്നു. പക്ഷേ യേശു അചഞ്ചലമായ വിശ്വാസത്തിൽ ജീവിച്ച് തിന്മയെ കീഴടക്കുന്നു. പീഡാനുഭവം ദൈവീക പദ്ധതിയുടെ പൂർത്തികരണത്തിന്റെ ഭാഗമാണ്. ക്രിസ്തുവിന്റെ ഭാഗധേയം ഉൾക്കൊള്ളുകയെന്നാൽ അവൻ നേരിട്ട ഭവിഷ്യത്തുകൾ നാമും ജീവിതത്തിൽ നേരിടുക എന്നർത്ഥം. സ്വാർത്ഥ താത്പര്യങ്ങളും വ്യഗ്രതകളും വെടിഞ്ഞ് കുരിശുവഹിക്കുവാൻ നാം ക്ഷണിക്കപ്പെടുന്നു. ■



യേശുവിനോടു അകാരണമായി തിന്മ പ്രതികാരം ചെയ്യുന്നു. പക്ഷേ യേശു അചഞ്ചലമായ വിശ്വാസത്തിൽ ജീവിച്ച് തിന്മയെ കീഴടക്കുന്നു. പീഡാനുഭവം ദൈവീക പദ്ധതിയുടെ പൂർത്തികരണത്തിന്റെ ഭാഗമാണ്. ക്രിസ്തുവിന്റെ ഭാഗധേയം ഉൾക്കൊള്ളുകയെന്നാൽ അവൻ നേരിട്ട ഭവിഷ്യത്തുകൾ നാമും ജീവിതത്തിൽ നേരിടുക എന്നർത്ഥം.

നീർച്ചാലുകൾ

ഫാ. തോമസ് ജെ. നെറ്റോ

# സഹിഷ്ണുതയോടെ വ്യാപരിക്കുക

നാഹും. 11: 25-29 | യാക്കോ. 5: 1-6 | മാർക്കോ. 9: 38-43

ഇടുങ്ങിയ ചിന്താരീതികളിൽ നിന്നും വിശാല മനോഭാവത്തിലേക്ക് ഉയരുവാനും മറ്റുള്ളവരോട് സഹിഷ്ണുതയോടെ വർത്തിക്കുവാനും ഇന്നത്തെ ആദ്യ വായനയും സുവിശേഷവും നമ്മെ ഓരോരുത്തരെയും പ്രചോദിപ്പിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നു.

മരുഭൂമിയിലൂടെ കാനാൻ ദേശത്തേക്കുള്ള യാത്രയിൽ വേണ്ടത്ര ഭക്ഷണവും മാംസവും കിട്ടാതായപ്പോൾ ഇസ്രായേലിയർ മോശക്കെതിരെ പിറുപിറുക്കുകയും പരാതിപ്പെടുകയും ചെയ്തു. നിസ്സഹായനായ മോശ തന്റെ പരിമിതികൾ തിരിച്ചറിഞ്ഞ് കർത്താവിനോടുപറഞ്ഞു: "ഈ ജനത്തെ മുഴുവൻ താങ്ങാൻ ഞാൻ ശക്തനല്ല; അത് എന്റെ കഴിവിന് അതീതമാണ്". മനുഷ്യരുടെ ബലഹീനതയിലും കുറവുകളിലും സഹായകനായി എപ്പോഴും കൂടെയുള്ള ദൈവം ജനകൂട്ടത്തിൽ നിന്ന് എഴുപത് പേരെ തെരഞ്ഞെടുക്കുവാൻ മോശയ്ക്ക് നിർദ്ദേശം നൽകി. മോശയുടെ ചുമതലയിൽ അവർ സഹായികളാകും. അവരിലേക്ക് മോശയുടെ മേലുള്ള ചൈതന്യത്തിൽ നിന്ന് ഒരുഭാഗം പകുത്തു നൽകാനും തിരുമനസ്സായി. സമാഗമ കൂടാരത്തിന് ചുറ്റും അണിനിരന്നവരിലും കർത്താവ് ചൈതന്യം പകർന്നു. അവർ പ്രവചിക്കുകയും ചെയ്തു.

അതേസമയം, സമാഗമകൂടാരത്തിലെത്താതെ പാളയത്തിനുള്ളിൽ കഴിഞ്ഞ എൽദാദ്, മേദാദ് എന്നിവർക്കും ആ ചൈതന്യം ലഭിച്ചു. അവരും പ്രവചിച്ചു. ഇതറിഞ്ഞ് മോശയുടെ അടുത്ത സഹചാരിയായ ജോഷ്വ മോശയോട് പറഞ്ഞു: "പ്രഭോ, അവരെ വിലക്കുക''. എന്നാൽ തികച്ചും വ്യത്യസ്തമായിരുന്നു മോശയുടെ പ്രതികരണം: "എന്നെ പ്രതി നീ അസൂയപ്പെടുന്നുവോ? ജനം മുഴുവനും ആത്മാവിനാൽ നിറഞ്ഞ് പ്രവചിച്ചിരുന്നെങ്കിൽ". തങ്ങളുടെ കൂടെ ഇല്ലാതിരുന്നവർ പ്രവചിക്കുമ്പോൾ കൂടെയുള്ളവരിൽ ചിലർ അസ്വസ്ഥരാകുന്നു. അവരെ തടയണമെന്ന് ആഗ്രഹിക്കുന്നു. ഇടുങ്ങിയ ചിന്താഗതിയും മനോഭാവവുമാണ് ജോഷ്വാ പ്രകടമാക്കുന്നതെങ്കിൽ വിശാലമായ മനസ്സും എല്ലാവരേയും ഉൾക്കൊള്ളുന്ന സമീപനവുമാണ് മോശയുടേത്. കർത്താവിൽ നിന്നാണ് ആ ചൈതന്യം അവർക്ക് ലഭിച്ചതെന്ന് മോശയ്ക്ക് മനസ്സിലായി. അദ്ദേഹം ആദരവോടെ അംഗീകരിക്കുന്നു.

ഇന്നും ദൈവം നമുക്കുചുറ്റും പ്രവർത്തനനിരതനാണ്, തന്റേതായ രീതികളിൽ. ദൈവത്തിന്റെ പ്രവർത്തികൾക്ക് അതിർവരമ്പുകൾ നിശ്ചയിക്കാൻ മനുഷ്യർ തുനിയരുത്. ഏശയാ പ്രവാചകനിലൂടെ കർത്താവ് അരുളി ചെയ്യുന്നു: "എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല... എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനേക്കാൾ ഉന്നതമത്രേ" (ഏശ. 55:8-9).

ഒന്നാം വായനയിൽ ജോഷ്വാ പ്രകടമാക്കിയ അതേ മനോഭാവമാണ് ഇന്നത്തെ സുവിശേഷത്തിൽ അപ്പസ്തോലനായ യോഹന്നാനിൽ നാം കാണുക. യോഹന്നാൻ യേശുവിനോട് പറഞ്ഞു: "ഗുരോ, നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുന്ന ഒരാളെ ഞങ്ങൾ കണ്ടു. ഞങ്ങൾ അവനെ തടഞ്ഞു. കാരണം, അവൻ ഞങ്ങളെ അനുഗമിച്ചില്ല". എന്നാൽ യേശുവിന്റെ മനോഭാവം മോശയുടേതുപോലെ വിശാലമാണ്. അവിടുന്ന് പറഞ്ഞു: "അവനെ തടയേണ്ട... നമുക്ക് എതിരല്ലാത്തത് നമ്മുടെ പക്ഷത്താണ്".

യേശുവിന്റെ നാമത്തിൽ പിശാചിനെ പുറത്താക്കുന്നയാൾ യേശുവിന്റെ ശിഷ്യഗണത്തിൽ ചേർന്നിരുന്നില്ല; യേശുവിനെ പ്രത്യക്ഷത്തിൽ അനുഗമിക്കുന്നുമില്ല. അതു കാരണമാണ് ശിഷ്യർ അവരെ തടയുന്നത്. ശിഷ്യർ ചിന്തിച്ചിട്ടുണ്ടാകും യേശുവിനെ അടുത്ത് അനുഗമിക്കുന്നവർക്ക് മാത്രമേ, യേശുവിന്റെ നാമത്തിൽ വലിയകാര്യങ്ങൾ ചെയ്യാനാവൂ എന്ന്. യേശുവിന്റെ സന്ദേശവും ദൗത്യവും ഏറ്റെടുക്കുന്നവർ തങ്ങൾ മാത്രമാണെന്ന തെറ്റായ ധാരണ ശിഷ്യരിൽ



ഇന്നും ദൈവം നമുക്കു ചുറ്റും പ്രവർത്തനനിരതനാണ്, തന്റേതായ രീതികളിൽ. ദൈവത്തിന്റെ പ്രവർത്തികൾക്ക് അതിർവരമ്പുകൾ നിശ്ചയിക്കാൻ മനുഷ്യർ തുനിയരുത്.



*വെള്ളയമ്പലം സെന്റ് തെരേസ ദേവാലയത്തിൽ വച്ച് അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസിൽ നിന്നും മാമോദിസ സ്വീകരിച്ച കുഞ്ഞുങ്ങളും അവരുടെ സഹോദരങ്ങളും രക്ഷകർത്താക്കളും സഹായമെത്രാനോടൊപ്പം*

## കൂടുതൽ മക്കളുള്ള കുടുംബങ്ങൾ ജീവന്റെ സുവിശേഷ പ്രചാരകർ: ബിഷപ്പ് ക്രിസ്തുദാസ്

തിരുവനന്തപുരം: കൂടുതൽ മക്കളെ ജനിപ്പിക്കുന്ന കുടുംബങ്ങളിലെ മാതാപിതാക്കൾ ജീവന്റെ സുവിശേഷത്തിന് സാക്ഷികളാണെന്നും മരണ സംസ്കാരം പരത്തുന്ന ആധുനിക കാലത്ത് ഇവർ ലോകത്തിന് മാതൃകകളാണെന്നും അതിരൂപതാ സഹായമെത്രാൻ ഡോ. ക്രിസ്തുദാസ് പറഞ്ഞു. നാലും അതിന് മുകളിലുള്ള കുഞ്ഞുങ്ങളുടെ മാമോദീസ കർമ്മം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബപ്രേഷിത ശുശ്രൂഷ പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ജീവന്റെ മൂല്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാലും അതിന് ശേഷവുമുള്ള കുഞ്ഞുങ്ങളുടെ മാമോദീസ കർമ്മം ബിഷപ്പുമാരുടെ കാർമ്മികത്വത്തിൽ നടത്തുന്നതിന് തുടക്കം കുറിച്ചു. 2021 ആഗസ്റ്റ് 23 തിങ്കളാഴ്ച വെള്ളയമ്പലം സെന്റ്. തെരേസ ദൈവാലയത്തിൽ ബിഷപ്പ് ഡോ.ക്രിസ്തുദാന്റെ കാർമികത്വത്തിൽ നടന്നു. വെള്ളയമ്പലം ഇടവകയിലെ ബിനോജ് മണി, ബ്രിന്ദ ദമ്പതികളുടെ ഏഴാമത്തെ കുഞ്ഞിനും പൂന്തുറ ഇടവകയിലെ മാർക്കോസ് സ്റ്റെല്ല ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിനും മാമോദീസ നൽകി. ചടങ്ങിൽ കുടുംബശുശ്രൂഷ ഡയറക്ടർ ഫാ. എ ആർ ജോൺ, വെള്ളയമ്പലം ഇടവക വികാരി ഫാ. ജോസ് എന്നിവർ സന്നിഹിതരായിരുന്നു.

---

പ്രകടമായി. യേശു ആകട്ടെ, അവർക്ക് ഒരു നൂതന കാഴ്ചപ്പാടും അവബോധവും നൽകുന്നു: "നമുക്ക് എതിരല്ലാത്തവൻ നമ്മുടെ പക്ഷത്താണ്". യേശുവിന്റെ നാമത്തിൽ പിശാചിനെ പുറത്താക്കിയ ആൾ യേശുവിന് എതിരല്ല, മറിച്ച് യേശുവിന്റെ ജോലിയാണ് ചെയ്യുന്നത്.

നിർഭാഗ്യവശാൽ, ഇന്ന് നമ്മുടെ സഭാസമൂഹങ്ങളിൽ ജോഷ്വയുടെയും യോഹന്നാന്റെയും ഇടുങ്ങിയ മനോഭാവവും സമീപനങ്ങളും പ്രകടമാക്കുന്നവരുണ്ട്. തങ്ങളുടെ പക്ഷത്തില്ലാത്തവർക്കുനേരെ, തങ്ങളുടെ കൂട്ടത്തിൽപെടാത്തവർക്കുനേരെ സ്വീകാര്യതയുടെ വാതിലുകൾ അവർ അടച്ചിടുന്നു. അവരിലെ നന്മയെ നിരാകരിക്കുകയും സഭാശുശ്രൂഷകളിൽ അവർ എടുക്കുന്ന മുൻകൈ തടയുന്നവരുമായി മാറുന്നു. 'ഞങ്ങൾ അകത്തുള്ളവർ, നിങ്ങൾ പുറത്തുള്ളവർ' എന്ന ചിന്തയോടെ ചില വേർതിരുവുകളും അതിർവരമ്പുകളും സൃഷ്ടിച്ച് മറ്റുള്ളവരെ ഒഴിവാക്കാനും മാറ്റിനിർത്താനും ഒറ്റപ്പെടുത്താനും ഇടയാക്കുന്നു. അതിരൂപതയിലെ ചില ഇടവക കൗൺസിലുകളിലും കുടുംബകൂട്ടായ്മകളിലും ഇത്തരം മനോഭാവം പ്രകടമാക്കുന്ന നേതാക്കളും വിശ്വാസികളും ഉണ്ട്.

നാം പണിതുയർത്തുന്ന വേർതിരിവിന്റെയും തടസങ്ങളുടെയും മനോഭാവങ്ങളെ തള്ളിക്കളയുന്നവനാണ് ദൈവം. അവിടുന്ന് എല്ലാവരെയും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. ആളുകളിലെ വ്യത്യസ്തതകളെ ഒരുഭീഷണിയായി കാണാതെ അത് ദൈവകൃപയുടെ ഒരു അവസരമായി നമുക്ക് കണക്കാക്കാം. അനുദിന ജീവിത സാഹചര്യങ്ങളിലും സഭാ പ്രവർത്തനങ്ങളിലും മറ്റുള്ളവരോട് കൂടുതൽ സഹിഷ്ണുതയോടെ നമുക്ക് വ്യാപരിക്കാം. ■

# വചനജ്വാല

**2021 സെപ്റ്റംബർ മാസം ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# മത്സ്യമേഖല ശുശ്രൂഷയുടെ സുശക്തഫലങ്ങൾ അടിസ്ഥാന ക്രൈസ്തവ ജനതയുടെ വികാസ പരിണാമത്തിന്



1. **പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം**
2. **സ്വാഗതം: കുടുംബനാഥൻ/ നാഥ**
3. **യേശുവിനെ ക്ഷണിക്കൽ**

അദ്ധ്വാനത്തിന്റെ എല്ലാ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും വേദനകളും മാറ്റിവച്ചുകൊണ്ട് കർത്താവിന്റെ കൃപയിൽ ആശ്രയിച്ച് ഭാരം കുറഞ്ഞ ചുമടു വഹിക്കാനും, നുകം ചുമക്കാനും ഈ ഒരു മണിക്കൂർ നമുക്ക് നമ്മെ തന്നെ കർത്താവിന്റെ കരങ്ങളിൽ വിട്ടുകൊടുക്കാം. കുടുംബത്തിൽ ജീവിച്ചുകൊണ്ട് അദ്ധ്വാനത്തെ മഹത്വവത്ക്കരിച്ച് യേശുവിന്റെ പാത നമുക്ക് പിന്തുടരാം

4. **വചനഗീതി**
5. **ദൈവവചന പാരായണം**

**മത്തായി 11: 28-30**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

**6. വചനവിചിന്തനം**

ഈയൊരു കോവിഡ് പശ്ചാത്തലത്തിൽ കുടുംബത്തിന്റെ അന്നത്തിനു വേണ്ടി അദ്ധ്വാനിക്കുന്ന എല്ലാ മനുഷ്യരെയും പ്രത്യേകിച്ച് സ്വദേശത്തും വിദേശത്തും ജോലി ചെയ്യുന്നവരെ നമുക്ക് പ്രത്യേകം ഓർക്കാം. തീരദേശവാസികളായ നമ്മെ സംബന്ധിച്ചിടത്തോളം കുറേയേറെ കുടുംബങ്ങൾക്ക് അത്താണി ആകുന്നത് ഭവനത്തിലെ അമ്മമാരുടെ അദ്ധ്വാനം തന്നെയാണ്. ഇത്തരുണത്തിൽ സമൂഹത്തിൽ അവഗണനയും അക്രമവും ഏല്ക്കേണ്ടിവരുന്ന അമ്മമാരെ പ്രത്യേകം നമുക്ക് ഓർക്കാം. മത്സ്യക്കച്ചവടത്തിനായി അതിരാവിലെ ഭവനങ്ങളിൽ നിന്നും ഇറങ്ങുന്ന അമ്മമാർ ഒത്തിരിയേറെ ബുദ്ധിമുട്ടുകൾ സഹിച്ച് ഹാർബറുകളിലും മത്സ്യലേല ചന്തകളിലും നിന്ന് മീൻ വാങ്ങി അത് തലച്ചുമടായും ഓട്ടോയിലും മറ്റു പല ഉൾപ്രദേശങ്ങളിലും തെരുവോരങ്ങളിലും ഭവനങ്ങളിലും ഒക്കെ വിറ്റുകിട്ടുന്ന കാശുകൊണ്ട് ഭവനത്തെ നോക്കുന്ന അമ്മമാരെ നമുക്ക് പ്രത്യേകമായി സ്മരിക്കാം. മത്സ്യക്കച്ചവട സ്ത്രീകളുടെ അദ്ധ്വാനം ഏറെ വിലപ്പെട്ടതാണ്. കാരണം കുടുംബ

ആയതിനാൽ കഠിന അദ്ധ്വാനം ചെയ്യുന്ന നമ്മുടെ ഭവനങ്ങളിലുള്ള മത്സ്യകച്ചവടക്കാരായ അമ്മമാരെ നമുക്ക് ദൈവത്തിന്റെ ആശ്വാസത്തിനായി സമർപ്പിക്കാം. അവരെ നമുക്ക് ആദരിക്കാം, സ്നേഹിക്കാം, ബഹുമാനിക്കാം. നമ്മുടെ ഭവനങ്ങളിലേക്ക് മത്സ്യം കൊണ്ടുവരുന്ന അമ്മമാരെ കരുണയോടെ നോക്കാൻ കഴിയണം. ഈ പ്രായത്തിലും ആർക്കും ബാധ്യത ആകാതെ കഠിനാദ്ധ്വാനം കൊണ്ട് ജീവിക്കാനും അതിൽ നിന്നും മിച്ചം വരുന്നത് കുടുംബത്തിന്റെ വളർച്ചയ്ക്കും രോഗത്തിനും മക്കളുടെ പഠനത്തിനും ഒക്കെ വിനിയോഗിക്കുന്ന ഈ അമ്മമാരെ ഓർത്ത് നമുക്ക് അഭിമാനിക്കാം. പൊതുജനത്തിന് ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിൽ പെരുമാറാൻ ഈ അമ്മമാർക്കും കഴിയണം. അവരുടെ അദ്ധ്വാനത്തോടൊപ്പം വാക്കുകളും പ്രവർത്തികളും ദൈവഹിതത്തോട് യോജിച്ചതായി മാറുമ്പോൾ കർത്താവിൽ നിന്ന് വലിയ ആശ്വാസം ലഭിക്കും ഈ ആശ്വാസം നേടാൻ എല്ലാ മത്സ്യക്കച്ചവട അമ്മമാർക്കും സാധിക്കട്ടെ.

## 7. ചർച്ച

1) ചെയ്യുന്ന തൊഴിലിന് മാന്യതയും ആത്മാഭിമാനവും നേടാൻ മത്സ്യക്കച്ചവട സ്ത്രീകളിൽ ഉണ്ടാകേണ്ട മാറ്റം എന്തൊക്കെയാണ്?

2) മഴയും വെയിലും അവഗണിച്ച് രാപ്പകലില്ലാതെ ജോലി ചെയ്യുന്നതോടൊപ്പം ഉത്തരവാദിത്തത്തോടെ മക്കളെ വളർത്താൻ മത്സ്യക്കച്ചവട സ്ത്രീകൾ ചെയ്യേണ്ട ദൗത്യങ്ങൾ എന്തൊക്കെ?

## 8. റിപ്പോർട്ട്

## 9. ഹാജർ

## 10. പൊതു അറിയിപ്പ്

## 11. വിശ്വാസികളുടെ പ്രാർത്ഥന

## 12. സമാപനഗാനം

## 13. സ്നേഹവിരുന്ന്

## 14. നന്ദി

തയ്യാറാക്കിയത്:
**ഫാ. സുരേഷ് പയസ്**
ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറി

എന്നത് തന്നെയാണ്. ഒരു വ്യക്തിയുടെ സമ്പൂർണ നിയന്ത്രണം യേശുവിനെ ഏൽപ്പിക്കുക യേശുവിന്റെ ഹിതത്തിന് പൂർണമായി നമ്മെത്തന്നെ സമർപ്പിക്കുക എന്നീ ആശയങ്ങൾ ആണ് അത് ഉൾക്കൊള്ളുന്നത്. എപ്പോഴാണോ നാം നമ്മെ തന്നെ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുന്നത് അപ്പോൾ മുതൽ പുതിയ വഴികൾ അവൻ നമ്മെ പരിശീലിപ്പിക്കും അതുകൊണ്ടുതന്നെ ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ എളിമപ്പെടുന്നത് മൂലം ഹൃദയത്തിൽ ഒരു ആശ്വാസം അനുഭവവേദ്യമാകുന്നു. വലിയവൻ ആകാൻ പരിശ്രമിക്കാതെ ദൈവീക ശുശ്രൂഷകളിലും മാനുഷിക ഇടപെടലുകളിലും ആത്മാർത്ഥമായി മുഴുകുമ്പോൾ മനസ്സിൽ നിറയുന്ന ആശ്വാസം ആണിത്. എന്റെ ഭാരം ലഘുവാണ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, ക്രിസ്തീയ ജീവിതത്തിൽ പ്രശ്നങ്ങളും പരീക്ഷണങ്ങളും കഷ്ടതകളും ഹൃദയ വേദനകളും ഇല്ല എന്നോ അത് കുറഞ്ഞ രീതിയിൽ മാത്രമേ ഉണ്ടാകൂ എന്നോ അല്ല. മറിച്ച് അത് ഇനി നാം തനിയെ ചുമക്കേണ്ടതായി വരികയില്ല എന്നാണ്. ആവശ്യമായ ഘട്ടങ്ങളിലെല്ലാം സമൃദ്ധമായി ദൈവകൃപ പകരുന്ന ഒരുവനോടുകൂടെ നമ്മെ നുകത്തിൽ ബന്ധിച്ചിരിക്കുകയാണ്. അവനെ സേവിക്കുക എന്നത് അടിമത്തം അല്ല മറിച്ച് സമ്പൂർണ്ണ സ്വാതന്ത്ര്യമാണ്. ജീവിതത്തിന്റെ ഭാരങ്ങൾ എല്ലാം ഒരു തോളിൽ താങ്ങാൻ ശ്രമിക്കുന്നതാണ് ഒരു വിശ്വാസിയുടെ ജീവിതത്തിലെ പ്രധാനപ്പെട്ട പരാജയം.

ഒരു വ്യക്തിയും അവന്റെ ചുമലിൽ ചുമടുകൾ തന്നെത്താൻ വഹിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നില്ല. മറിച്ച് ക്രിസ്തു നമ്മോടു ചേർന്നു നിൽക്കുന്നു സാധാരണ ഒരു നുകം രണ്ടുപേരുടെ കഴുത്തിൽ ചേർത്തു വച്ച് കെട്ടുകയാണ് പതിവ്. അതിലൊരാൾ ആയിത്തീരാൻ കർത്താവ് ആഗ്രഹിക്കുന്നു. താൻ സ്വയം വഹിക്കുന്ന ഭാരം ഉപേക്ഷിച്ചു ക്രിസ്തുവിന്റെ ആശ്വാസം സ്വീകരിക്കുക എന്നതാണ് ക്രിസ്തീയ ജീവിതത്തിൽ സന്തോഷവും വിജയവും നേടുവാനുള്ള രഹസ്യം.

ത്തിന്റെ അന്നത്തിനുവേണ്ടി രാപ്പകലില്ലാതെ പണിയെടുക്കുകയും വെയിലും മഴയും അവഗണിച്ച് അദ്ധ്വാനിക്കുകയും ചെയ്യുന്ന അമ്മമാർക്ക് സമൂഹത്തിൽ ഒരു അഭിമാനം ഉണ്ടാകുന്ന രീതിയിൽ അവരുടെ അദ്ധ്വാനത്തെ നാം വിലമതിക്കേണ്ടതുണ്ട്.

യഥാർത്ഥത്തിൽ യേശുക്രിസ്തുവിൽ നിന്നും ആശ്വാസം അനുഭവിക്കാൻ ഒരു വ്യക്തി താൻ ഭാരം ചുമക്കുന്നവൻ ആണ് എന്ന് ആദ്യമേ അംഗീകരിക്കണം. കാരണം നഷ്ടപ്പെട്ടവനാണെന്ന് സ്വയം അംഗീകരിക്കുന്നവന് മാത്രമേ രക്ഷനേടാൻ സാധിക്കുകയുള്ളൂ. ധൂർത്തപുത്രന്റെ ഉപമ നമ്മെ പഠിപ്പിക്കുന്ന പാഠവും മറ്റൊന്നല്ല. ഇത്തരത്തിൽ കഷ്ടപ്പെടുന്നവർക്കാണ് ക്രിസ്തുവിന്റെ ആശ്വാസം ലഭ്യമാകൂ. എന്റെ അടുക്കൽ വരുവിൻ എന്ന് ക്രിസ്തു വിളിക്കുന്നത് യേശു സാന്നിദ്ധ്യ അവബോധത്തിൽ ആയിരിക്കുവാൻ വേണ്ടിയാണ് നമ്മെ ഓരോരുത്തരെയും ക്ഷണിക്കുന്നത്. ഈ സാന്നിദ്ധ്യ അവബോധം ഉള്ളവർക്ക് മാത്രമേ ഈ കൃപ അനുഭവിക്കാൻ സാധിക്കൂ. യേശുക്രിസ്തുവിലുള്ള ദൈവീക പ്രവർത്തിയുടെ പരമാവധി ഫലം അനുഭവിക്കുന്നവരാണ് നമ്മൾ ഓരോരുത്തരും.

ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം എന്ന യേശുവചനം അദ്ധ്വാനിക്കുന്ന ജനത്തിന് ഉള്ള സൗജന്യ ദാനമാണ്. ഇവിടെ ആശ്വാസം എന്നത് ഒരു ദൈവീക ദാനമായി കാണാൻ സാധിക്കണം. ഇത് നമ്മുടെ അർഹത മൂലം നേടിയെടുക്കുന്നതല്ല മറിച്ച് കാൽവരിയിലെ കുരിശിൽ രക്ഷാകര ദൗത്യം പൂർത്തിയാക്കിയ ക്രിസ്തുവിലുള്ള ആഴമേറിയ വിശ്വാസം മൂലം ലഭ്യമാകുന്ന രക്ഷയുടെ ആശ്വാസമാണിത്. ലോകത്തിന്റെ പാപത്തിനുള്ള ശിക്ഷ എന്നെന്നേക്കുമായി ക്രിസ്തു കുരിശിൽ ഏറ്റെടുത്തതിനാൽ ദൈവം അത് വീണ്ടും ആവശ്യപ്പെടുകയില്ല എന്ന് ഉറപ്പു മൂലം ഉളവാക്കുന്ന ആശ്വാസം അഥവാ സ്വസ്ഥത ആണിത്.

എന്റെ നുകം വഹിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ദൈവത്തിന്റെ വചനത്തെയും ധാർമിക മൂല്യങ്ങളെയും മനസിലാക്കുക




സിനിമാ അവലോകനം

ഫാ. സുധീഷ് എ. ദാസ്

മരിയൻ എൻജി. കോളേജ് ബർസാർ




**മറവിരോഗം ബാധിച്ച അപ്പൂപ്പന്റെയും എടുത്തുപറയാൻ വലിയ ഓർമ്മകളില്ലാത്ത അപ്പന്റെയും; ഈ രണ്ടു തലമുറയേയും മറന്നുതുടങ്ങുന്ന സൈബർ മക്കളുടെയും കഥപറയുന്ന ഒരു 'ഫീൽ ഗുഡ്" ചിത്രമാണ് 'ഹോം'. പേരുപോലെ തന്നെ മൂന്നുതലമുറകൾ ഒരുകൂരയ്ക്കുകീഴിൽ ജീവിക്കുമ്പോഴുള്ള ചെറിയചെറിയ സന്തോഷങ്ങളുടെയും പൊരുത്തക്കേടുകളുടെയും ചെറിയവലിയ കാര്യങ്ങൾ സിനിമയ്ക്ക് പ്രതിപാദ്യമാകുമ്പോൾ സൈബർ യുഗത്തിലെ മക്കളൊരുമിച്ചിരുന്ന് കാണേണ്ട മനോഹരചിത്രമായി ഇത് മാറുന്നുണ്ട്. പൊടിയടിച്ചിരിക്കുന്ന ടൈപ്പ് റൈറ്ററും താഴ് വീണുപോയ കാസറ്റ് കടയും ഇതിനെ അപ്രസക്തമാക്കി കുതിക്കുന്ന ന്യൂജൻ സ്മാർട് ഫോണുകളും കഥ നടക്കുന്ന അണുകുടുംബത്തിലെ മൂന്നുതലമുറകളുടെ പ്രതീകമായി സിനിമയിലുണ്ട്.**

# #HOME

## സൈബർ മക്കളും 'പിന്തിരിപ്പൻ' മാതാപിതാക്കളും ഒരുമിച്ചിരുന്നു കാണേണ്ട സിനിമ



വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും തിരസ്കരിച്ച് വൈകാരികത ഡിജിറ്റൽ മാധ്യമങ്ങളിലെ ഇമേജുകളിലൂടെ മാത്രം പ്രകടിപ്പിക്കുന്ന സൈബർ ലോകത്തിൽ ജീവിക്കുന്ന യുവ തലമുറയെയും, എത്ര മറവിരോഗം ബാധിച്ചാലും സാങ്കേതിക അറിവില്ലെങ്കിലും ഒരുപിടി നല്ല ഓർമ്മകളും വ്യക്തിബന്ധങ്ങളുമായി ജീവിതം ആസ്വദിക്കുന്ന മുൻ തലമുറകളെയും സിനിമ പ്രമേയമാക്കുന്നു.

ഫ്രൈഡേ ഫിലിംസിന്റെ ബാനറിൽ വിജയ്ബാബു നിർമ്മിച്ച് റോജിൻ തോമസ് രചനയും സംവിധാനവും നിർവഹിച്ച ഹൃദ്യമായ ഒരു ദൃശ്യവിരുന്നാണിത്. മക്കളുടെ സ്നേഹത്തിനും സ്വീകാര്യതയ്ക്കുമായി കൊതിക്കുന്ന ഒലിവർ ട്വിസ്റ്റ് (ഇന്ദ്രൻസ്) എന്ന അപ്പന്റെയും അദ്ദേഹത്തിന്റെ കു

ടുംബത്തിന്റെയും കഥയാണിത്.

പിതാവെന്ന നിലയിൽ അതിശയകരമായ പ്രകടനത്തിലൂടെ ഇന്ദ്രൻസ് ആ കുടുംബത്തിന്റെ മാത്രമല്ല, സിനിമയുടെയും നായകനായി മാറുന്നുണ്ട്. ഒലിവറിന്റെ മുത്ത മകൻ ആന്റണിയായി ശ്രീനാഥ് ഭാസിയും ഇളയ മകൻ ചാൾസായി നെൽസൺ കെ. ഗഫൂറും ഒലിവറിന്റെ ഭാര്യ കുട്ടിയമ്മയായി മഞ്ജുപിള്ളയും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നു. മാത്രമല്ല, ജോൺ ആന്റണി, വിജയ് ബാബു, കൈനകരി തങ്കരാജ്, മണിയൻപിള്ള രാജു, കെപിഎസി ലളിത തുടങ്ങിയ പഴയ സിനിമാക്കാരൊക്കെ മികച്ച കഥാപാത്രങ്ങളിലൂടെ പ്രേക്ഷക ഹൃദയങ്ങൾ കീഴടക്കുന്നു. ഈ കഥാപാത്രങ്ങളുടെ 'കാസ്റ്റിംഗ്' അഭിനന്ദനാർഹമാണ്.

ഒലിവറിന്റെ മൂത്തമകൻ കഥാകൃത്തും സംവിധായകനുമായ ആന്റണി തന്റെ അരങ്ങേറ്റ ചിത്രത്തിനുശേഷം




പുതിയ സിനിമയ്ക്ക് തിരക്കഥ എഴുതുവാൻ സ്വന്തം ഭവനത്തിലേക്ക് തിരിച്ചുവരുന്നു. ഈ സമയം സ്മാർട്ട്ഫോണും സാങ്കേതിക മാധ്യമങ്ങളും പരിചയമില്ലാത്ത ഒലിവർ എന്ന അപ്പൻ ആ മകന്റെ അംഗീകാരത്തിനും പരിചരണത്തിനും സ്നേഹത്തിനും വേണ്ടി കൊതിക്കുന്നു. ഒലിവറിന്റെ മക്കളായ ആന്റണിയും ചാൾസും മൊബൈൽ ഫോണിലും സമൂഹമാധ്യമങ്ങളിലും യുട്യൂബിലുമായി സമയം ചെലവഴിക്കുന്നു. തന്റെ മക്കളിലേക്ക് കൂടുതൽ അടുക്കുവാനും കൂടുതൽ സ്നേഹിക്കപ്പെടുവാനും വേണ്ടി ഒലിവർ പുതിയ സാങ്കേതികവിദ്യകൾ പഠിക്കാൻ ശ്രമിക്കുന്നുണ്ട്. മാതാപിതാക്കളുടെ സ്നേഹത്തെ തിരിച്ചറിയാതെ പോകുന്ന സിനിമയിലെ ദൃശ്യങ്ങൾ നമ്മുടെ ഇടിയിലൊക്കെ സംഭവിക്കുന്നതെന്ന് തോന്നിപ്പോകുന്നുണ്ട്.

മക്കളെ സ്നേഹിക്കാൻ ആഗ്രഹിച്ചിട്ടും അതിന് കഴിയാതെ പോകുന്ന മാതാപിതാക്കളും അവരെ മനസ്സിലാക്കാതെ പോകുന്ന മക്കളും നിറഞ്ഞുനിൽക്കുന്ന കുടുംബങ്ങളാണ് നമുക്കുള്ളത്. പരസ്പരം സ്നേഹിക്കാനും അടുക്കാനും  മിണ്ടാനും പറയാനും സൗഹൃദങ്ങൾ പങ്കിടാനുമുള്ള ഇടമാണ് 'ഹോം' എന്ന് ഓർമപ്പെടുത്തുന്നു. സമൂഹമാധ്യമങ്ങളിൽ തലകുമ്പിട്ടിരിക്കുന്ന യുവതലമുറയുടെ വൃത്തിയില്ലായ്മയേയും ഉത്തരവാദിത്വമില്ലായ്മയേയും; ആർഭാടഭ്രമത്തേയും അനുസരണക്കേടിനേയും സിനിമ പരിഹസിക്കുന്നുണ്ട്.

സിനിമയുടെ ആരംഭത്തിൽ തന്നെ ആന്റണിയുടെ വൃത്തിഹീനമായ മുറിയിലേക്ക് കടന്നുചെല്ലുന്ന നിർമാതാവ് ബേബി (മണിയൻപിള്ള രാജു) ദാഹം ഉണ്ടായിട്ടും അവിടെ നിന്നും ഒരു ഗ്ലാസ് വെള്ളം കുടിക്കാൻ പോലും തയ്യാറാകുന്നില്ല. 'വൃത്തിയില്ലാത്തവൻ തന്നെ' എന്ന് ആക്ഷേപിക്കുകയും ചെയ്യുന്നു. അടുക്കും ചിട്ടയും വൃത്തിയും വിധേയത്വവും ഉത്തരവാദിത്വബോധവും നമ്മൾതന്നെയെന്ന് ചിത്രം ഓർമ്മിപ്പിക്കുന്നു. എല്ലാറ്റിനും ഒരു പരിധി ഉണ്ടെന്നും വിവേകത്തോടെ പെരുമാറണമെന്നും ചിത്രം ഓർമിപ്പിക്കുന്നു. കുടുംബ ജീവിതത്തിനകത്തും പുറത്തും സൗഹൃദങ്ങൾക്കും സ്നേഹത്തിനും വിലയും മൂല്യവും നൽകുന്ന ആമസോൺ സിനിമ 'ഹോം' അതിഗംഭീരം. ഈ സിനിമയുടെ അഭിനേതാക്കൾക്കും സംവിധായകനും നിർമാതാവിനും അണിയറപ്രവർത്തകർക്കുമെല്ലാം നിറഞ്ഞ കൈയടി.

മൊബൈലിന്റെ ദൂഷ്യവശങ്ങൾക്കെതിരെയും മാതാപിതാക്കളെ ബഹുമാനിക്കേണ്ടതിന്റെ ആവശ്യകതയേയും കുറിച്ച് പതിവ് സാരോപദേശം പറയുന്ന നായക കഥാപാത്രത്തേക്കാൾ എത്രയോ അധികം സംവദിക്കാൻ 'ആ ഇരിക്കുന്നത് നിന്റെ തന്തയാടാ' എന്ന ഒറ്റ ഡയലോഗിന് (മഞ്ജുപിള്ള) കഴിയുന്നുണ്ട്. അതുതന്നെയാണ് സിനിമയുടെ വിജയവും. ഉപദേശങ്ങൾ ഇഷ്ടമല്ലാത്ത ഒരു തലമുറയ്ക്കായി തന്നെയാണ് ഈ സിനിമ.

കുടുംബത്തിനകത്തും പുറത്തും സൗഹൃദത്തിനും സ്നേഹത്തിനും വിലയുണ്ടെന്നും അതിനുവേണ്ടി യഥാർത്ഥലോകത്തിൽ (സൈബർ ലോകത്തിലല്ല) കുറച്ചുസമയവും, അധ്വാനവും ത്യാഗങ്ങളും സ്വീകരിക്കേണ്ടിവരുമെന്നും പറയുമ്പോൾ ഈ സിനിമയ്ക്ക് സുവിശേഷങ്ങളുടെ സുഗന്ധം നിറയുന്നുണ്ട്. അതുകൊണ്ടുതന്നെ അപ്പനും അമ്മയും മക്കളുമൊരുമിച്ചിരുന്ന് കാണണം ഈ സിനിമ.

● *വാൽക്കഷണം:* ക്രൈസ്തവ മൂല്യങ്ങൾ  സംവദിക്കുന്നുണ്ടെങ്കിലും ടി.വി. നോക്കിയിരുന്ന് ഒറ്റക്ക് കൊന്ത ചൊല്ലുന്ന ഒരൊറ്റക്കാര്യത്തിലേക്ക് ഈ കുടുംബത്തിന്റെ ക്രൈസ്തവ ജീവിതം ചുരുക്കിയതിനോട് യോജിക്കാനാവില്ല.



■■ പുസ്തകപരിചയം

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി




# ആർച്ച് ബിഷപ്പ് സൂസപാക്യം ഇടയവീഥിയിലെ സൂര്യതേജസ്

ആദ്ധ്യാത്മിക ശുശ്രൂഷയ്ക്കൊപ്പം സാമൂഹിക-സാംസ്കാരിക നവോത്ഥാനവും അതിരുവൽക്കരിക്കപ്പെട്ട പതിത ജനവിഭാഗത്തിന്റെ സമുദ്ധാരണവും രാഷ്ട്ര പുനർനിർമ്മാണ സംരംഭങ്ങളിലെ സക്രിയ പങ്കാളിത്തവും ഓഹരിയാക്കിയ മഹിതപൈതൃകം തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് സ്വന്തം. വിൻസെന്റ് ഡെരേരയ്ക്കുശേഷം വന്ന ബർണാഡ് പെരേരയും ജേക്കബ് അച്ചാരുപറമ്പിലും പിന്തുടർച്ചക്കാരനായി വന്ന സൂസപാക്യം പിതാവുമെല്ലാം ജനസാമാന്യത്തിന്റെയും പൊതുസമൂഹത്തിന്റെയും ഹൃദയങ്ങളിൽ കൂടുകെട്ടിയ അജപാലകരാണ്. ഇവരിൽ 31 വർഷക്കാലത്തെ അതിധന്യവും സ്വച്ഛവ്യതിരിക്തവുമായ ഇടയശുശ്രൂഷകൊണ്ട് ജ്വലിതാഭയോടെ നിൽക്കുന്ന ആർച്ച്ബിഷപ്പ് സൂസപാക്യം പിതാവിന്റെ ജീവിതവഴികളും അതിരൂപതയുടെ വികാസ പരിണതികളുടെ സമഗ്രചിത്രവും അവതരിപ്പിക്കുകയാണ് അധ്യാപകനും ഗ്രന്ഥകാരനുമായ ശ്രീ ഇഗ്നേഷ്യസ് തോമസ്. 'ആർച്ച് ബിഷപ്പ് സൂസപാക്യം ഇടയവീഥിയിലെ സൂര്യതേജസ്' എന്ന വരിഷ്ഠഗ്രന്ഥം അതിരൂപതയുടെ സർവതലസ്പർശിയായ ശില്പസുന്ദരചിത്രം അനാവൃതമാക്കുകയാണ്. മഹിതവും സഫലവുമായിരിക്കുന്നു ഇഗ്നേഷ്യസ് സാറിന്റെ ഈ സമീചീന സഞ്ചയിക. സൂസപാക്യം പിതാവിന്റെ അനുഗൃഹീത ജീവിതവും മൂന്നുപതിറ്റാണ്ടിലപ്പുറം നീണ്ട ഇടയശുശ്രൂഷയും അദ്ദേഹത്തെ വേറിട്ടു നിറുത്തുന്ന ദർശനധാരകളും വീക്ഷാപഥങ്ങളും നിപുണതയോടെ സമന്വയിച്ച് അവതരിപ്പിക്കുന്നതിൽ ഗ്രന്ഥകാരൻ തീർത്തും വിജയിച്ചിട്ടുണ്ട്. ആശംസകളെഴുതിയ കർദ്ദിനാൾ ആലഞ്ചേരി പിതാവും മാർ ജോഷാ പിതാവും ക്രിസ്തുദാസ് കൊച്ചുപിതാവും സാമുവൽ പിതാവും പൊന്നുമുത്തൻ പിതാവും തോമസ് തറയിൽ പിതാവും തൂങ്കുഴി പിതാവും മോൺ. ഡോ. നിക്കോളാസും അതിശയോക്തിലേശമില്ലാതെ പാക്യം പിതാവിന് ആദരപൂജയർപ്പിക്കുകയാണ്. പ്രശസ്ത സാഹിത്യകാരനും പെരേര തിരുമേനിയുടെ വാക്കുകളിൽ തിരുവനന്തപുരം അതിരൂപതയുടെ 'ദത്തുപുത്ര'നുമായ ഡോ. ജോർജ് ഓണക്കൂർ സാറിന്റെ ഘനശാലിയായ അവതാരണക്കുറുപ്പും സൂര്യതേജസ് അർത്ഥസാന്ദ്രവും ആശയമേദുരവുമാക്കുന്നു.

റോമിലെ ഉപരിപഠനത്തിനും മംഗലപ്പുഴ സെമിനാരിയിലെ വൈദികാർഥി പരിശീലനത്തിനും പ്രൊഫസർഷിപ്പിനും ശേഷം പരിപക്വമായ അജപാലന അവധാരണത്തിനുമൊക്കെയായ പിന്നാമ്പുറങ്ങളിലാണ് സൂസപാക്യം അതിരൂപതാധ്യക്ഷ സ്ഥാനത്തേക്ക് എത്തുന്നത്. കോട്ടാറിലെ ഒത്തുവാസത്തിനുശേഷം രൂപതയിൽ സമദൂഭൂതമായ നവോർജം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാക്കി. പുതിയൊരാകാശവും പുതിയ ഭൂമിയും പിതാവ് കാട്ടിക്കൊടുത്തു. കേരളത്തിലെ റോമൻസഭാ സമൂഹത്തെ ഏകോപിതമാനസരാക്കുകയെന്ന ചരിത്രപരമായ ശ്രേഷ്ഠദൗത്യം പാക്യം പിതാവ് അപാരധീരമായി തോളേറ്റു. അങ്ങനെ ചരിത്രത്തിലേക്ക് നേരെ നടന്നുകയറിയ ഒരിടയനും ഒരു അതിരൂപതയും... ശ്ലഥ സ്വഭാവിയായ ഒരു ജനപദത്തെ ദൈവജനമായി പരിവർത്തിപ്പിച്ച ഒരു ഇടയജീവിതം ഈ സൂര്യതേജസ്. ■

നേർക്കാഴ്ച

ജെ. സി.

# രാഷ്ട്രീയം, മതം, ജാതി ഭാരത സമൂഹത്തിൽ



രാഷ്ട്രീയ ചരിത്രം പരിശോധിക്കുമ്പോൾ ഇതര രാഷ്ട്രങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇന്ത്യൻ രാഷ്ട്രീയത്തിൽ മതത്തിന്റെയും ജാതിയുടെയും സ്വാധീനം വളരെ വലുതാണെന്ന് കാണാൻ കഴിയും. കോളനി വാഴ്ചക്കാലത്ത് തന്നെ മതങ്ങളെ ഭിന്നിപ്പിച്ച് അധികാരം നിലനിർത്താൻ ബ്രിട്ടീഷ് ഭരണകൂടം കൈക്കൊണ്ട തന്ത്രം ശ്രദ്ധേയമാണ്. രണ്ടു രാഷ്ട്രങ്ങൾ രൂപംകൊണ്ടതിനെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. ഭൂരിപക്ഷ വർഗീയതയായി ഹിന്ദു വർഗീയതയും ന്യൂനപക്ഷ വർഗീയതയായി മുസ്ലീം വർഗീയതയും ഇന്നത്തെ രാഷ്ട്രീയ സംവിധാനത്തെ സ്വാധീനിച്ചുകൊണ്ടേയിരിക്കുന്നു. സ്വാതന്ത്ര്യാനന്തര ഭാരതം വർഗീയതയ്ക്ക് അതീതമായി ഒരു സെക്കുലർ അഥവാ മതനിരപേക്ഷ നയമാണ് സ്വീകരിച്ചതെങ്കിലും, ഒരു സെക്കുലർ സമൂഹത്തെ രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല എന്നതാണ് സത്യം. ഭാരത സമൂഹത്തിൽ ജാതിവ്യവസ്ഥയുടെ സ്വാധീനം നമുക്കറിയാം. ഭാരതത്തിന്റെ രാഷ്ട്രീയ സംവിധാനത്തെ കാലാകാലങ്ങളിൽ നിയന്ത്രിച്ചിരുന്നത് സവർണ മേധാവിത്വം തന്നെയാണ്. പിന്നോക്ക ജാതികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് സാമൂഹ്യനീതി ഉറപ്പാക്കുന്ന ഒരു സമീപനമാണ് ആവശ്യമെന്ന് ഇന്ത്യൻ ഭരണഘടനാ ശില്പികൾ പ്രഖ്യാപിക്കുകയുണ്ടായി. 1990 കളിൽ മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തുടങ്ങിയതോടെ ഇന്ത്യൻ രാഷ്ട്രീയത്തിൽ പിന്നോക്ക ജാതികൾ മുഖ്യധാരാ രാഷ്ട്രീയത്തിന്റെ ഭാഗമാകാൻ തുടങ്ങി.

കേരളത്തിൽ രാഷ്ട്രീയം, മതം, ജാതി എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ ഭാരതത്തിന്റെ പൊതു സ്വഭാവത്തിന്റെ സ്വാധീനം കേരളത്തിലുണ്ടെങ്കിലും വർഗീയതയുടെ സ്വാധീനം കേരളത്തിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. കേരളത്തിന്റെ ഉയർന്ന വിദ്യാഭ്യാസമാണ് മതനിരപേക്ഷ ചിന്ത ഒരു പരിധിവരെ വളർത്തുവാൻ ഇടയാക്കിയത്. എന്നാൽ തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ മതത്തിന്റെയും ജാതിയുടെയും സ്വാധീനം വളരെ പ്രകടമാണ്. ഭാരതത്തിൽ വർഗീയത വളരെ ഗൗരവമായ പ്രശ്നങ്ങൾ ഉയർത്തുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. വർഗീയത ശക്തിപ്രാപിക്കുന്നതും വർഗീയ പ്രശ്നങ്ങൾ രാജ്യത്തിലാകമാനം വർധിച്ചുവരുന്നതുമാണ് സമകാലിക രാഷ്ട്രീയം പ്രകടമാക്കുന്നത്. ഭാരത്തിന് സ്വാതന്ത്ര്യം കിട്ടി 74 വർഷങ്ങൾ കഴിഞ്ഞിട്ടും ഇത് എന്തുകൊണ്ട് കുറയുന്നില്ല എന്നതിന് കാരണങ്ങൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. ഹിന്ദുത്വ പ്രസ്ഥാനങ്ങൾ ഇന്ത്യൻ രാഷ്ട്രീയത്തിൽ വേരുറച്ചതെങ്കിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ മതേതര സ്വഭാവത്തിന് വന്ന അപചയവും ഭരണരംഗത്തെ വീഴ്ചകളും ഇതിന് കാരണമായി ഭവിച്ചുവെന്ന കാര്യം നമുക്ക് വിസ്മരിക്കാനാവില്ല.

വർഗീയതയെപ്പറ്റിയുള്ള ഏത് പഠനവും സെക്കുലറിസത്തിന്റെ ദാർശനിക അടിത്തറയിലാണ് നടക്കേണ്ടത്. വർഗീയത തടയുക, മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദം വളർത്തിയെടുക്കുക എന്നീ രണ്ടുലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത്. മുസ്ലീം സമൂഹത്തെ തീവ്രവാദികളായി ചിത്രീകരിക്കാനും ഹൈന്ദവഭൂരിപക്ഷ വർഗീയതയെ ന്യായീകരിക്കാനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ബിജെപി പോലുള്ള വർഗീയ പാർട്ടികൾ ഇതുതന്നെയാണ് ചെയ്യുന്നത്. ഹൈന്ദവ വോട്ടുകൾ ധ്രുവീകരിച്ച് മുസ്ലീം സമുദായത്തെ ഒറ്റപ്പെടുത്തുവാൻ നടത്തിയ തന്ത്രമാണിത്. ബഹുരാഷ്ട്ര കുത്തകകളുടെ സഹായത്തോടെ മോദി ഗുജറാത്ത് വികസന മോഡൽ മുന്നിൽ കാട്ടിയാണ് പ്രധാനമന്ത്രിപദത്തിലേക്ക് വരാനുള്ള വഴി ഒരുക്കിയത്. ഈ പ്രക്രിയയെ തന്ത്രപരമായി നേരിടാൻ കോൺഗ്രസിന് കഴിയുന്നില്ല. ഒപ്പം ദുർബലമായ ഒരു നേതൃത്വമാണ് അവർക്കുള്ളതും. ഇന്ത്യൻ ഭരണഘടന ശില്പിയായ ഡോ. അംബേദ്കർ ഇപ്രകാരം പറയുകയുണ്ടായി, അടിച്ചമർത്തപ്പെട്ടവരുടെ ശക്തീകരണത്തിനുവേണ്ടി നിലകൊള്ളുന്നില്ലെങ്കിൽ നമ്മുടെ ജനാധിപത്യം നിരർത്ഥകമായിമാറും.


വിശുദ്ധ കൊച്ചുത്രേസ്യ ദൈവാലയം
വെള്ളയമ്പലം, തിരുവനന്തപുരം
ഇടവക മദ്ധ്യസ്ഥ
തിരുനാൾ
2021 ഒക്ടോബർ 01 മുതൽ 03 വരെ
ഒക്ടോബർ 01 വൈകിട്ട് 5.30 ന്
കൊടിയേറ്റ്
വൈകിട്ട് 5.45 ന്
ദിവ്യബലി
ഒക്ടോബർ 02 വൈകിട്ട് 5.30 ന്
ദിവ്യബലി
തിരുനാൾദിനം
ഒക്ടോബർ 03 ഞായർ 6.40 ന്
ദിവ്യബലി
രാവിലെ 8 ന്
തിരുനാൾ ദിവ്യബലി
രാവിലെ 9.30 ന്
ദിവ്യബലി (ഇംഗ്ലീഷ്)
തിരുന്നാൾ ആഘോഷങ്ങൾ കോവിഡ് മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കും

Total Page 44

Pub. Date : 01.09.2021

RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




# CARMEL GIRLS' HIGHER SECONDARY SCHOOL

VAZHUTHACAUD, THYCAUD P.O.
THIRUVANANTHAPURAM, KERALA 695014
TEL. 0471-2327025, 2337025, 2736025

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto